മി. സ്പീക്കർ : ഇത്രതന്നെയാണു് വിദ്യാഭ്യാസമന്ത്രി പറഞ്ഞതു്. ഇതൊക്കെ ചേമ്പറിൽ വന്നു പറഞ്ഞാൽ പോരെ ?

ശ്രീ. എം. രാമുണ്ണി : സർ, ഞങ്ങൾക്കു് ഇന്നു് സീക്രറേറിയറ്റ് സംസാരിക്കാൻ പറ്റാത്ത പല സാഹചര്യങ്ങളുണ്ടു്. എം.എൽ.എ. കോർട്ടേഴ്സു് അങ്ങയുടെ നിയന്ത്രണത്തിലാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ആരെയെങ്കിലും ഫോണിൽവിളിച്ചാൽ കിട്ടാത്ത ഒരു സ്ഥിതിയുണ്ടു്. അതുകൊണ്ടു് ഇതിനെപ്പറ്റി അങ്ങു് ഒന്നു അന്വേഷിക്കണമെന്നു് അഭ്യർത്ഥിക്കുകയാണു്.

മി. സ്പീക്കർ : അന്വേഷിക്കാം.

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ : സർ, ഞാൻ റൂം 61 അനുസരിച്ചു് ഒരു നോട്ടീസു് കൊടുത്തിരുന്നു. ഇപ്പോഴും അതിനെസംബന്ധിച്ചു് യാതൊരു വിവരവുമില്ല.

മി. സ്പീക്കർ : അതിനെപ്പറ്റിയും അന്വേഷിക്കാം.

IV. LEGISLATIVE BUSINESS

The Kerala Panchayati Raj Bill, 1967

Mr. Speaker : Now we will continue the general discussion on the Kerala Panchayati Raj Bill, 1967.

Shri K. Moideenkutty Haji : Sir, Mr. Ahammed was speaking on the Bill the other day.

Mr. Speaker : Then Mr. Ahammed can continue his speech.

ശ്രീ. ഇ. അഹമ്മദു് : സർ, കഴിഞ്ഞതവണ സഭ പിരിയുമ്പോൾ ഈ ബില്ലിനെ സംബന്ധിച്ച ചർച്ച തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. ഈ ബില്ലിനെ സംബന്ധിച്ചും ഈ ബില്ലിലെ പല വ്യവസ്ഥകളെ സംബന്ധിച്ചും ബഹുമാനപ്പെട്ട പല മെമ്പറന്മാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളും ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. സർ, ഈ ബില്ലു് ജില്ലാഭരണത്തെ സംബന്ധിച്ചിടത്തോളവും പഞ്ചായത്തുഭരണത്തെ സംബന്ധിച്ചിടത്തോളവും വളരെ പ്രധാനപ്പെട്ടതാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ ഇൻഡ്യൻ ഭരണഘടന നിലവിൽ വന്നപ്പോൾ ആ ഭരണഘടനയിൽ വിഭാവനംചെയ്തതായിരുന്ന ജനാധിപത്യഭരണം നടപ്പിലാക്കുകയെന്നുള്ളതു്. ജനാധിപത്യഭരണം എന്നതിനെസംബന്ധിച്ചു് നമ്മുടെ ഭരണഘടന വിഭാവനചെയ്തിരുന്നതു് ഏതാനുമാളുകളുടെ കൈയിലേക്കു് അധികാരം വികേന്ദ്രീകരിക്കപ്പെടുകയെന്നുള്ളതായിരുന്നില്ല. പ്രത്യുത, സാധാരണജനങ്ങളിലേക്കു്, ഗ്രാമങ്ങളിലെ ജനങ്ങളിലേക്കു് അധികാരം പകരുകയെന്നുള്ളതായിരുന്നതുകൊണ്ടു് ഉദ്ദേശിച്ചിരുന്നതു്. തികച്ചും ജനാധിപത്യഭരണക്രമം വിഭാവനചെയ്യുന്ന ഒരു ഭരണഘടനയ്ക്കു് രൂപംനൽകി വളരെവർഷങ്ങൾ കഴിഞ്ഞിട്ടും ഗ്രാമീണജനങ്ങളിലേക്കു് അധികാരം പകർന്നുകൊടുത്തു് യഥാർത്ഥ ജനകീയഭരണം നടപ്പിൽ വരുത്താൻ നമുക്കു സാധിച്ചിട്ടില്ലെന്നുള്ളതു് വളരെ ഖേദകരമായ ഒരു വസ്തുതയാണു്.

സർ, രണ്ടാം പഞ്ചവത്സരപദ്ധതിക്കു് രൂപംനൽകിയപ്പോൾ വളരെ വ്യക്തമായി ഈ വസ്തുത പ്രഖ്യാപിച്ചിരുന്നു. ജില്ലാഭരണത്തെ സംബന്ധിച്ചും ഗ്രാമപഞ്ചായത്തുകളുടെ ഭരണത്തെ സംബന്ധിച്ചും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ സവിസ്തരം പ്രതിപാദിച്ചിരുന്നു. രണ്ടാം പഞ്ചവത്സരപദ്ധതി ഈ രാജ്യത്തിന്റെ മുമ്പാകെ അവതരിപ്പിച്ചപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യമെന്നുള്ളനിലയിൽ അതിന്റെ ആമുഖമായി ഇങ്ങിനെ പറഞ്ഞിരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

" District administration is an agency of change towards a new social order. It has to respond to the needs and aspirations of the people. It will be judged both by the practical results it produces and by the methods and institutions of popular association which it integrates into its basic structure."

രണ്ടാം പഞ്ചവത്സരപദ്ധതി കഴിഞ്ഞിട്ടും, മൂന്നാം പഞ്ചവത്സരപദ്ധതി കഴിഞ്ഞിട്ടും നമ്മുടെനാട്ടിൽ ഗ്രാമപഞ്ചായത്തുകൾക്കു് യഥാർത്ഥമായ അധികാരം പകർന്നുകൊടുക്കുന്നതിനും ഭരണവ്യവസ്ഥ വേണ്ടത്രനിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും സാധിച്ചിട്ടില്ല. ഇൻഡ്യയുടെ പലഭാഗങ്ങളിലും പല സംസ്ഥാനങ്ങളിലും ജില്ലാപരിഷത്തുകളും ഗ്രാമപഞ്ചായത്തുകളും യഥാർത്ഥമായ അധികാരവികേന്ദ്രീകരണത്തോടുകൂടി പ്രവർത്തിച്ചുതുടങ്ങിയിട്ടും കേരളത്തിൽ അതു നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ പശ്ചാത്തലത്തിലാണു് ഈ കേരള പഞ്ചായത്തുരാജ്ബിൽ ഈ സഭയിൽ അവതരിപ്പിക്കുകയും സെലക്ടുകമ്മിറ്റിക്കു പോകുകയും സെലക്ടുകമ്മിറ്റി ഇന്നത്തെ രൂപത്തിൽ അവതരിപ്പിക്കുകയുംഒക്കെ ചെയ്തതു്. സർ, ഈ ബില്ലിന്റെ പ്രീയാമ്പിളിൽ

" Whereas it is necessary to provide for a democratic and decentralised system of administration at district level by constituting district councils and delegating certain powers and functions of the State Government to such district councils. "

എന്നാണു് പറയുന്നതു്. 'delegating certain powers and functions of the State Government to such district councils— എന്നതുകൊണ്ടു് ഈ ബില്ലിലെ വ്യവസ്ഥയിലൂടെ ഉദ്ദേശിക്കുന്നതു് ഈ രാജ്യത്തെ സാധാരണ ജനങ്ങളിലേക്കു് ക്രമമായി അധികാരം പകർന്നുകൊടുക്കുകയെന്നുള്ളതാണു്. ഗ്രാമതലത്തിലേക്കു് അധികാരം പകർന്നുകൊടുത്തുകൊണ്ടുള്ള അധികാരവികേന്ദ്രീകരണം വരുമ്പോൾ എന്തെല്ലാം അധികാരങ്ങളാണു് പഞ്ചായത്തുകൾക്കും, താലൂക്കുസമിതികളുണ്ടെങ്കിൽ അവയ്ക്കും, അവയ്ക്കുമുകളിൽ ജില്ലാസമിതികളുണ്ടെങ്കിൽ അവയ്ക്കും ഉള്ളതെന്നു് വ്യക്തമായും വേർതിരിച്ചു പറഞ്ഞിരിക്കണം. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഈ ബില്ലിലെ പല വ്യവസ്ഥകളെ സംബന്ധിച്ചും പലർക്കും പല വിധമായ അഭിപ്രായങ്ങളുണ്ടായിരിക്കും. പക്ഷെ, അധികാരവികേന്ദ്രീകരണമെന്നതുകൊണ്ടു് നമ്മൾ ഉദ്ദേശിക്കുന്നതു് താഴെക്കിടയിലേക്കു് അധികാരം പകർന്നുകൊടുക്കുകയെന്നുള്ളതാണെന്നു് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു. അപ്പോൾ, താഴെക്കിടയിലുള്ള ഗ്രാമപഞ്ചായത്തുകൾക്കുള്ള അധികാരങ്ങൾ ഇന്നതൊക്കെയാണെന്നു് വ്യക്തമായും നിർവചിച്ചിരിക്കണം. അതുപോലെതന്നെ ജില്ലാതലത്തിലുള്ള സമിതിക്കുള്ള അധികാരങ്ങൾ ഇന്നതൊക്കെയാണെന്നു് വ്യക്തമായും നിർവചിച്ചിരിക്കണം. അതല്ലാതെ പഞ്ചായത്തുകൾക്കു് കുറെ അധികാരങ്ങൾ കൊടുത്തിട്ടു് ആ അധികാരത്തിനുമേൽ ജില്ലാസമിതിക്കു് ഇഷ്ടംപോലെ ഇടപെടാൻ അധികാരംകൊടുക്കുക, അതുപോലെതന്നെ ജില്ലാസമിതിക്കു് ചില അധികാരങ്ങൾ കൊടുത്തിട്ടു് അതിന്റെമേൽ സംസ്ഥാനഗവണ്മെന്റിനു് ഇഷ്ടംപോലെ ഇടപെടാൻ അധികാരംകൊടുക്കുക ഇതെല്ലാം നമ്മുടെ ഭരണഘടന വിഭാവനംചെയ്യുന്ന, ഭരണഘടനയുടെ 4–ാം ഭാഗത്തു പറയുന്ന, വളരെ വ്യക്തമായും നിർദ്ദേശിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തും പഞ്ചായത്തുരാജും നടപ്പാക്കാൻ സഹായകമല്ല. സർ, ഈ അവസരത്തിൽ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചു് വളരെയേറെ ഉറക്കെ ചിന്തിച്ചിട്ടുള്ള ഒരു ബഹുമാന്യനേതാവു്, ശ്രീ. ജയപ്രകാശ് നാരായണൻ പറഞ്ഞിട്ടുള്ളതിന്റെ ഒരു ഭാഗം ഇവിടെ വായിക്കാൻ ഞാനാഗ്രഹിക്കുകയാണു്.

" It is not as if the block council is above the village council or the district council is above the block council, or the State Government is above all these three, and the Central Government is above all of them. There are

LIBRARY ARCHIVES Kerala Legislative Assembly

certain activities, there are certain functions, there are certain powers, which in their very nature have to be performed by one or the other of these, and in those fields there should be no interference from above."

പക്ഷെ, സർ ഇന്നു് എത്രകൊണ്ടോ ജനാധിപത്യത്തെ സംബന്ധിച്ചും അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചും വളരെയധികം പ്രസംഗിക്കുന്ന ആളുകൾതന്നെ അതിനെസംബന്ധിച്ചു് വളരെയധികം ഘോഷിക്കുന്ന ആളുകൾതന്നെ ആ അധികാരം മറ്റുള്ളവർക്കു് പകർന്നുകൊടുക്കാൻ സന്നദ്ധരാകുന്നില്ല. ഇതു നമ്മൾ പലപ്പോഴും കണ്ടുകഴിഞ്ഞ ഒരു സത്യമാണു് ഈ ബില്ലിലെ ചിലവ്യവസ്ഥകളും അതിനുപറഞ്ഞിയവിധത്തിലാണോ എന്നു് എനിക്കു സംശയമുണ്ടു്. ഉദാഹരണത്തിനു് മുനിസിപ്പാലിറ്റികൾക്കും കാർപ്പറേഷനുകൾക്കും ചില അധികാരങ്ങൾ നിയമപരമായി നൽകിയിട്ടുണ്ടു്. പക്ഷെ ഈ ബില്ലിലെതന്നെ ചില വ്യവസ്ഥകൾ അനുസരിച്ചു് ഡിസ്ട്രിക്ടു് സമിതിക്കു് മുനിസിപ്പാലിറ്റികളും കാർപ്പറേഷനുകളും എടുക്കുന്ന തീരുമാനങ്ങളെമാറ്റാനും മറിക്കാനും അധികാരം നൽകിയിട്ടുണ്ടു്. കാർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും തെരഞ്ഞെടുക്കപ്പെടുന്ന സമിതികളാണു്. ജില്ലാസമിതികളും തെരഞ്ഞെടുക്കപ്പെടുന്ന സമിതികളാണു്. കാർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും അധികാരത്തിന്മേൽ over-all supervisory power കൊടുക്കുന്നതിൽ യാതൊരു തടസ്സവുമില്ല. പക്ഷെ കാർപ്പറേഷനെപ്പോലെയും മുനസിപ്പാലിറ്റിയെപ്പോലെയും തെരഞ്ഞെടുക്കപ്പെടുന്ന സമിതികൾ എടുക്കുന്ന തീരുമാനങ്ങൾ മാറ്റാൻ ജില്ലാസമിതിക്കു് അധികാരംകൊടുത്താൽ പിന്നെ ഇവിടെ ജനാധിപത്യപരമായ അധികാര വികേന്ദ്രീകരണം സാധ്യമല്ലാതായിത്തീരും. ഇതു് ഞാൻ ചൂണ്ടിക്കാണിക്കാൻ കാരണം, പഞ്ചായത്തുകൾക്കുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്നു് വളരെ കർശനമായി, വളരെ കണിശമായി നിർവചിച്ചിട്ടില്ല. ജില്ലാസമിതികൾക്കുള്ള അധികാരങ്ങളെന്തെല്ലാമാണെന്നും വ്യക്തമാക്കിയിട്ടില്ല. സംസ്ഥാനഗവണ്മെന്റു് പലതരത്തിലും ജില്ലാസമിതികളുടെ അധികാരങ്ങളിൽ കൈകടത്തുകയും ജില്ലാസമിതികൾ പലതരത്തിലും കാർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടെയും അധികാരങ്ങളിൽ കൈകടത്തുകയും ചെയ്താൽ നമ്മൾ വിഭാവന ചെയ്യുന്ന അധികാരവികേന്ദ്രീകരണം സാധ്യമല്ലാതെ വരുമെന്നാണു് എന്റെ വ്യക്തമായ അഭിപ്രായം. അതുകൊണ്ടു് ഓരോ സമിതിക്കുമുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്നു് ബില്ലിൽകൂടി വളരെ വ്യക്തമായി പറഞ്ഞിരിക്കണം.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ബഹുമാനപ്പെട്ട അഹമ്മദു പറഞ്ഞതനുസരിച്ചാണെങ്കിൽ പഞ്ചായത്തുകൾക്കു് പഞ്ചായത്താകുടുണ്ടു്. ആ ആകുടനുസരിച്ചു പ്രവർത്തിക്കാനുള്ള അധികാരവും അവകാശവും പഞ്ചായത്തുകൾക്കു് നിലവിലിരിക്കെ പഞ്ചായത്തുകളെസംബന്ധിച്ചു് എന്തിനാണു് ഇതിൽ പറയുന്നതു്. ഇതുമായി ബന്ധിപ്പിക്കാതെപോയാൽ പോരെ?

ശ്രീ. ഇ. അഹമ്മദു്: പഞ്ചായത്തിനേറമേലുള്ള കൈകടത്തലിനെ സംബന്ധിച്ചുമാത്രമല്ല പറഞ്ഞതു്. ഓരോസമിതിക്കും അതിനേറതായ അധികാരങ്ങൾ ഇന്നതാണെന്നു് വ്യക്തമായും ചൂണ്ടിക്കാണിച്ചിരിക്കണം.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള: ഈ ബില്ലുകൊണ്ടു് പ്രധാനമായി നാം ഉദ്ദേശിക്കുന്നതു് ജില്ലാതലത്തിലുള്ള ഭരണസംവിധാനക്രമമാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർ വിസ്മരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദു്: വിസ്മരിക്കാതെയാണു് ഞാൻ സംസാരിക്കുന്നതു്. ബഹുമാനപ്പെട്ട കുഞ്ഞുകൃഷ്ണപിള്ള ഒരു സംശയംചോദിക്കുകയുണ്ടായി. ഈ ബില്ലിൽതന്നെ 45-ാം ക്ലോസ്സിൽ എന്തെല്ലാം അധികാരങ്ങളാണു് പഞ്ചായത്തുകൾക്കു് നൽകേണ്ടതെന്നു് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും സബ്ക്ലാസ്സു് (2) ൽ subject to the provisions of this Act and the Kerala Panchayats Act

LIBRARY ARCHIVES Kerala Legislative Assembly

960 (32 of 1960) the Panchayats shall have exclusive power to administer the subjects mentioned in Schedule VI of the said Act.....' എന്നു പറയുന്നുണ്ട്. ഷെഡ്യൂൾ 7 ലും എല്ലാഅധികാരങ്ങളും പഞ്ചായത്തുകൾക്കുതന്നെയാണു്. അതുവളരെ നന്നായിട്ടുണ്ടു്, വളരെ വ്യക്തമായിട്ടുണ്ടു്. അതിൽ യാതൊരു സംശയവുമില്ല. പക്ഷേ അതേ അവസരത്തിൽ,

45 (3): "Subject to the Provisions of this Act or any other Act for the time being in force, a district council shall exercise general supervision and control over the functioning of the local governments within its jurisdiction" എന്നു പറയുന്നുണ്ടു്.

അപ്പോൾ മുനിസിപ്പാലിറ്റിയോ, പഞ്ചായത്തോ എടുക്കുന്ന എന്തു തീരുമാനങ്ങളെസംബന്ധിച്ചും അവസാനമായി തീരുമാനമെടുക്കാനുള്ള അധികാരം ജില്ലാ സമിതിക്കു് കൊടുത്തിട്ടുണ്ടു്. അതു ശരിയല്ല. ഉദാഹരണമായി പഞ്ചായത്തുകൾക്കുള്ള അധികാരം റോഡു വെട്ടുന്നതിനാണു് എന്നിരിക്കട്ടെ. ആ റോഡു് എങ്ങനെ വെട്ടണമെന്നും എവിടെ വെട്ടണമെന്നും തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തിനു കൊടുക്കണം. പക്ഷേ ആ തീരുമാനത്തിൽ ഇടപെടാനുള്ള അധികാരം ജില്ലാസമിതിക്കു കൊടുക്കുകയാണെങ്കിൽ നാം ഉദ്ദേശിക്കുന്നവിധത്തിലുള്ള അധികാരവികേന്ദ്രീകരണം നടക്കുകയില്ല. സർ, ഇവിടെ രണ്ടു പ്രിൻസിപ്പിൾസാണു് സ്വീകരിച്ചിട്ടുള്ളതു്. ഒന്നു്, അധികാരവികേന്ദ്രീകരണം നടപ്പിലാക്കുക. അധികാരവികേന്ദ്രീകരണം നടപ്പിലാക്കുകയാണെങ്കിൽ പഞ്ചായത്തുകൾക്കു് അല്ലെങ്കിൽ ഗ്രാമങ്ങളിലുള്ള ഭരണസമിതികൾക്കു് അല്ലെങ്കിൽ ജില്ലാ സമിതികൾക്കു് എന്തെല്ലാം അധികാരം കൊടുക്കണം? എല്ലാ അധികാരങ്ങളും ഒന്നിച്ചു വിട്ടുകൊടുക്കണമോ? അതോ ഉള്ള അധികാരങ്ങൾ ക്രമമായി വിട്ടുകൊടുക്കണമോ? ഏതാണു ചെയ്യേണ്ടതു്? അധികാരവികേന്ദ്രീകരണം വേണമെന്നു് നമ്മളെല്ലാവരും സമ്മതിക്കും. അധികാരവികേന്ദ്രീകരണം ക്രമപ്രവൃദ്ധമായ നിലയ്ക്കു നടപ്പിലാക്കണം എന്താണു ഞാൻ പറയുന്നതു്". സർ, ഞാൻ ഇതു പറയാൻകാരണം ജില്ലാഭരണത്തെ പുനഃസംഘടിപ്പിക്കുക എന്നു് പ്രിയാമ്പിളിൽ പറഞ്ഞിരിക്കുന്നതുകൊണ്ടാണു്, ജില്ലാഭരണത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കണ്ണിയാണു് ജില്ലാ കളക്ടർ. ഈ ബില്ലിൽ ഒരിടത്തും ജില്ലാ കളക്ടറെപ്പറ്റി പറയുന്നില്ല. അതു വേണ്ടായിരിക്കാം അധികാരവികേന്ദ്രീകരണം വികസനപരമായ കാര്യങ്ങൾക്കുവേണ്ടി വിഭാവനംചെയ്യുന്ന ഒരു ബിൽ ആയതുകൊണ്ടു് ജില്ലാ കളക്ടർക്കു് ഇതിൽ യാതൊരു പങ്കാളിത്തവും ഇല്ലെന്ന അനുമാനത്തിലെത്താം പക്ഷേ ഡിസ്ട്രിക്ട് കളക്ടർ എന്ന തസ്തിക ഇതുകൊണ്ടു നഷ്ടപ്പെടുമെന്നു് എനിക്കു തോന്നുന്നില്ല. ജില്ലാ കളക്ടറുടെ പേരു് എങ്ങനെതന്നെ മാറ്റിയാലും അദ്ദേഹത്തിനുള്ള അധികാരങ്ങളിൽപലതും ഈ ബിൽ വരുന്നതുകൊണ്ടു് ഇല്ലാതാകുകയില്ല. ഒന്നാമത്തെ ഷെഡ്യൂളിൽ 144-ാം വകുപ്പുപ്രകാരം ജില്ലാസമിതിക്കു് നൽകേണ്ട ഉത്തരവാദിത്വങ്ങളും വകുപ്പുകളും എന്തൊക്കെയാണെന്നു് ബില്ലിൽ പറഞ്ഞിട്ടുണ്ടു്. ബഹുമാനപ്പെട്ട പഞ്ചായത്തുമന്ത്രി സെലക്ട്കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള പഞ്ചായത്തുരാജു് ബിൽ നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ടു സംസാരിച്ച സന്ദർഭത്തിൽ പറഞ്ഞു ഇതിന്റെ ഒന്നാമത്തെ ഷെഡ്യൂളിലുള്ള പലയിനങ്ങളും ഭരണഘടനയുടെ കൺകറന്റു് ലിസ്റ്റിൽ ഉൾപ്പെട്ടതായതുകൊണ്ടു് അതുമുഴുവനും ജില്ലയ്ക്കു വിട്ടുകൊടുക്കാൻ വളരെ പ്രയാസമുണ്ടു എന്നു്. ആ കണക്കിൽ നോക്കുകയാണെങ്കിൽ 1-ാം ഷെഡ്യൂളിലെ 4-ാം വകുപ്പുപ്രകാരമുള്ള സിവിൽ ഡിഫൻസു് 6-ാം വകുപ്പുപ്രകാരമുള്ള തീപിടിത്തനിയന്ത്രണം 7-ാം വകുപ്പുപ്രകാരമുള്ള മോട്ടോർവാഹനങ്ങളുടെ നിയന്ത്രണം 8-ാം വകുപ്പുപ്രകാരമുള്ള തൂക്കങ്ങളുടെയും അളവുകളുടെയും നിയന്ത്രണം എന്നീ അധികാരങ്ങളും ജില്ലാസമിതിക്കു കൊടുക്കാൻ പ്രയാസമായിരിക്കുമെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അപ്പോൾ കൺകറന്റു് ലിസ്റ്റിലുള്ള അധികാരങ്ങളും ജില്ലാസമിതിക്കു് നൽകുന്നില്ലെങ്കിൽ ഇപ്പോഴുള്ള

LIBRARY ARCHIVES Kerala Legislative Assembly

പരിമിതമായ അധികാരങ്ങളും വച്ചുനോക്കുമ്പോൾ കുറച്ചുകൂടി അധികാരമുള്ള ഒരു വികസന സമിതിയുടെ രൂപം മാത്രമായേ കാണാൻ കഴിയുകയുള്ളൂ. പിന്നെ കുറച്ചുപ്രധാനമായി അവശേഷിക്കുന്നതു് അഗ്രിക്കൾച്ചർ, ഹെൽത്തു്, പൊതുമരാമത്തു തുടങ്ങിയ വകുപ്പുകളാണു്. അങ്ങനെയുള്ള വകുപ്പുകളും മാത്രം നടപ്പിൽവരുത്തുകയാണെങ്കിൽ ഇന്നു ജില്ലാ കളക്ടർ വഹിക്കുന്ന അധികാരങ്ങളിന്മേൽ തീരുമാനമെടുക്കാനും നടപടിനടത്താനും ഒരു ഉദ്യോഗസ്ഥൻ വേണ്ടിവരും. ആ ഉദ്യോഗസ്ഥൻ ജില്ലാ കളക്ടർ എന്ന പേരിലോ മറെറന്തു പേരിലോ ആയാലും അതു ഒഴിച്ചുകൂടാൻ വയ്യാത്തതായിരിക്കും. ഇന്നു ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളിൽ പ്രധാനമായ ഒന്നു് ലാ ആൻഡു് ആർഡറാണു്. പോലീസിന്റെ അധികാരം ജില്ലാ സമിതിക്കു് നൽകാൻ ഈ ബില്ലിൽ വ്യവസ്ഥചെയ്യുന്നില്ല. അങ്ങനെയുള്ള അഭിപ്രായവും എനിക്കില്ല. ലാ ആൻഡു് ആർഡർ ജില്ലാ കളക്ടറിൽനിന്നു് എടുത്തുകളയാത്തിടത്തോളം കാലം ആ അധികാരങ്ങളും ജില്ലാ കളക്ടർക്കാണു്. അപ്പോഴും ഈസമിതി നിലവിൽവന്നാലോ? ഈ സമിതിക്കു് വെറും വികസനപരമായ കാര്യങ്ങളുംമാത്രം ഏല്പിച്ചുകൊടുക്കുകയും പോലീസുപോലുള്ള മറു കാര്യങ്ങളും ഏല്പിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുമ്പോൾ പോലീസിനു് നടപടിയെടുക്കാൻ വേറെ ഒരു ആഫീസറെ നിയമിക്കേണ്ടിവരും. ഇന്നു് ജില്ലാ കളക്ടർക്കു മറൊരു അധികാരംകൂടിയുണ്ടു്. എല്ലാ വകുപ്പുകളെയും ഏകീകരിക്കുന്ന ഒരു കോ—ഓർഡിനേറിംഗു് ഫാക്ടർ ആണു് ജില്ലാ കളക്ടർ. 1—ാമത്തെ ഷെഡ്യൂളിൽ പറയുന്ന ഐറ്റംസു് വച്ചു കണക്കാക്കുകയാണെങ്കിൽ പല അധികാരങ്ങളും വീണ്ടും ജില്ലാ ലെവലിൽത്തന്നെ നിൽക്കുന്നുണ്ടു്. ഇൻഡസ്ട്രീസു്, ഇൻസു്പെക്ഷൻ ഓഫു് ഫാക്ടറീസു് ആൻഡു് ബോയിലേഴ്സു്, പ്രൊമോഷൻ ഓഫു് ലേബർ വെൽഫെയർ ഇങ്ങനെയുള്ള കാര്യങ്ങളും ജില്ലാ ആഫീസർമാർ നടത്തിക്കൊണ്ടുപോകുന്നതിനു് ഒരു ശക്തി ജില്ലാകളക്ടറാണു്.

സർ, മറൊരു കാര്യം എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു് ഈ ബില്ലിൽ ഞാൻ മനസ്സിലാക്കിയിടത്തോളം കാണുന്ന ചില അവ്യക്തതയെ സംബന്ധിച്ചാണു്. ഈ ബില്ലിൽ പല കാര്യങ്ങളും വളരെ "വേഗാ"യി കൊടുത്തിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അതിൽ വളരെ പ്രധാനപ്പെട്ടതു് ഫൈനാൻസിനെ സംബന്ധിച്ചാണു്. ജില്ലാസമിതിക്കു് ഫൈനാൻസിനെസംബന്ധിച്ചു പല അധികാരങ്ങളും ഈ ബില്ലിൽ നൽകിയിട്ടുണ്ടു്. സാമ്പത്തികമായ സ്വയംപര്യാപ്തത ലഭിക്കാത്ത ജില്ലാസമിതി ആയാലും പഞ്ചായത്തുകളായാലും എത്രതന്നെയായാലും അതിനു് നിലനിൽക്കാനുള്ള സാധ്യത വളരെ വിരളമാണു്. അതു് വളരെ വ്യക്തമാക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. ക്ലോസു് 54—ൽ പറയുന്നതു്.

54: "All moneys received by the district council shall constitute a fund which shall be called the district council fund and shall be applied and disposed of subject to the provisions of this Act and the rules made thereunder" എന്നാണു്. ജില്ലാ കൗൺസിലിനു് ലഭിക്കുന്ന പണമെല്ലാം ജില്ലാകൗൺസിൽ ഫണ്ടായി ഉപയോഗിക്കണം. അതു് എങ്ങനെ ഉപയോഗിക്കണമെന്നും എതെല്ലാംവിധത്തിൽ ഉപയോഗിക്കണമെന്നും ഉള്ളതിനെസംബന്ധിച്ചു് ഈ ബില്ലിലെ വ്യവസ്ഥകളനുസരിച്ചും ഇനി ഉണ്ടാകാവുന്ന മറു ചട്ടങ്ങളനുസരിച്ചും ആയിരിക്കണം വ്യവസ്ഥചെയ്യാൻ. ഇന്നുള്ള ആക്ടു് അനുസരിച്ചു് 55-ാമത്തെ ക്ലോസിൽ മാത്രമാണു് എക്സ്പെൻഡിച്ചറിനെസംബന്ധിച്ചു പറയുന്നതു്, ഇന്നു് സർച്ചെസു് ടാക്സു് പിരിക്കുന്നതു് സ്റ്റേറ്റു് ഗവണ്മെൻറാണു്. അതു് ജില്ലാ കൗൺസിൽ പിരിക്കുകയാണെങ്കിൽ അതു് ജില്ലയുടെ പണമായി മാറുമെന്നാണു് എന്റെ അഭിപ്രായം.

എന്നാൽ ഇനി, പിരിക്കുന്ന പണം ഗവണ്മെൻറിലേക്കു് തിരിച്ചുകൊടുക്കണമോ? അതിനെക്കുറിച്ചു ചട്ടങ്ങളുണ്ടാക്കാമെന്നു് വേണമെങ്കിൽ വാദത്തിനുവേണ്ടി മറുപടി പറഞ്ഞേക്കാം. അങ്ങനെയൊരു നിയമം ഉണ്ടാക്കുമ്പോൾ ചില കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

മുൻകൂട്ടി കണ്ടറിയേണ്ടതേയിട്ടുണ്ട്. ജില്ലാസമിതിയും സ്റ്റേറ്റ് ഗവണ്മെൻറുമായി എപ്പോഴെങ്കിലും ഉടക്കിൽ ഉണ്ടാകുമ്പോൾ all moneys received by the district council എന്നതിനെസംബന്ധിച്ച തർക്കങ്ങൾ ഉണ്ടാകാൻ ഇടയുണ്ട്. സംസ്ഥാനഗവണ്മെൻറിൻെറ ഏജൻസി എന്നുള്ള നിലയ്ക്കാണ് പണം പിരിച്ചതെങ്കിൽ സംസ്ഥാനഗവണ്മെൻറിനു അതിനുമേൽ എന്തെല്ലാം കൺട്രോൾ ഉണ്ട്? കൺട്രോൾ ഇല്ലെങ്കിൽ ജില്ലാസമിതിക്ക് ആ പണം എങ്ങനെയെല്ലാം വ്യയംചെയ്യാനുള്ള അധികാരമുണ്ട്? വ്യയംചെയ്യുമ്പോൾ സംസ്ഥാനഗവണ്മെൻറ് അതിൽ ഇടപെടുമോ? ഈ കാര്യങ്ങൾ ഈ ബില്ലിൽ കണിശമായും വ്യക്തമാക്കണമെന്നാണ് എൻെറ അഭിപ്രായം. വ്യക്തമാക്കാതെ ഈ നിലയ്ക്ക് വിടുകയാണെങ്കിൽ കോർപ്പറേഷൻ ആകുമ്പോൾ ഇന്നുള്ള ചില വ്യവസ്ഥകളും അതേപടി എടുത്തുചേർത്തതായി മനസ്സിലാക്കുക. കോർപ്പറേഷൻ ആകുമ്പോൾ ഇപ്പോൾ പറയുകയാണെങ്കിൽ ഇന്ന് പഞ്ചായത്തുകൾക്കു ലഭിക്കുന്ന അധികാരങ്ങളേക്കാളും കുറവായിരിക്കും കോർപ്പറേഷനു കൊടുത്തിട്ടുള്ള അധികാരങ്ങൾ. അപ്പോൾ കോർപ്പറേഷനു മാത്രം കൊടുക്കുന്ന അധികാരങ്ങളും കണക്കിലെടുത്തുകൊണ്ട് all moneys received by the district council എന്നു ചേർക്കുകയാണെങ്കിൽ അതു ഭാവിയിൽ പല അസ്വാരസ്യങ്ങൾക്കും പല തെറ്റിദ്ധാരണകൾക്കും വിധേയമാകും സർ, ജില്ലാസമിതി ഇലക്ട് ചെയ്യപ്പെട്ട ഒരു ബോഡിയാണ്. സംസ്ഥാനഗവണ്മെൻറിനു അതിനെ പിരിച്ചുവിടാനും മാറ്റി മറിക്കാനും ഉള്ള എല്ലാ അധികാരങ്ങളുമുണ്ടെങ്കിലും തിരഞ്ഞെടുക്കപ്പെട്ട ഒരു ബോഡിയെ യഥേഷ്ടം എടുത്തുമാറ്റാൻ പ്രയാസമായിരിക്കും. ആ സ്ഥിതിക്ക് ജില്ലാസമതിക്കു പണം പിരിക്കാനും ഉപയോഗിക്കാനും ഉള്ള അധികാരങ്ങൾക്കു നിയമപരമായ വ്യവസ്ഥകളുണ്ടായിരിക്കണം. ഞാൻ ഇതുപറയാൻ കാരണം all moneys received by the dis rict council shall cons itute a fund എന്നതിൽ സംസ്ഥാനഗവണ്മെൻറ് ജില്ലാസമിതിയെ പണം പിരിക്കാൻ ഭരമേല്പിച്ചാൽ ഏതെങ്കിലും ഒരു സന്ദർഭത്തിൽ സംസ്ഥാനഗവണ്മെൻറും ജില്ലാ കൗൺസിലും തമ്മിൽ തെറ്റിപ്പിരിയുകയാണെങ്കിൽ all moneys received by the district council shall constitute a fund എന്നുള്ളതിനെ ആധാരമാക്കി വാദപ്രതിവാദം നടത്താൻ ജില്ലാസമിതിയും സ്റ്റേറ്റ് ഗവണ്മെൻറും ഭാവിയിൽ തുനിഞ്ഞേക്കും.

ശ്രീ, കെ. കരുണാകരൻ: all moneys received by the district council എന്നുപറയുമ്പോൾ, സ്റ്റേറ്റിനുവേണ്ടി കളക്ട് ചെയ്യുമ്പോൾ ഇടയ്ക്ക് റിസീവ് ചെയ്തതായി എങ്ങനെ കണക്കാക്കാൻസാധിക്കും?

ശ്രീ. ഇ. അഹമ്മദ്: അതിനെസംബന്ധിച്ച വ്യക്തമായ വ്യവസ്ഥ ബഹുമാനപ്പെട്ട മെംബർക്കുടെ ഉൾപ്പെട്ട സെലക്ട് കമ്മിറ്റി ബില്ലിൽ ഉൾപ്പെടുത്തിയില്ല എന്നാണ് ഞാൻ പറയുന്നത്. all moneys received by the district council എന്നേ പറയുന്നുള്ളൂ. all moneys received by way of collection എന്നു പറഞ്ഞിട്ടില്ല.

എക്സൈസ് കളക്ഷൻ ജില്ലാസമിതിക്കു വിട്ടുകൊടുക്കുകയാണെങ്കിൽ, ജില്ലാസമിതിയുടെ നിർദ്ദേശപ്രകാരം ജില്ലാസമിതിയിലെ ഉദ്യോഗസ്ഥൻ കളക്ട് ചെയ്യുമ്പോൾ സംസ്ഥാനഗവണ്മെൻറും ജില്ലയിൽ ഭരണംനടത്തുന്ന എക്സിക്യൂട്ടീവ് ബോഡിയും തമ്മിൽ ഇതുപോലെയുള്ള കാര്യങ്ങളിൽ ഇടർച്ചവരുകയാണെങ്കിൽ വളരെ വൈഷമ്യങ്ങളുണ്ടാകും. അതുകൊണ്ട് ഇതുസംബന്ധിച്ചുള്ള ചാപ്റ്റർ മുഴുവനും ഭാവിയിൽ ഒരു തടസ്സത്തിനും ഇടർച്ചയ്ക്കും കാരണമാകാതിരിക്കുന്നതിനുവേണ്ടി മാറിയെഴുതാൻ ഈ സഭ ഒരുങ്ങണമെന്നാണ് എൻെറ അഭിപ്രായം.

സർ, മറ്റൊന്ന് എനിക്കു പറയാനുള്ളതു ഇതിൻെറ കൗൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചാണ് എ. എൽ. ഏ. മാർക്കു ജില്ലാസമിതിയുടെ ചർച്ചയിൽ പങ്കുകൊള്ളാം. പക്ഷേ വോട്ടവകാശം പാടില്ല. അതെയവസരത്തിൽത്തന്നെ ഒരു തിരഞ്ഞെടുപ്പിൽ നിന്നും മത്സരിക്കാനും പ്രസിഡണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

വൈസ് പ്രസിഡണ്ടോ കമ്മറിയുടെ ചെയർമാനോ ആകാനുള്ള അവകാശവും ഉണ്ട്. ഒരു എം. എൽ. എ. സ്റ്റ് വളരെയധികം ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനുള്ളതുകൊണ്ട് ജില്ലാ സമിതികളിൽക്കൂടി ഒരു എം. എൽ. എ. പങ്കെടുക്കുകയാണെങ്കിൽ പല തടസ്സങ്ങളും വിഷമങ്ങളും ഉണ്ടാകുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇതു നിർദ്ദേശിച്ചിട്ടുള്ളതു്. ജില്ലാ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയോ അല്ലെങ്കിൽ പോട്ടവകാശത്തിനുള്ള അധികാരമോ രണ്ടിലൊന്ന് തീരുമാനമെടുക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. എം. എൽ. എ. മാർക്ക് അതിന്റെ ചർച്ചയിൽ പങ്കെടുക്കാം. ആ എം. എൽ. എ. സ്റ്റ് മറ്റൊരു ഭാഗത്തു് ജില്ലാ സമിതിയുടെ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ, ജില്ലാ സമിതിയുടെ എല്ലാ ഉത്തരവാദത്തോടുകൂടിയ സ്ഥാനങ്ങളും ഏറ്റെടുക്കാൻ അധികാരം നൽകുന്നു. ഇതു് വിചിത്രമാണു്. എം. എൽ. എ തിരഞ്ഞെടുപ്പിൽ നിന്നു് മത്സരിച്ചു് ജില്ലാ കൗൺസിലിൽ വരികയാണെങ്കിൽ ജില്ലാ സമിതി അംഗത്വമോ എം. എൽ. എ. സ്ഥാനമോ രണ്ടിൽ ഒന്നു സ്വീകരിക്കണമെന്നു വ്യക്തമാക്കണം. അല്ലാത്തപക്ഷം ഒരു ഭാഗത്തു് ജില്ലാ കൗൺസിൽ മെമ്പർ എന്നുള്ള നിലയ്ക്കു് എം എൽ എ യുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാൻ സാധിക്കാതെ വരും. മറുഭാഗത്തു് എം. എൽ. എ. യുടെ ഉത്തരവാദിത്വങ്ങളും നിറ്റ്വഹിക്കേണ്ടതുകൊണ്ടു് ജില്ലാ സമിതിയുടെ ഉത്തരവാദിത്വങ്ങൾ ഒന്നും നിറ്റ്വഹിക്കാൻ സാധിക്കാതെവരും. ഒരു അസംബ്ലി മെമ്പർ പാർലമെന്റു മെമ്പറായിനിന്നു് ജയിക്കുകയാണെങ്കിൽ നിശ്ചിതകാലത്തിനുള്ളിൽ രണ്ടിലൊന്നു സ്വീകരിക്കണമെന്നു പറയുന്നതുപോലെ ജില്ലാ സമിതിയിലേക്കു ഒരു എം. എൽ. എ. തിരഞ്ഞെടുക്കപ്പെട്ടാൽ നിശ്ചിത കാലത്തിനുള്ളിൽ രണ്ടിലൊന്നു സ്വീകരിക്കണമെന്നു് വ്യക്തമാക്കണം. ഇനി ചർച്ചയിൽ പങ്കെടുക്കാൻ അനുവാദം കൊടുത്താൽ ഒരു എം. എൽ. എ. സ്റ്റ് പ്രാതിനിധ്യം മാത്രം കൊടുത്താൽ പോരാ വോട്ടവകാശം കൂടി കൊടുക്കണം.

ശ്രീ. പി. എം. അബൂബേക്കർ : എം. എൽ. എ. മാർക്കു് വോട്ടവകാശം കൊടുക്കുകയും ജില്ലാ കൗൺസിൽ പ്രസിഡണ്ടോ ചെയർമാനോ ആകാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്യുകയും വേണമെന്നു് വ്യക്തമായി പറഞ്ഞാൽ പോരെ.

ശ്രീ. ഇ. അഹമ്മദ് : ഒരു എം. എൽ. എ. സ്റ്റ് വോട്ടവകാശം പാടില്ലെന്നു പറയുന്ന വകുപ്പു ശരിയല്ല. വോട്ടവകാശം നൽകുമ്പോൾ മറ്റവകാശങ്ങളും നിഷേധിക്കരുതു്.

സർ, മറ്റൊന്നു പറയാനുള്ളതു് വിദ്യാഭ്യാസം പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കുന്നതിനെ സംബന്ധിച്ചാണു്. പഞ്ചായത്തുകൾക്കു് അധികാര വികേന്ദ്രീകരണം നടത്തുമ്പോൾ എന്തെല്ലാം അധികാരങ്ങൾ ഒന്നിച്ചു് നൽകണം എത്രമാത്രം അധികാരങ്ങൾ പകർന്നു കൊടുക്കണം എന്നെല്ലാം ആലോചിക്കേണ്ടതാണു്. വിദ്യാഭ്യാസം കൊടുക്കുന്നതിൽ യാതൊരു തെറ്റും ഇല്ല. പ്രാഥമിക വിദ്യാഭ്യാസവും മറ്റും പരീക്ഷണമെന്ന നിലയ്ക്കു് നമുക്കു ജില്ലാ പഞ്ചായത്തുകളെ ഏല്പിക്കാം. പക്ഷെ വിദ്യാഭ്യാസം പഞ്ചായത്തുകളെ ഏല്പിക്കണമെന്നതിനു് തത്വപരമായി എതിരില്ലെങ്കിലും വളരെയധികം ആലോചിക്കണം. മറ്റു ചില സംസ്ഥാനങ്ങളിൽ നടന്നതുപോലെ അതു ഏറ്റെടുത്തിട്ടു് തിരിച്ചു കൊടുക്കേണ്ട ഗതികേടു് നമുക്കുണ്ടാകരുതു്. ഇതു് പറയാൻ കാരണം മദ്രാസ് ഗവണ്മെന്റു് അവിടത്തെ സ്കൂളുകൾ പഞ്ചായത്തുകളെ ഏല്പിച്ചു കൊടുത്തു, പക്ഷെ വളരെ വേഗംതന്നെ തിരിച്ചെടുക്കേണ്ട സ്ഥിതിവിശേഷം അവിടെ ഉണ്ടായി. നമ്മുടെ രാജ്യത്തെ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകർക്കു് രാഷ്ട്രീയത്തിൽ പങ്കെടുക്കാൻ അവകാശം ഉണ്ടു്. പ്രൈവറ്റു സ്കൂൾ അദ്ധ്യാപകൻ തിരഞ്ഞെടുപ്പിൽ നിന്നു മത്സരിച്ചു് പഞ്ചായത്തു പ്രസിഡണ്ടായിത്തീർന്നാൽ അദ്ദേഹം കുട്ടികളെ പഠിപ്പിക്കുകയും സ്കൂളുകളുടെ മേൽനോട്ടം വഹിക്കുകയും വേണം. അങ്ങനെ ഇരട്ടറോൾ പ്ലേ ചെയ്യേണ്ടിവരും. അദ്ദേഹം പഠിപ്പിക്കുന്ന സ്കൂളിലെ ഹെഡ്മാസ്റ്റർ അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിൽ ആകുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകും. സ്വകാര്യ സ്കൂളുകളിലെ അദ്ധ്യാപകർക്കു് രാഷ്ട്രീയത്തിൽ പങ്കെടുക്കുവാനുള്ള അധികാരം നൽകുകയും

LIBRARY ARCHIVES Kerala Legislative Assembly

സഹകാര്യ സ്കൂളുകളുടെ ഭരണം പഞ്ചായത്തുകളെ ഏല്പിച്ചുകൊടുക്കുകയും ചെയ്യുന്നതു് വളരെ ആലോചിച്ചു വേണമെന്നാണു് എനിക്കു് പറയാനുള്ളതു്. അതുകൊണ്ടു് നമ്മുടെ പ്രാഥമിക വിദ്യാഭ്യാസം ഒരു പരീക്ഷണമെന്ന നിലയ്ക്കു് തൽക്കാലം പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കുന്നതാണു് നല്ലതു്. അല്ലാതെ ഹൈസ്കൂൾ വിദ്യാഭ്യാസവും മറ്റും വിട്ടുകൊടുത്താൽ ഉണ്ടാകാവുന്ന വൈഷമ്യങ്ങൾ കൂടി സഭ പരിഗണിക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

ശ്രീ. കെ. എം ജോർജ്ജു് : പ്രാഥമിക വിദ്യാഭ്യാസം പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കണമെന്നാണെങ്കിൽ പരീക്ഷണാർത്ഥം ഗവണ്മെണ്ടു സ്കൂളുകൾ മാത്രം വിട്ടുകൊടുത്താൽ മതിയോ ?

ശ്രീ. ഇ. അഹമ്മദു് : ഏതു സ്കൂളുകളുടെ മേൽനോട്ടം വിട്ടുകൊടുത്താലും ഇന്നത്തെ അനുഭവം വച്ചുനോക്കിയാൽ രണ്ടും ഒരേ ഫലം തന്നെയാണു്. ഉദാഹരണമായി മലബാർ ഭാഗത്തു് ഹൈസ്കൂൾ വിദ്യാഭ്യാസംവരെ മുനിസിപ്പാലിറ്റികൾക്കു് വിട്ടുകൊടുത്തിട്ടുണ്ടായിരുന്നു. ഒടുവിൽ വളരെ പ്രയാസമനുഭവപ്പെട്ടുകയും അപ്പതിരിച്ചു ഗവണ്മെണ്ടിനെ ഏല്പിക്കുകയും ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാടു്, വിദ്യാഭ്യാസം ഗ്രാമ പഞ്ചായത്തുകളെ ഏല്പിച്ചിട്ടു് അതു സംസ്ഥാനഗവണ്മെണ്ടിനു തിരിച്ചെടുക്കേണ്ടിവന്നു. ഈ സംഗതികൾ എല്ലാം തുറന്ന മനസ്സോടുകൂടി പര്യാലോചിച്ചു് വേണ്ടതു ചെയ്യണമെന്നാണു് എന്റെ അഭ്യർത്ഥന. ഈ ബില്ലിൽ പല പോരായ്മകളും ഉണ്ടായിരിക്കാം. അവ ഈ സഭയിലെ എല്ലാ അംഗങ്ങളും തുറന്ന മനസ്സോടുകൂടി പര്യാലോചിച്ചു് വേണ്ടതു ചെയ്യണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്.

ബഹുമാനപ്പെട്ട മെമ്പർ ശ്രീ പി. സി രാഘവൻനായർ പറയുകയുണ്ടായി ഈ ബില്ലു് പാസ്സാക്കുകയാണെങ്കിൽ ഈ സംസ്ഥാനത്തു് ഓരോ ജില്ലയിലും ഓരോ സംസ്ഥാന ഗവണ്മെൻറുകൾ നിലവിൽ വരുമെന്നു്. അതു് തെറ്റാണു്. തികച്ചും വികസനപരമായ പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുകയെന്നതാണു് ഈ ബില്ലു് കൊണ്ടുദ്ദേശിക്കുന്നതു്. ഇന്നാണെങ്കിൽ സംസ്ഥാന ഗവണ്മെൻറാണു് ഓരോ ഗ്രാമത്തിന്റെയും വികസനം സംബന്ധിച്ചു് തീരുമാനിക്കുന്നതു്. ആ സ്ഥിതി വിശേഷം ഇല്ലാതാക്കുകയാണു് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്. ശ്രീ. പി. സി. രാഘവൻ നായർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ജില്ലകൾ എങ്ങനെയായിരിക്കണമെന്നു ഡെഫനിഷൻ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. ഒരു സംസ്ഥാനത്തിന്റെ അതിർത്തിയെ സംബന്ധിച്ചു് പലപ്പോഴും പല തീരുമാനങ്ങളും ഉണ്ടാകാവുന്നതാണു്. പുതിയ ജില്ലകൾ രൂപീകരിക്കപ്പെട്ടുമെങ്കിൽ അവയുടെ കാര്യംകൂടി സെലക്ടു കമ്മിറ്റി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഉദാഹരണമായി ഇവിടെ മലനാടു് ജില്ലകൂടി വരാൻ പോകുകയാണു്. ഈ ബില്ലു് പാസ്സാക്കുകയാണെങ്കിൽ പുതിയ ജില്ലയും ജില്ലാ സമിതി രൂപീകരിക്കുവാനുള്ള വ്യവസ്ഥയും അതിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്. അധികാര വികേന്ദ്രീകരണം നടത്തുമ്പോൾ എല്ലാ അധികാരങ്ങളും ഒന്നിച്ചു് പകർന്നു കൊടുക്കണമോ അതോ ക്രമമായി അധികാരങ്ങൾ നൽകണമൊ എന്നതിനെ സംബന്ധിച്ചാണു് ചിന്തിക്കേണ്ടതു്. ആദ്യം വികസനപരമായുള്ള അധികാരങ്ങളൊക്കെ ഉൾപ്പെടുത്തണം. കുറെ കഴിഞ്ഞിട്ടു് കൂടുതൽ അധികാരങ്ങൾ ഗ്രാമങ്ങൾക്കും ജില്ലകൾക്കും പകർന്നുകൊടുക്കണം. ഇതു് വളരെയധികം പ്രധാനപ്പെട്ട ഒരു ബില്ലാണു്. ഈ സഭയിലെ എല്ലാ കക്ഷികളിലുംപ്പെട്ട ബഹുമാനപ്പെട്ട മെമ്പർമാർ തുറന്ന മനസ്സോടുകൂടി ഇതിന്റെ വ്യവസ്ഥകളെ സംബന്ധിച്ചു് ചർച്ച ചെയ്തു് ഇതു് പാസ്സാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എം. കെ. എ. ഹമീദു് : സർ, സെലക്ടു് കമ്മിറ്റി റിപ്പോർട്ടിന്റെ ചർച്ചയിലേക്കു കടക്കുന്നതിനു മുൻപു് ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽനിന്നു് ഈ ബില്ലിനെ സംബന്ധിച്ച ബാക്കു്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൗണ്ട് പേപ്പറുകളും തയ്യാറാക്കി എല്ലാ നിയമസഭാസാമാജികന്മാർക്കും അയച്ചു തന്നിട്ടുണ്ട്. വളരെ പ്രയോജനകരമായ ഒരു നടപടിയായി ഞാനതിനെ കാണുന്നു, സ്വാഗതം ചെയ്യുന്നു. ഭാവിയിലും പ്രധാനപ്പെട്ട എല്ലാ നിയമനിർമ്മാണ ഘട്ടങ്ങളിലും എം. എൽ. എ. മാർക്കു സഹായകരമായിത്തീരത്തക്ക വിധത്തിലുള്ള ബാക്ക് ഗ്രൗണ്ട് പേപ്പറുകളും തയ്യാറാക്കി വിതരണം ചെയ്യുന്നതിൽ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് താല്പര്യം കാണിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതു പൂർണ്ണമായും മലയാളത്തിലാക്കിയാൽ കൂടുതൽ നന്നായിരിക്കും.

പഞ്ചായത്തുരാജ് ബില്ലിന്റെ ഉദ്ദേശങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട പല മെമ്പർമാരും സംസാരിച്ചുകഴിഞ്ഞു. ജനാധിപത്യാധിഷ്ഠിതമായ അധികാര വികേന്ദ്രീകരണം എന്നതാണ് പ്രധാന ഉദ്ദേശമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. അധികാര വികേന്ദ്രീകരണം ഇന്നും ഒരു പരിധിവരെ നടന്നിട്ടുണ്ട്: ഗവണ്മെന്റ് ലെവലിൽ കൈകാര്യം ചെയ്തിരുന്ന പല അധികാരങ്ങളും ജില്ലാ ലെവലിലും ബ്ലോക്ക് ലെവലിലുമുള്ള ഉദ്യോഗസ്ഥന്മാർക്കു പകർന്നു കൊടുത്തിട്ടുണ്ട്. ഒരു പരിധിവരെ ജനാധിപത്യ സ്വഭാവം വന്നുകഴിഞ്ഞിട്ടുമുണ്ട്. ജനപ്രതിനിധികളടങ്ങിയ ഉപദേശകസമിതികളും ബ്ലോക്ക് ലെവലിലും ജില്ലാ ലെവലിലും, ഇന്നുതന്നെയുണ്ട്. അതു പോരാ, ജനങ്ങൾക്കു കൂടുതൽ പങ്കും അധികാരവും നൽകിയാൽ മാത്രമേ ജനാധിപത്യം വിജയിക്കുകയുള്ളു എന്നുള്ള കാഴ്ചപ്പാടോടുകൂടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഭരണനിർവ്വഹണത്തിൽ ജനങ്ങൾക്ക് എത്രത്തോളം സജീവമായി പങ്കെടുക്കാൻ സാധിക്കുമോ അത്രകണ്ട് ജനാധിപത്യം വിജയിക്കും എന്നുള്ളതാണ് വസ്തുത. ഇൻഡ്യയെപ്പോലുള്ള അവികസിത രാജ്യങ്ങൾക്കും പുതുതായി സ്വാതന്ത്ര്യം പ്രാപിച്ചിട്ടുള്ള രാജ്യങ്ങൾക്കും ബാലാരിഷ്ടതയെന്നു വിശേഷിപ്പിക്കാവുന്ന ഒരു ഘട്ടത്തിൽക്കൂടി കടന്നു പോകേണ്ടിവരും. നമ്മുടെ രാജ്യമാണെങ്കിൽ ഇന്നും ബാലാരിഷ്ടതയിൽനിന്നു മുക്തമായിട്ടില്ല. അതുകൊണ്ട്, ജനാധിപത്യ പ്രക്രിയ ജനങ്ങൾക്ക് പരമാവധി ഗുണം ചെയ്യത്തക്കവിധത്തിലുള്ളതാകണമെങ്കിൽ അധികാര വികേന്ദ്രീകരണം എത്രത്തോളമാകാമോ അത്രത്തോളം ആകണം

വികസന പ്രവർത്തനങ്ങൾ ഇവിടെ വേണ്ടത്ര വിജയിച്ചിട്ടില്ല. അതിൽ ജനങ്ങൾക്കു വേണ്ടത്ര പങ്കാളിത്തം കൊടുക്കാൻ സാധിച്ചിട്ടില്ല. ഈ പരിതഃസ്ഥിതിയിൽ വികസനപ്രവർത്തനങ്ങളുടെ കൂടി വിജയത്തിനുവേണ്ടിയുള്ള ഒന്നായി വേണം പഞ്ചായത്തുരാജ് നിയമനിർമ്മാണത്തെ കാണേണ്ടതു്. 1950-51 മുതൽ ആസൂത്രിത വികസന പ്രവർത്തനങ്ങൾ തുടങ്ങിയെങ്കിലും ഏറെച്ചെല്ലുന്നതിനുമുൻപു്, അവ ഉദ്ദേശിച്ച നിലയിൽ നീങ്ങുന്നില്ല എന്നു കാണുകയുണ്ടായി. അതിനെപ്പറ്റി പഠിച്ചതിന്റെ ഫലമായിട്ടാണ് വെറും ഉദ്യോഗസ്ഥന്മാർ മാത്രം വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയാൽ വിജയിക്കുകയില്ല, ജനങ്ങളെക്കൂടി പങ്കെടുപ്പിക്കണം എന്നു മനസ്സിലാക്കിക്കൊണ്ട് കമ്മ്യൂണിറ്റി പ്രോജക്ട്കൾ നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് മുതലായവ നിലവിൽ കൊണ്ടുവന്നതു്. അതുകൊണ്ടും വിജയിച്ചില്ല. ജനങ്ങൾ ചുമതലകളിൽ നിന്നു് അകന്നുമാറി നിന്നുകൊണ്ട് ഗ്രാണം മാത്രം പ്രതീക്ഷിക്കുകയും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ തയ്യാറാകാതിരിക്കുകയുമാണു് ചെയ്തതു്. സ്ഥിതിഗതികളെ വസ്തുനിഷ്ഠമായി വിലയിരുത്തുവാനും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമായി കേന്ദ്ര ഗവണ്മെന്റ് ബൽവന്ത്റായിമേത്ത കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും പഞ്ചായത്തുരാജ് എന്നു വിശേഷിപ്പിക്കുന്ന സംപ്രദായം നടപ്പാക്കിയിട്ടുള്ളതു്. ഇൻഡ്യയാകെ നോക്കുകയാണെങ്കിൽ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും അതു് നടപ്പിലായിക്കഴിഞ്ഞു. കേരളം, കാഷ്മീർ എന്നീ സംസ്ഥാനങ്ങളിൽ മാത്രമാണ് ഇനി നടപ്പിലാകാനുള്ളതു്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : ജില്ലാ കൗൺസിലിന്റെ തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടിനു് എക്സിക്യൂട്ടീവ് അധികാരംകൂടി കൊടുത്താലല്ലേ ജനാധിപത്യവൽക്കരണം പൂർത്തിയാകയുള്ളൂ?

ശ്രീ. എം. കെ. എ. ഹമീദ് : ഞാൻ ആ ഭാഗത്തേക്കു വരുന്നുണ്ട് ; ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോടു യോജിക്കുന്നില്ലെന്നു ആദ്യമേതന്നെ പറയാം.

നിയമസഭ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നു ; നിയമനിർമ്മാണം നടത്തുന്നു. ആ നിയമങ്ങളും നടപ്പിൽ വരുത്തുന്നതിനു മന്ത്രിമാർ നേതൃത്വം നൽകുന്നു. മന്ത്രിമാർക്കു ഉദ്യോഗസ്ഥന്മാർ ഉപദേശം നൽകുന്നു. മന്ത്രിസഭ എടുക്കുന്ന തീരുമാനങ്ങളും ഉദ്യോഗസ്ഥന്മാർ നടപ്പിലാക്കുന്നു. നിയന്ത്രണം ജനപ്രതിനിധികളിൽ ആണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പാർലമെന്ററി ഡെമോക്രസിയിൽ നിയമസഭയ്ക്കു സാധാരണ എക്സിക്യൂട്ടീവ് അധികാരമില്ല. ഇതു ഒരു അപാകതയായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ടു് ജനങ്ങളുടെ ഭരണത്തിൽ പങ്കാളിത്തം കിട്ടണമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട പ്രധിനിധികൾക്കു എക്സിക്യൂട്ടീവ് അധികാരം കൊടുക്കാതിരുന്നാൽ പറ്റുമോ ?

ശ്രീ. എം. കെ. എ. ഹമീദ് : ശ്രീ. മാധവൻപിള്ള ചോദിച്ചതും ഇതുതന്നെയാണു്. ജനപ്രതിനിധികളാണു് നയപരമായ കാര്യത്തിൽ അഭിപ്രായം പറയുന്നതും നിയമനിർമ്മാണം നടത്തുന്നതും. ഇനീഷ്യേറ്റീവു് മന്ത്രിമാർ എടുക്കുന്നു. നിയന്ത്രണം ജനപ്രതിനിധികളിലാണു്. അക്കാര്യങ്ങളിലേക്കു ഞാൻ പിന്നീടു വരാം.

മാറാനും പറയാനുള്ളതു നമ്മുടെ ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ള ഇലക്ഷൻ സംപ്രദായത്തെപ്പറ്റിയാണു്. മിക്കവാറും എല്ലാ സ്റ്റേറ്റുകളിലും ഇൻഡയറക്ടു സിസ്റ്റമാണു്. ഇവിടെ ഡയറക്ടു സിസ്റ്റമാണു് ശുപാർശചെയ്യപ്പെട്ടിട്ടുള്ളതു്. ഇതു തീർച്ചയായിട്ടും നല്ലൊരു കാര്യമാണു്. പക്ഷേ ഇനിയും കൂടുതൽ പുരോഗമനപരമായ മാറ്റം ഉണ്ടായാൽ നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഇപ്പോഴും നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന തെരഞ്ഞെടുപ്പു സമ്പ്രദായമനുസരിച്ചു് പാർട്ടി അടിസ്ഥാനത്തിലോ അല്ലാതെയോ സ്ഥാനാർത്ഥികൾ മത്സരിക്കുന്നു. ഏറ്റവും കൂടുതൽ വോട്ടുപിടിക്കുന്ന സ്ഥാനാർത്ഥി ജയിക്കുന്നു. എനിക്കു നിർദ്ദേശിക്കാനുള്ളതു് പ്രൊപ്പോർഷണൽ റെപ്രസെന്റേഷൻ സമ്പ്രദായം നടപ്പിൽ വരുത്തണമെന്നുള്ളതാണു്. വ്യക്തികൾക്കു പകരം രാഷ്ട്രീയപാർട്ടികൾ ഇലക്ഷനിൽ മത്സരിക്കുക. അൻപതു ശതമാനത്തിലധികം വോട്ടു് ഏതെങ്കിലും പാർട്ടിക്കു കിട്ടുന്നെങ്കിൽ അധികാരം കയ്യേൽക്കുക, ഒരു പാർട്ടിക്കു തനിച്ചു് അതു സാധിക്കുന്നില്ലെങ്കിൽ ഒന്നിലധികം പാർട്ടികൾക്കു യോജിച്ചു് അധികാരം ഏറ്റെടുക്കാം. 1967-ൽ ഈ നിയമസഭയിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനു് 35 ശതമാനം വോട്ടു മാത്രം കിട്ടിയെന്നാണു് എന്റെ ഓർമ്മ. അതേസമയം സീറ്റുകൾ ഏഴു ശതമാനത്തിൽ താഴെ മാത്രവും. 1960-ലെ തിരഞ്ഞെടുപ്പിൽ അന്നത്തെ കമ്മ്യൂണിസ്റ്റു പാർട്ടിക്കു് 45 ശതമാനം വോട്ടുകൾ കിട്ടിയെന്നാണു് എന്റെ ധാരണ. അതേസമയത്തു് സീറ്റുകളുടെ എണ്ണം 25 ശതമാനത്തിൽ താഴെയായിരുന്നു. ഇതു് തീർച്ചയായിട്ടും ജനാധിപത്യപരമായ ഒന്നാണെന്നു പറയാൻ കഴിയുകയില്ല. അതുകൊണ്ടു് പ്രൊപ്പോർഷണൽ റെപ്രസെന്റേഷൻ സ്വീകരിക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ജയിച്ചുവന്ന എം എൽ എ. മാർ പുറത്തു പോകുകയും പുറത്തുള്ളവരെ കൊണ്ടുവരികയും ചെയ്യുന്ന ഒരു പ്രതിഭാസമുണ്ടാവുകയില്ലേ ?

ശ്രീ. എം. കെ. എ. ഹമീദ് : അങ്ങനെ ഉണ്ടാവില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ജനാധിപത്യ വ്യവസ്ഥിതി എന്നു പറയുന്നതു് അതല്ല, അതിൽ മാറ്റം വരുത്തണമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം കെ. എ. ഹമീദ് : ഇതാണ് കൂടുതൽ പ്രയോജനകരവും ജനാധിപത്യപരവും എന്നാണെന്റെ അഭിപ്രായം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ഇന്ന നമ്മുടെ ഭരണഘടനയനുസരിച്ച് വ്യക്തികൾക്ക് ജനപ്രതിനിധിസഭയിൽ വരുന്നതിനുള്ള അവകാശത്തെ എടുത്തു കളയുന്ന നടപടിയായിരിക്കയില്ലേ അത്?

ശ്രീ. എം. കെ. എ. ഹമീദ് : ഇന്നത്തെ ഭരണഘടനയിലെ വ്യവസ്ഥകളും അവസാനവാക്കുകളൊന്നുമല്ലല്ലോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഭരണഘടന മാറണമെന്നുള്ളത് പാർലമെന്റിൽ പറഞ്ഞാലല്ലേ സാധിക്കുകയുള്ളൂ?

ശ്രീ. എം. കെ. എ. മജീദ് : ജില്ലാതലത്തിൽ ഈ മാറ്റം വരുത്താൻ സാധിച്ചാൽ നന്നായിരിക്കും എന്നു മാത്രമേ എനിക്ക് ഇപ്പോൾ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. ജെ. എ. ചാക്കോ : ഇന്ന നിലവിലുള്ള പാർലമെന്ററി സമ്പ്രദായത്തിൽ, ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന സമ്പ്രദായമല്ലാതെ പ്രൊപ്പോർഷണൽ റെപ്രസന്റേഷന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ലെന്ന് അറിയാമോ?

ശ്രീ. എം. കെ. എ. ഹമീദ് : ഒരു വല്ല നിർദ്ദേശമെന്ന നിലയിൽ എന്റെ അഭിപ്രായം പറയുകയാണ്; ഞാൻ അത്രവലിയ ഭരണഘടനാ വിദഗ്ദ്ധനൊന്നുമല്ല.

ഡെപ്യൂട്ടി സ്പീക്കർ : ആർഡർ, ആർഡർ. ബഹുമാനപ്പെട്ട മെംബറുടെ പ്രസംഗം ഒരു ചർച്ചയായി മാറുന്നു.

ശ്രീ എം. കെ. എ. ഹമീദ് : ഡിസ്ട്രിക്റ്റ് ലെവലിൽ ഇത് നടപ്പാക്കുന്നതിന് ഭരണഘടന തടസ്സമാകുകയില്ലെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. പ്രൊപ്പോർഷണൽ റെപ്രസന്റേഷൻ സമ്പ്രദായത്തിനും പോരായ്മകളുണ്ട്. നമ്മുടെ രാജ്യത്ത് ഇലക്ഷൻ സമയത്ത് ജാതി നോക്കുന്ന പ്രവണതയുണ്ട്. പോട്ടേഴ്സ് ലിസ്റ്റിൽ ആദ്യം നോക്കുന്നത് ജാതിതിരിച്ചുള്ള കണക്കുകളാണ്. സ്ഥാനാർത്ഥിനിർണ്ണയം ഏറിയകൂറും ഈ അടിസ്ഥാനത്തിലാണ് നടന്നുകാണുന്നത്. ഇതിനൊക്കെ മാറ്റം വരുത്തുൻ ഈ സംമ്പ്രദായംകൊണ്ടു സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. തെരഞ്ഞെടുപ്പിന്ന് രാഷ്ട്രീയമായ ഒരടിസ്ഥാനം ഉണ്ടാക്കുവാൻ സാധിക്കും.

പ്രാദപ്രതിപാദത്തിനിടയാക്കിയിട്ടുള്ള മറെറാന്ന് എം. എൽ. എ. മാർ ജില്ലാസമതിയിലുണ്ടായിരിക്കണമോ എന്നുള്ളതാണ്. ഉണ്ടായിരിക്കരുത് എന്നാണ് എന്റെ അഭിപ്രായം. ഒരു എം. പി. ഇവിടെ വന്ന ഇരിക്കുന്നതിനെ നാം സ്വാഗതം ചെയ്യുമോ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : നിയോജകമണ്ഡലത്തിലുള്ളവരുടെ താൽപര്യങ്ങൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയില്ലേ?

ശ്രീ. എം. കെ. എ. ഹമീദ് : എം. എൽ. എ. മാരുടെ പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങൾക്കും എം. എൽ. എ. മാർക്കുതന്നെയും തെറ്റായ ഒരു ധാരണ ഉണ്ടായിട്ടില്ലേ എന്ന സംശയമാണ് എനിക്ക് ഈ ചോദ്യംകേട്ടപ്പോൾ ഉണ്ടാകുന്നത്. കഴിഞ്ഞ പത്തിരുപത്തിരണ്ടു വർഷക്കാലത്തെ തെറ്റായ നടപടിക്രമം പല അബദ്ധജടിലമായ ധാരണകളും സൃഷ്ടിച്ചിരിക്കുന്നു. നിയോജകമണ്ഡലങ്ങൾക്കുള്ളിലെ പ്രദേശങ്ങളിൽ റോഡുവെട്ടുന്ന കാര്യത്തിലും, കലുങ്കുണ്ടാക്കുന്ന കാര്യത്തിലും, അതുപോലുള്ള

കൊച്ചുകൊച്ചു കാര്യങ്ങളിലും ഇടപെടുകയാണു് എം. എൽ. എ. മാരുടെ ചുമതല യെന്നു പലർക്കും തെറ്റായ ഒരു ധാരണയുണ്ടായിട്ടുണ്ടു്. സംസ്ഥാനതലത്തിൽ ഭരണ സംബന്ധമായ നയങ്ങൾ ആവിഷ്ക്കരിക്കുക, നിയമനിർമ്മാണ നടപടികളിൽ പങ്കുവഹിക്കുക, നിയോജകമണ്ഡലത്തിലെ മറ്റു പ്രധാനപ്പെട്ട കാര്യങ്ങളിൽ ശ്രദ്ധി ക്കുക, പാസ്സാക്കപ്പെടുന്ന നിയമങ്ങൾ നടപ്പിലാക്കപ്പെടുന്നു എന്നു ഉറപ്പുവരുത്തുക പൊതു പ്രാധാന്യമുള്ള കാര്യങ്ങളിൽ ശ്രദ്ധിക്കുക ഇവയൊക്കെയാണു് എം. എൽ. എ. മാരുടെ ചുമതലകളായി ഞാൻ കരുതുന്നതു്. അല്ലാതെ ഒരു ഗ്രാമത്തിലെ റോഡു ഏതു ഭാഗത്തുകൂടി വേണം, ബസ്സു് ഏതിലെ ഓടണം, എന്നിങ്ങനെയുള്ള കാര്യങ്ങൾ തുടങ്ങി, ഉദ്യോഗസ്ഥന്മാരുടെ സ്ഥലംമാറ്റകാര്യങ്ങളിൽവരെ ഇടപെടുവാനും ശുപാർശ ചെയ്യുവാനും അല്ല എം.എൽ.എ. മാർ ശ്രദ്ധിക്കേണ്ടതു്. പ്രാദേശികമായ കാര്യങ്ങൾ പഞ്ചായത്തുമെമ്പർമാർക്കു ശ്രദ്ധിക്കാവുന്നതേ ഉള്ളൂ. എം. എൽ. എ. മാരുടെ കാര്യ ത്തിലായാലും, മന്ത്രിമാരുടെ കാര്യത്തിലായാലും ചുമതലകളെപ്പറ്റി ഇന്നു വളരെ യധികം തെറ്റായ ധാരണകൾ നിലനിൽക്കുന്നു. എം. എൽ. എ. മാരും മന്ത്രിമാരും ചെറിയചെറിയ കാര്യങ്ങളിൽ അനാവശ്യമായി ഇടപെട്ടു അവരുടെ മുഖ്യ കർത്തവ്യ ങ്ങളിൽ ശ്രദ്ധിക്കാതെ പോകുന്നതു് ഒരു പോരായ്മയായിട്ടാണു് ഞാൻ കരുതുന്നതു്. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു് അധികാര വികേന്ദ്രീകരണം നടപ്പായാൽ ഏറ്റവും വലിയ ഗുണമായിട്ടു ഞാൻ കാണുന്നതു് എം. എൽ. എ. മാർക്കും മന്ത്രിമാർക്കും അവരുടെ ശരിയായ ചുമതലകൾ നിർവ്വഹിക്കാൻ അവസരം കിട്ടുമെന്നുള്ളതാണു്. പ്രാദേശികമായ താൽപര്യങ്ങൾക്കനുസരണമായി വികസനപ്രവർത്തനങ്ങൾ നടത്തു ന്നതിനു് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കു അവസരം ലഭിക്കുന്നതാണു്. ഇന്നാ ണെങ്കിൽ, ഒരു വില്ലേജാഫീസർക്കോ, പഞ്ചായത്തു അസിസ്റ്റന്റിനോ, പരിഹാരം കാണാൻ സാധിക്കുന്ന ചെറിയ കാര്യങ്ങൾപോലും എം. എൽ. എ. മാരുടെയും മന്ത്രിമാരുടെയും ഇടപെടലും ശുപാർശയുംകൊണ്ടു മാത്രമേ സാധിക്കൂ എന്ന നിലയാ ണുള്ളതു്. നാട്ടിൽ എവിടെയെങ്കിലും ഒരു ബണ്ടു പൊട്ടിയാൽ, അസി. എൻജിനീ യറെ കണ്ടു് പരിഹാരം നേടാവുന്നതേയുള്ളൂ എങ്കിലും അങ്ങനെ ചെയ്യാതെ നേരെ മന്ത്രിസ്സിനൊരു നിവേദനവുമായി തിരുവനന്തപുരത്തേക്കു തിരിക്കുന്നതിലാണു് ജനങ്ങൾക്കു താല്പര്യം. മന്ത്രിക്കു കിട്ടുന്ന നിവേദനം സെക്രട്ടേറിയേറ്റുവഴി താഴോട്ട അയച്ചു് നടപടികൾ പൂർത്തിയായി വരുമ്പോഴേക്കും അനാവശ്യമായ കാലതാമസം ഉണ്ടാകുമെന്നുള്ളതു വളരെ വ്യക്തമായിട്ടുള്ള കാര്യമാണു്. ഈവക കാര്യങ്ങളെല്ലാം മന്ത്രിനിലവാരത്തിൽ പോയി പരിഹാരം കാണേണ്ടതാണെന്ന തെറ്റായ ധാരണ യാണിന്നുള്ളതു്. ജനാധിപത്യാധിഷ്ഠിതമായ രീതിയിൽ അധികാരവികേന്ദ്രീകര ണമുണ്ടാകുമ്പോൾ ഈ ധാരണയൊക്കെ മാറും. ഈ ബില്ലു് അതിലേക്കു് വഴിതെളി ക്കുന്നു. അതുപോലെതന്നെ ഈ ബില്ലുകൊണ്ടുള്ള ഏറ്റവും വലിയ മറ്റൊരു പ്രയോജനം, നമ്മുടെ നാട്ടിൽ ജനസേവന സന്നദ്ധതയുള്ള ആളുകളെ ജനോപകാരപ്രദ മായ പൊതു പ്രവർത്തനരംഗത്തേക്കു ആകർഷിക്കാൻ കഴിയും എന്നുള്ളതാണു്. എം.എൽ.എ. മാരേക്കാളും മറ്റു ജനപ്രതിനിധികളെക്കാളും ഏറ്റവും പ്രഗൽഭന്മാരും, ജനസേവന തൽപരരുമായ എത്രയോ ആളുകൾ നമ്മുടെ നാട്ടിൽ ഉണ്ടു്. അങ്ങനെ യുള്ളവരെ കൂടുതൽ കൂടുതൽ ജനാധിപത്യരംഗത്തേക്കു ആകർഷിക്കാൻ സാധിച്ചാൽ മാത്രമേ ജനാധിപത്യം വിജയിക്കുകയുള്ളൂ എന്നാണെന്റെ അഭിപ്രായം.

എക്സിക്യൂട്ടീവു അധികാരം ജില്ലാ പ്രസിഡണ്ടിനു നൽകുന്ന കാര്യത്തെപ്പറ്റി ശ്രീ. മാധവൻപിള്ള ചോദിക്കുകയുണ്ടായി. എക്സിക്യൂട്ടീവു തീരുമാനങ്ങൾ നേരിട്ടു് നടപ്പിൽവരുത്തുവാനുള്ള അധികാരം ജില്ലാ പ്രസിഡണ്ടിനു നൽകുന്നതു ശരി യല്ലെന്നുമാത്രമല്ല, അപകടകരവുമാണു്. സംസ്ഥാനഗവണ്മെന്റിന്റെ കാര്യംതന്നെ എടുക്കാം. സംസ്ഥാനഭരണത്തലവൻ ഗവർണ്ണറാണെങ്കിലും, മന്ത്രിസഭയാണു് ഭരണം സംബന്ധിച്ചു തീരുമാനങ്ങൾ എടുക്കുക. ആ തീരുമാനങ്ങൾ നടപ്പാക്കുന്നതു് ചീഫ് സെക്രട്ടറിയും തുടർന്നു മറ്റുള്ള ഉദ്യോഗസ്ഥന്മാരുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : എക്സിക്യൂട്ടീവു അധികാരം ക്യാബിനറിനു തന്നെയാണു്. ഒരു കാര്യത്തിൽ അവസാന തീരുമാനം എടുക്കുന്നതു മന്ത്രിസഭതന്നെയാണു്. അതു ഇംപ്ലിമെൻറു ചെയ്യുന്നതു ചീഫ് സെക്രട്ടറിയായിരിക്കും.

ശ്രീ. എം. കെ. എ ഹമീദ് : ഡിസിഷൻ എടുക്കുന്നതു ക്യാബിനറാണെങ്കിലും പ്രയോഗത്തിൽ വരുത്തേണ്ടതു് ചീഫ് സെക്രട്ടറിയാണു്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : നമ്മുടെ ക്യാബിനറിൽ ചീഫ് സെക്രട്ടറിക്കു് നൽകുന്ന സ്ഥാനം ജില്ലാ കൗൺസിലിൽ പ്രസിഡണ്ടിനു നൽകിക്കൂടെ ?

ശ്രീ. എം. കെ. എ ഹമീദ് : ചീഫ് സെക്രട്ടറിക്കുള്ള സ്ഥാനം ജില്ലാ കൗൺസിൽ പ്രസിഡണ്ടിനു് നൽകിക്കൂടാ. കൌൺസിൽ സെക്രട്ടറിക്കാണു് അതു് നൽകേണ്ടതു് എന്നാണെന്റെ അഭിപ്രായം. ജില്ലാ കൌൺസിൽ എടുക്കുന്ന തീരുമാനം പ്രസിഡണ്ടിന്റെ മേൽനോട്ടത്തിൻകീഴിൽ സെക്രട്ടറി നടപ്പിലാക്കണം. അധികാര വികേന്ദ്രീകരണംമൂലം ജില്ലകൾക്കു അധികാരങ്ങൾ പകർന്നുകൊടുക്കുന്നതുകൊണ്ടു് സംസ്ഥാനത്തിനകത്തു് ഏതാനും കൂട്ടി സ്റ്റേറുണ്ടാകുകയില്ലേ എന്നു് സംശയിക്കേണ്ട കാര്യമില്ല. മുഖ്യമായിട്ടുദ്ദേശിക്കുന്നതു് വികസനപ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുക എന്നതാണു്. നിയമസമാധാനപാലനം സ്റ്റേറിന്റെ ചുമതലയിൽപ്പെട്ടതാണു്. അതു സംബന്ധിച്ച അധികാരം ജില്ലകൾക്കു് പകർന്നുകൊടുക്കുന്നതു് ശരിയായിരിക്കുകയില്ല. ചില അധികാരങ്ങൾ വികേന്ദ്രീകരിക്കാൻ പറ്റുകയില്ല. ഉദാഹരണമായിട്ടു് വിദേശനയത്തിന്റെ കാര്യമെടുക്കാം ഇൻഡ്യയ്ക്കു മൊത്തത്തിൽ ഒരു വിദേശനയമുണ്ടു്. അതു ശരിയോ തെറ്റോ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകാം. എന്നിരുന്നാലും ഇൻഡ്യയുടെ മൊത്തത്തിലുള്ള നയം കേന്ദ്ര ഗവണ്മെൻറിന്റെ തീരുമാനം അനുസരിച്ചുള്ളതാണു്. അതു സംസ്ഥാനങ്ങളും സ്വീകരിച്ചേ മതിയാകൂ. അങ്ങനെയല്ലാതെ കേരളത്തിനു ഒരു വിദേശനയം, തമിഴ്നാടിനു മറെറാരു നയം, ഗുജറാറിനു വേറൊരു നയം ഇങ്ങനെ ഉണ്ടാകാൻ സാദ്ധ്യമല്ല. ഒരു പൊതു നയം ആ കാര്യത്തിൽ ഉണ്ടായിരിക്കണം. അതു കേന്ദ്രഗവണ്മെൻറിൽനിന്നു പകർന്നു സംസ്ഥാന ഗവണ്മെൻറുകൾക്കു കൊടുക്കാൻ സാധ്യമല്ലെന്നു പറയുന്നതുപോലെ, സംസ്ഥാനഗവണ്മെൻറിനും ചില അധികാരങ്ങൾ ജില്ലാതലത്തിലേക്കു പകർന്നു കൊടുക്കാൻ സാധിക്കാതെ വരും. ഉദാഹരണത്തിനു, സെലക്ഷൻഗ്രേഡു കമ്മിറ്റി റിപ്പോർട്ടിൻപ്രകാരം പോലീസധികാരം കൺകറൻറു ലിസ്റ്റിൽ ഉൾപ്പെട്ടുത്തിയിരിക്കുകയാണു്. സ്റ്റേറിനു ഒട്ടാകെ ഒരു പോലീസുനയം ഉണ്ടായിരിക്കണം. അല്ലാതെ ഓരോ ജില്ലയ്ക്കും പ്രത്യേകം പ്രത്യേകം പോലീസുനയം ഉണ്ടായിരിക്കാൻ പാടില്ല. 'വിദ്യാഭ്യാസം' ഒരു വിഷയമെന്ന നിലയിൽ അപ്പാടെ ജില്ലകൾക്കു് വിട്ടുകൊടുക്കണമെന്ന നിർദ്ദേശം സ്വീകാര്യയോഗ്യമല്ല വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഏതേതു കാര്യങ്ങളിൽ അധികാരം വിട്ടുകൊടുക്കണമെന്നു വ്യക്തമായി പറയേണ്ടതാണു്. പ്രൈമറി വിദ്യാഭ്യാസം വിട്ടുകൊടുക്കണമെന്നു പറയുന്നതിനോടു് എനിക്കു യോജിക്കാൻ നിവൃത്തിയില്ല. പ്രൈമറി വിദ്യാഭ്യാസത്തിന്റെ മണ്ഡലത്തിൽ ഇന്നയിന്ന കാര്യങ്ങളും നടത്താനുള്ള അധികാരം വിട്ടുകൊടുക്കാം എന്നു വ്യക്തമായി വ്യവസ്ഥചെയ്യണം. ഉദാഹരണമായിട്ടു് അദ്ധ്യാപകരുടെ സ്ഥലംമാറ്റം, സ്കൂളുകളുടെ സ്ഥാനനിർണ്ണയം, ജില്ലയിലെ പൊതുവിദ്യാലയങ്ങളുടെ മാനേജ്മെൻറു് എന്നിങ്ങനെ വ്യക്തമായിട്ടുള്ള കാര്യങ്ങളിൽ അധികാരം ജില്ലാ കൌൺസിലുകൾക്കു് കൊടുക്കാവുന്നതാണു്. വിദ്യാഭ്യാസം മൊത്തത്തിൽ വിട്ടുകൊടുത്താൽ പത്തോ പതിനൊന്നോ ജില്ലകളിൽ ഓരോരോ രീതിയിലുള്ള വിദ്യാഭ്യാസ സമ്പ്രദായം രൂപംകൊണ്ടെന്നുവരും. തിരുവനന്തപുരം ജില്ലയിൽ പത്തുവർഷം കൊണ്ടു സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുമ്പോൾ മലപ്പുറം ജില്ലയിൽ ഒൻപതു വർഷം കൊണ്ടും, കോട്ടയം ജില്ലയിൽ പതിനൊന്നു വർഷംകൊണ്ടും അതു നിർവ്വഹിച്ചെന്നുവരും. അതുപോലെതന്നെ സിലബസിന്റെ കാര്യത്തിലും ഓരോ ജില്ലയിലും

വ്യത്യസ്തമായ തീരുമാനങ്ങളും സ്വീകരിച്ചെന്നുവരും. അതുകൊണ്ട് വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം മൊത്തമായി ജില്ലകൗൺസിലുകൾക്ക് അധികാരം പകർന്നു കൊടുക്കുന്നതിൽ അർത്ഥമില്ല. ഏതെല്ലാം കാര്യങ്ങളിൽ അധികാരം നൽകണം എന്നു വ്യക്തമായി വ്യവസ്ഥചെയ്യണം.

ശ്രീ. കെ. കരുണാകരൻ : ഇന്നയിന്ന അധികാരങ്ങളും, അദ്ധ്യാപകരെ നിയമിക്കുക, സ്ഥലംമാറ്റുക എന്നിങ്ങനെയുള്ള കാര്യങ്ങളും പ്രത്യേകം വ്യവസ്ഥചെയ്യണമെന്നാണോ ?

ശ്രീ. എം. കെ. എ. ഹമീദ് : അതെ. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഏതു വിഷയം സംബന്ധിച്ചായാലും ജില്ലയ്ക്ക് പകർന്നുകൊടുക്കുന്ന അധികാരം ഇന്നയിന്ന കാര്യങ്ങളിലാണെന്ന് വ്യക്തമാക്കണം. ഇല്ലെങ്കിൽ വളരെ കുഴപ്പങ്ങളും ഉണ്ടാകും.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ ; ഗവണ്മെന്റിന്റെ പോളിസിക്ക് വിപരീതമായ ഒരു നയം ജില്ലാതലത്തിൽ നടപ്പാക്കാൻ ശ്രമിക്കുമോ ?

ശ്രീ. എം. കെ. എ. ഹമീദ് : സെലക്ട് കമ്മിറ്റി റിപ്പോർട്ടിൽ ഒന്നും വ്യക്തമായി പറഞ്ഞിട്ടില്ല. എക്സിക്യൂട്ടീവു അധികാരത്തെപ്പറ്റി ഒരു കാര്യം കൂടി പറയാനുണ്ട്. ജില്ലാ തലവൻ എക്സിക്യൂട്ടീവു അധികാരിക്കൂടി ആയിരിക്കണമെന്നു പറഞ്ഞാൽ ചില പ്രയാസങ്ങളും ഉണ്ടാകും. ജില്ലാ കൗൺസിലിന്റെ പ്രസിഡണ്ട് ഒരു അനദ്യോഗസ്ഥനായിരിക്കുമല്ലോ? എക്സിക്യൂട്ടീവു അധികാരം കൈകാര്യം ചെയ്യുന്ന പ്രസിഡണ്ടിനു്, ഭരണപരമായ പരിചയവും, വേണ്ടത്ര വിദ്യാഭ്യാസയോഗ്യതയും ഇല്ലാതെപോയാൽ, ഭരണനിർവ്വഹണസംബന്ധമായ വിവിധ കാര്യങ്ങളെ സംബന്ധിച്ച നല്ല വിവരം ഇല്ലാതെപോയാൽ, കാര്യം കുഴപ്പത്തിലാവും. ജനപ്രതിനിധികൾക്ക് വിദ്യാഭ്യാസയോഗ്യത നിർബന്ധമാക്കിയിട്ടില്ല. ഹരി: ശ്രീ പോലും അറിയാത്തവരും, കഷ്ടിച്ച് എങ്ങനെ എങ്കിലും ഒപ്പിടാൻ മാത്രം കഴിവുള്ളവരും മന്ത്രിസ്ഥാനത്തുവരെ എത്തിയിട്ടുള്ളതായി അറിയാൻ കഴിയുന്നുണ്ട്. ശ്രീ. മാധവൻപിള്ള പറഞ്ഞതുപോലെ ജില്ലാ കൗൺസിൽ പ്രസിഡണ്ടിനു് എക്സിക്യൂട്ടീവു അധികാരംകൂടി നൽകണമെങ്കിൽ, വിദ്യാഭ്യാസയോഗ്യതയോ ഭരണപരിചയമോ ഉണ്ടായിരിക്കണമെന്നുകൂടി വ്യവസ്ഥ ചെയ്യേണ്ടിവരും.

ശ്രീ. എൻ. പ്രഭാകരത്തണ്ടാർ : ജില്ലാ കൗൺസിൽ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുന്നയാളിനു് ഇന്ന യോഗ്യതവേണമെന്നു വ്യവസ്ഥചെയ്യണമെന്നാണോ ?

ശ്രീ. എം. കെ. എ. ഹമീദ് : ജില്ലാ കൌൺസിലിന്റെ ചീഫ് എക്സിക്യൂട്ടീവു ആഫീസർ പ്രസിഡണ്ടായിരിക്കണമെങ്കിൽ അങ്ങനെ ചെയ്യേണ്ടിവരും.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : മുഖ്യമന്ത്രി എക്സിക്യൂട്ടീവിന്റെ തലവനാണ്. എം. എൽ. എ. മാക്ക് ആ അധികാരമില്ല. തിരഞ്ഞെടുക്കപ്പെടുന്ന ജില്ലാ കൗൺസിൽ പ്രസിഡണ്ടിനു് ആ അധികാരം നൽകുന്നതിൽ എന്താണു കുഴപ്പം ?

ശ്രീ. എം. കെ. എ. ഹമീദ് : എക്സിക്യൂട്ടീവു് തീരുമാനമെടുക്കുവാനുള്ള അധികാരവും, എടുത്ത തീരുമാനങ്ങളും നടപ്പിലാക്കാനുള്ള അധികാരവും തമ്മിൽ വ്യത്യാസമുണ്ട്. രണ്ടും രണ്ടാണ്. നേരിട്ട് നടപടി നടത്താനുള്ള അധികാരം വേണമെങ്കിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ കാളിഫിക്കേഷൻ നിശ്ചയിക്കേണ്ടിവരും.

ശ്രീ. കെ. എ. ശിവരാമഭാരതി : ഒരു മന്ത്രിയാകുവാനുള്ള കാളിഫിക്കേഷൻ ഒരു ജില്ലാ പ്രസിഡണ്ടിനു പോരാ എന്നാണോ പറയുന്നതു് ? അതു ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. എ. ഹമീദ് : അങ്ങനെ അല്ല ഞാൻ പറയുന്നത്. ഇപ്പോഴത്തെ വ്യവസ്ഥകൾതന്നെ മതി. ജനപ്രതിനിധികൾ എടുക്കുന്ന തീരുമാനം നടപ്പിലാക്കുവാനുള്ള ജോലി ഉദ്യോഗസ്ഥന്മാർക്ക് വിട്ടുകൊടുക്കണം.

ശ്രീ. കെ. എ. ശിവരാമഭാരതി : വിദ്യാഭ്യാസയോഗ്യത പ്രിസ്ക്രൈബ് ചെയ്യണമെന്നു പറഞ്ഞതുകൊണ്ടു ചോദിക്കുകയാണ്. ഒരു മന്ത്രിയാകുവാൻ വിദ്യാഭ്യാസയോഗ്യത പ്രിസ്ക്രൈബ് ചെയ്യേണ്ടതില്ലല്ലോ ?

ശ്രീ. എം. കെ. എ. ഹമീദ് : വിദ്യാഭ്യാസ യോഗ്യത പ്രിസ്ക്രൈബ് ചെയ്യണമെന്നല്ല ഞാൻ പറഞ്ഞത്. എക്സിക്യൂട്ടീവ് അധികാരങ്ങൾ നടപ്പിലാക്കുമ്പോൾ ഉദ്യോഗസ്ഥന്മാർ ചെയ്യേണ്ട ജോലി കൂടി ജനപ്രതിനിധികൾ ഏറ്റെടുക്കുകയാണെങ്കിൽ ഇങ്ങനെയുള്ള ചിലതുകൂടി ചേർക്കേണ്ടിവരുമെന്നാണ് ഞാൻ പറഞ്ഞത്. തീരുമാനങ്ങൾ എടുക്കുവാനുള്ള അധികാരം സമിതിയുടേതായിരിക്കണം. പ്രസിഡന്റിന്റെ മേൽനോട്ടത്തിൻകീഴിൽ, തീരുമാനങ്ങൾ നടപ്പിലാക്കേണ്ട ചുമതല ഉദ്യോഗസ്ഥന്മാർക്കായിരിക്കണം.

ശ്രീ. എൻ. പ്രഭാകരൻനായർ : അതു പറഞ്ഞു പറഞ്ഞു് വിദ്യാഭ്യാസ യോഗ്യത യുണ്ടായിരിക്കണമെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുന്നതു അപകടമാണ്. അതു സൂക്ഷിക്കണം.

ശ്രീ. എം. കെ. എ ഹമീദ് : ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ശ്രീ. മാധവൻ പിള്ള പറഞ്ഞ വാദം സ്വീകരിക്കുകയാണെങ്കിൽ വരാവുന്ന അപകടത്തെപ്പറ്റി സൂചിപ്പിച്ചതാണ്. ഇതെല്ലാം കേട്ടപ്പോൾ എന്തോ പാതകമുണ്ടായിട്ടുണ്ടോ എന്ന എനിക്കു സംശയം തോന്നുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾ ധാരാളം മതി. അതിൽ ഞാൻ തൃപ്തനാണ്. ജനപ്രതിനിധികൾ പറയട്ടെ. അവർക്കു തീരുമാനങ്ങൾ എടുക്കുന്നതിനുള്ള പരിപൂർണ്ണമായ അധികാരം ഉണ്ടായിരിക്കണം. അവർ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കുവാനുള്ള അധികാരം മാത്രമേ ഉദ്യോഗസ്ഥന്മാർക്കുണ്ടായിരിക്കുകയുള്ളൂ. ജനപ്രതിനിധികൾ എടുക്കുന്ന തീരുമാനം ശരിയാകട്ടെ തെറ്റാകട്ടെ നടപ്പിലാക്കുവാനുള്ള ചുമതല ഉദ്യോഗസ്ഥന്മാർക്കുണ്ടായിരിക്കണം.

അതുപോലെതന്നെ സെക്രട്ടറിയുടെ റാങ്കിനെ സംബന്ധിച്ചും എനിക്കഭിപ്രായ വ്യത്യാസം ഉണ്ട്. സെക്രട്ടറിയുടെ പദവി ഒരു ജോയിന്റ് സെക്രട്ടറിയുടേതായിരിക്കണമെന്നാണ് സെലക്ട് കമ്മിറ്റിനിർദ്ദേശിച്ചിരിക്കുന്നതു് കളക്ടരുടെ റാങ്കായി നിശ്ചയിച്ചാൽ മതിയെന്നുള്ളതാണ് എന്റെ അഭിപ്രായം. ഏതായാലും വളരെ പ്രാധാന്യം ഉള്ള ഈ ബിൽ കുറച്ചു സമയം എടുത്താലും വേണ്ടില്ല, ഇതിലെ എല്ലാ വകുപ്പുകളും വളരെ വിശദമായിട്ട് പരിശോധിച്ചു, പാകപ്പിഴകൾ പരിപൂർണ്ണമായി നീക്കിയിട്ടുമാത്രമേ നിയമമാക്കുവാൻ പാടുള്ളൂ. ജനാധിപത്യപരമായ അധികാര വികേന്ദ്രീകരണം പരമാവധി നടപ്പിലാക്കണം. ജനങ്ങളെ വിശ്വസിക്കണം. അവർക്കു സജീവമായ ഭാഗഭാഗിത്വത്തിനുള്ള അവസരങ്ങൾ അനുവദിക്കുകതന്നെ വേണം. അതിൽ വരാവുന്ന അപ്രായോഗികമായ കാര്യങ്ങൾ ഒഴിവാക്കുകയും ചെയ്യണം. ഇതെല്ലാം കൂലങ്കഷമായി പരിശോധിച്ച ഈ ബിൽ എത്രയും വേഗം നിയമമാക്കി നടപ്പാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സർ, ഈ ബില്ലിനെ സ്വാഗതം ചെയ്തുകൊണ്ടും അനുകൂലിച്ചുകൊണ്ടും ചില വാക്കുകൾ പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഇൻഡ്യയിൽ മറ്റു പല സംസ്ഥാനങ്ങളിലും രൂപം എടുത്തിട്ടുള്ള പഞ്ചായത്തിരാജ് ബില്ലിൽ നിന്നും വ്യത്യസ്ത രീതിയിലുള്ള ബില്ലാണ് നമ്മുടെ സഭ മുമ്പാകെ ചർച്ചയ്ക്കു വന്നിരിക്കുന്നതു്. പ്രധാനമായ വ്യത്യാസം എന്താണെന്നു വച്ചാൽ മറ്റു സ്റ്റേറ്റുകളിൽ രൂപംകൊണ്ടിട്ടുള്ള പഞ്ചായത്തിരാജ് ബില്ലുകൾ വികസന പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾക്കു സ്ഥാനം

നൽകാൻ ഉദ്ദേശിച്ചുകൊണ്ടുമാത്രം ഉണ്ടാക്കിയിട്ടുള്ളതാണു്. വികസന പ്രവർത്തനങ്ങളുടെ പരിധിക്കപ്പുറം ഭരണകാര്യങ്ങളിൽ തന്നെയും ചെറിയ ചെറിയ കാര്യങ്ങളിൽ പോലും ഏറ്റവും ഉന്നത സ്ഥാനത്തുനിന്നു സംസ്ഥാന നിലവാരത്തിൽ തന്നെ പല തീരുമാനങ്ങളുമുണ്ടാകണമെന്നുള്ള ഇന്നത്തെ വ്യവസ്ഥ സാധാരണ ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുകയാണെന്നുള്ള കാര്യം പരിഗണിച്ചുകൊണ്ടു പഞ്ചായത്തു തലത്തിലും ജില്ലാതലത്തിലും ചെയ്യേ തീർക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആ തലത്തിൽ പ്രവർത്തിക്കുന്നതിനുള്ള ഭരണപരമായ അധികാരം പരിപൂർണ്ണമായും നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണു് നമ്മുടെ ഈ ബിൽ. പ്രധാനമായും അധികാര വികേന്ദ്രീകരണത്തിന്റെ ഉദ്ദേശത്തോടു കൂടിയുള്ള ഒരു ബില്ലാണു് ഇതു്. അല്ലാതെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള അധികാര വികേന്ദ്രീകരണം മാത്രം ഉദ്ദേശിച്ചിട്ടുള്ളതല്ല. പരിപൂർണ്ണമായ അധികാരവികേന്ദ്രീകരണം ഉദ്ദേശിച്ചിട്ടുള്ള ഒരു ബില്ലാണു്.

മറ്റൊരു വ്യത്യാസം നമ്മുടെ വിഭാവനം ചെയ്തിരിക്കുന്ന പഞ്ചായത്തിരാജ്ജിൽ ട്വടയർ സിസ്റ്റമാണു് അംഗീകരിച്ചിരിക്കുന്നതു്; മറ്റു സംസ്ഥാനങ്ങളിൽ ശ്രീ. ബൽവന്തറായി മേത്ത ശുപാർശ ചെയ്ത പ്രകാരം ത്രീ ടയർ സിസ്റ്റമാണു് സ്വീകരിച്ചിരിക്കുന്നതു്. കേരളം ഇൻഡ്യയിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഏറ്റവും ചെറിയ സംസ്ഥാനമാണു്, അതേസമയം കൂടുതൽ ജനസാന്ദ്രതയും കൂടുതൽ ജനസംഖ്യയുമുള്ള സംസ്ഥാനമാണു്. ആ നിലയിൽ പഞ്ചായത്തിലും കൂടുതൽ ജനസംഖ്യയുള്ളതാണു്. ആ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ടാണു് ട്വടയർ സിസ്റ്റം മതിയാകുമെന്നുള്ളതു സ്വീകരിച്ചിട്ടുള്ളതു്. ഇൻഡ്യാ രാജ്യത്തു നമ്മുടെ സ്റ്റേറ്റിന്റെ പ്രത്യേകത പരിഗണിച്ചുകൊണ്ടും സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം ഭരണരംഗത്തു ജനാധിപത്യവൽകരണവും വികേന്ദ്രീകരണവും വരുത്തണമെന്നുള്ള അഭിലാഷത്തിന്റെ പേരിൽ ഇങ്ങനെ രൂപം നൽകികൊണ്ടു ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ സ്വാഗതം ചെയ്യാൻ എനിക്കു പ്രത്യേകമായ സന്തോഷം ഉണ്ടു്.

ഈ ബില്ലിൽ വിട്ടുപോയിട്ടുള്ള ചില കാര്യങ്ങളും കൂടി പ്രസ്താവിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണു്. എനിക്കു മുമ്പു ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എം. കെ. എ. ഹമീദു് സംസാരിച്ച അവസരത്തിൽ എക്സിക്യൂട്ടീവു് അധികാരങ്ങളെ സംബന്ധിച്ചു സംസാരിക്കുകയുണ്ടായി. എക്സിക്യൂട്ടീവു് അധികാരങ്ങളുടെ തലപ്പത്തുള്ളതു പ്രസിഡന്റാണു്. പ്രസിഡന്റാണു് ചുമതല വഹിക്കുന്നതു്. ജില്ലാ കൗൺസിൽ സെക്രട്ടറി അല്ലെങ്കിൽ ചെയർമാൻ, ആഫീസു കാര്യങ്ങൾക്കു ഒരു ജോയിന്റു സെക്രട്ടറിയെ കൂടി നിയോഗിക്കുവാനുള്ള വ്യവസ്ഥ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു ഞാൻ വിസ്മരിക്കുന്നില്ല. ഇതിനെല്ലാം പുറമേ പ്രധാനപ്പെട്ട ആറു വിഷയങ്ങൾക്കു സ്റ്റാൻറിംഗ് കമ്മറ്റിയെ നിശ്ചയിച്ചിട്ടുണ്ടു്. സ്റ്റാൻറിംഗ് കമ്മറ്റിയും പ്രസിഡണ്ടും സെക്രട്ടറിയും ജോയിന്റു സെക്രട്ടറിയുണ്ടെങ്കിൽ ജോയിന്റു സെക്രട്ടറിയും കൂടി ചേർന്നുകൊണ്ടു ഇതിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ അധികാരങ്ങളും ജോലിയും ചെയ്തു തീർക്കുവാൻ സാദ്ധ്യമല്ല. തീർച്ചയായിട്ടും സ്റ്റേറ്റു ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരെ ആശ്രയിക്കേണ്ടി വരും. ഒന്നാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന അഗ്രിക്കൾച്ചർ, അനിമൽ ഹസ്ബൻററി, എഡ്യൂക്കേഷൻ, റിലീഫ് ഇറിഗേഷൻ തുടങ്ങിയ പല പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ജില്ലാ കൗൺസിലിനു വിട്ടുകൊടുക്കുന്നുണ്ടു് ഇവയിൽ ഓരോന്നിനും നയപരമായ തീരുമാനങ്ങളും എടുക്കുവാൻ ജില്ലാ കൗൺസിലിനു അധികാരങ്ങളും ഉണ്ടെങ്കിൽ തന്നെയും ആ എടുക്കുന്ന തീരുമാനങ്ങളും നടപ്പിൽ വരുത്തുന്നതിനു സ്റ്റേറ്റു ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരെ ആശ്രയിക്കേണ്ടിവരും. അതു കേന്ദ്രത്തിനേറെതായാലും സംസ്ഥാനത്തിനേറെതായാലും വേണ്ടിവരും. കേന്ദ്രഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം അവർക്കു അധികാരമുള്ളവ നിർവഹിക്കുന്നതിനു അവരുടേതായ ഉദ്യോഗസ്ഥന്മാർ ഉണ്ടു്. സ്റ്റേറ്റുഗവണ്മെൻറിനെസംബന്ധിച്ചിടത്തോളം സ്റ്റേറ്റു ഗവണ്മെൻറിന്റെ അധികാരത്തിൽപെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടനാപ്രകാരം അവരിൽ നിക്ഷിപ്തമായിട്ടുള്ള വമ്പിച്ച അധികാരങ്ങളും അവരുടെ അധികാരങ്ങളും നടപ്പിൽ വരുത്തുന്നതിനു സഹായകരമായ ഉദ്യോഗസ്ഥന്മാരും ഉണ്ട്. എന്നാൽ ഈ പുതിയ സംവിധാനത്തിൽ വ്യക്തമായിട്ടുള്ള അധികാരത്തോടുകൂടി വരുന്ന ജില്ലാ കൗൺസിലിന്റെ അധികാരങ്ങളും നിറവേറ്റുന്നതിനു സ്വന്തമായി ഉദ്യോഗസ്ഥന്മാർ ഇല്ല. സെക്രട്ടറിയും സ്റ്റാൻറിംഗ് കമ്മറിയും മാത്രമാണുള്ളതു്. ഉദാഹരണമായി മൈനർ ഇറിഗേഷനെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ജൂനിയർ ഇൻജിനീയറുടേയും അസിസ്റ്റൻറു ഇൻജിനീയറുടേയും എക്സിക്യൂട്ടീവു ഇൻജിനീയറുടേയും സഹായം ആവശ്യമാണു്. അതുപോലെ തന്നെ കാർഷിക കാര്യങ്ങളിലും അഗ്രിക്കൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിയ കാര്യങ്ങളിലും സ്റ്റേറു് ഗവണ്മെൻറിനെ ആശ്രയിക്കേണ്ടിവരും. ഈ സ്റ്റേറു ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരുടെ മേൽ ജില്ലാ കൗൺസിലിനു എന്തെങ്കിലും രീതിയിൽ അധികാരം ഉണ്ടെന്നു വിവക്ഷിക്കുന്ന ഒരു ക്ലാസ്പോലും ഇതിൽ ഇല്ല. അത്തരം ഒരു ചാപ്റ്റർ വാസ്തവത്തിൽ ഇതിൽ വിട്ടുപോയിരിക്കുകയാണു്. ഇതിൽ ആഫീസേഴ്സിനു ഒരു ചാപ്റ്റർ ഉണ്ടു്. ആഫീസുകാര്യങ്ങളും സെക്രട്ടറിയും ജോയിൻറു സെക്രട്ടറിയുമാണുള്ളതു്. അതല്ലാതെ നിക്ഷിപ്ത അധികാരങ്ങളോടുകൂടി ഒരു മന്ത്രി ചെയ്യുന്നതുപോലെയുള്ള അധികാരം പ്രസിഡൻറിനും ഉണ്ടായിരിക്കുന്നതാണെന്നുള്ള ഒരു ചാപ്റ്റർ കൂടി ഇതിൽ എഴുതി ചേർക്കേണ്ടതാണു്. അതായതു തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും നടപ്പിൽ വരുത്തുന്നതിൽ വീഴ്ച കാണിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ മേൽ ഏതെങ്കിലും പ്രത്യേക തരത്തിലുള്ള നിയന്ത്രണം ഉണ്ടായിരിക്കത്തക്കവണ്ണം ഒരു മേൽ അധികാരം ജില്ലാ കൗൺസിലിനും ഉണ്ടായിരിക്കും എന്ന കാര്യം വ്യക്തമാക്കേണ്ടതുണ്ടു്. അതില്ലെങ്കിൽ ഇവിടെ പ്രതിപാദിച്ചതുപോലെ ഏതെങ്കിലും ഒരു ബണ്ടു വീണുപോയാൽ അതിലേയ്ക്കു ഒരു എക്സിക്യൂട്ടീവു ഇൻജിനീയറേയോ അസിസ്റ്റൻറു ഇൻജിനീയറേയോ സമീപിച്ചാൽ അവർ ഗവണ്മെൻറു ഞങ്ങളെ ഒരു പ്രധാന കാര്യം ഏൽപിച്ചിരിക്കുകയാണു്, ഞങ്ങളും ഗവണ്മെൻറുദ്യോഗസ്ഥന്മാരാണു് അതുകൊണ്ടു ഇപ്പോളും ഇതു അറൻഡു ചെയ്യാൻ സമയമില്ലെന്നു പറഞ്ഞാൽ അവരുടെ മേൽ യാതൊരു അധികാരവും എടുക്കുവാൻ ഈ ബിൽ പ്രകാരം സാദ്ധ്യമല്ല. സെക്രട്ടറിക്കു പരോക്ഷമായി ഒരു നിയന്ത്രണം എടുക്കുവാൻ കഴിയുമെന്നുള്ളതാണു് വിചാരിച്ചിരിക്കുന്നതെങ്കിൽ സ്റ്റാറ്റസ് ഉള്ള ഒരു ഉദ്യോഗസ്ഥനെ നിയന്ത്രിക്കുക എന്നുള്ളതു കേവലം പരോക്ഷമായിട്ടുള്ള നിയന്ത്രണം തന്നെയായിരിക്കും. അതു ഫലപ്രദമായ നിയന്ത്രണമായിരിക്കുകയില്ല. അതുകൊണ്ടു ഇതിൽതന്നെ ഒരു വകുപ്പു ഉൾക്കൊള്ളിക്കേണ്ടതാണു്. ഭരണപരമായ കാര്യങ്ങളും നിർവഹിക്കുന്ന സന്ദർഭത്തിൽ സ്റ്റേറു ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ മേൽ ഇത്രത്തോളമുള്ള നിയന്ത്രണവും മേലധികാരവും ജില്ലാ കൗൺസിലിനേറയും സ്റ്റാൻറിംഗ് കമ്മറിയുടേയും പ്രസിഡണ്ടിനു ഉണ്ടായിരിക്കുന്നതാണെന്നു വ്യക്തമായിട്ടു ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിൽ ഭരണ രംഗത്തു പ്രവർത്തനം വരുന്ന സന്ദർഭത്തിൽ വലിയ സ്തംഭനം ഉണ്ടാകും. ഒരു പക്ഷേ ഉദ്ദേശിച്ചിട്ടുള്ളതു റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ ഇതുകൂടി ഉൾപ്പെടുത്താമെന്നായിരിക്കും, എന്നാൽ തരക്കേടില്ല. റൂൾസ് ഫ്രെയിം ചെയ്യുമ്പോൾ വിശദമായി അതു ചെയ്യേണ്ടതാണു്. എങ്കിൽതന്നെയും ജനാലായിട്ട ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ മേൽ ജില്ലാ കൗൺസിലിനു നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങളും നിർവഹിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ജില്ലാ കൗൺസിലിനു നിയന്ത്രണാധികാരം ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥയെങ്കിലും ഉൾക്കൊള്ളിക്കണം. ഇല്ലെങ്കിൽ റൂൾസിൽ വന്നതുകൊണ്ടുമാത്രം ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

മറ്റൊരു കാര്യം ഷെഡ്യൂൾപ്രകാരം വളരെയധികം കാര്യങ്ങളും ജില്ലാ കൗൺസിലിനു ചെയ്യാനായി വിട്ടുകൊടുക്കുന്നുണ്ടു്. അവയ്ക്കു ഇനിമേലാൽ സ്റ്റേറു ഗവണ്മെൻറിനു യാതൊരു അധികാരവും ഉണ്ടായിരിക്കുകയില്ല എന്നാണു് വിചാരിക്കുന്നതു്. ഈ നിയമം പാസ്സായി കഴിഞ്ഞാലും സോവിയറു സഹായത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി നടത്താനുദ്ദേശിച്ചിട്ടുള്ള ആളും ഫാമിന്റെ കാര്യവും അതുപോലുള്ള കാര്യങ്ങളും എല്ലാം അവ സംബന്ധിച്ച കാര്യങ്ങളുടെ മേൽനോട്ടവും ഭരണാധികാരവും മറ്റു കാര്യങ്ങളുമെല്ലാം വേറെയായിട്ട നിൽക്കുമോ ? വ്യക്തമായിട്ട ഇന്നയിന്ന കാര്യങ്ങളുടെ ചുമതലയും അധികാരവും ജില്ലാ കൗൺസിലിനായിരിക്കുമെന്ന ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

അതുപോലെതന്നെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും ഇറിഗേഷന്റെ കാര്യത്തിലായാലും വ്യക്തമായ രീതിയിലുള്ള വ്യവസ്ഥ ചെയ്തില്ലെങ്കിൽ, സ്റ്റേറ്റും ജില്ലാ കൗൺസിലുകളും തമ്മിൽ അധികാര വടംവലിക്കും, അങ്ങനെ ഭരണസ്തംഭനത്തിനും ഇടവരും. കുറച്ചുകൂടി വിശാലമായ താൽപ്പര്യത്തോടുകൂടി സ്റ്റേറ്റു നിലവാരത്തിലുള്ള കാര്യങ്ങളും സ്റ്റേറ്റു നിലവാരത്തിൽ നടത്തുന്നതിനും ജില്ലാ നിലവാരത്തിലുള്ള കാര്യങ്ങളും ജില്ലാ നിലവാരത്തിൽ നടത്തുന്നതിനും ആവശ്യമായ വ്യവസ്ഥകളും ചെയ്യുന്നമെന്നാണു് എനിക്കു് ഓർമ്മപ്പെടുത്തുവാനുള്ളതു്.

ശ്രീ. എം. രാമുണ്ണി : ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിലെ ക്ലാസു് 35 നോക്കിയിട്ടില്ലെന്നു തോന്നുന്നു. അതു വായിച്ചു നോക്കിയിരുന്നുവെങ്കിൽ ഇങ്ങനെ പറയുമായിരുന്നില്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ഇതിലെ ക്ലാസു് 35—ൽ The Government shall place at the service of the district council such of its officers and servants as are required for the functioning of the district council. എന്നു മാത്രമാണു് പറയുന്നതു്. അതുകൊണ്ടു് കാര്യങ്ങൾ കൃത്യമായി നിർവഹിക്കാമെന്നു് തോന്നുന്നില്ല. ഞാനൊരുദാഹരണം പറയാം. ഒരു എക്സിക്യൂട്ടീവു് ഇൻജിനീയർക്കു് സ്റ്റേറ്റു ലവലിലുള്ള മേജർ വർക്കുകളെ സംബന്ധിച്ചിടത്തോളമുള്ള ചുമതലയും, ജില്ലാ നിലവാരത്തിലുള്ള ഇറിഗേഷൻ പ്രവർത്തനങ്ങളുടെ ചുമതലയും വഹിക്കേണ്ടിവരും. ആ സന്ദർഭത്തിൽ ആ ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളമുള്ള നിയന്ത്രണം ആർക്കായിരിക്കുമെന്നു് വ്യക്തമാക്കേണ്ടതാണു്.

ശ്രീ. എം. മൊയ്തീൻകുട്ടിഹാജി : അപ്പോൾ ജില്ലാതലത്തിലും എല്ലാഡിപ്പാർട്ടുമെന്റുകളുടേയും ഓരോ ചീഫ് പ്രത്യേകം വേണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ജില്ലാ കൗൺസിലുകൾക്കു് പ്രത്യേകമായി ഒരു ഉദ്യോഗസ്ഥമണ്ഡലം സൃഷ്ടിക്കണമെന്നല്ല ഞാൻ പറയുന്നതു്. നമ്മുടെ സ്റ്റേറ്റിന്റെ സ്ഥിതിഗതികൾ കണക്കിലെടുത്തു നോക്കിയാൽ അതിനു് സാദ്ധ്യമാകുകയില്ലെന്നു് കാണാവുന്നതാണു്. സ്റ്റേറ്റിനു് അതിന്റേതായ ഉദ്യോഗസ്ഥമണ്ഡലം ഉണ്ടു്. എന്നാൽ ജില്ലകൾക്കു് അതിന്റേതായ ഒരു പ്രത്യേക ഉദ്യോഗസ്ഥമണ്ഡലം ഉണ്ടാക്കാൻ സാദ്ധ്യമല്ല. അപ്പോൾ അവർ സ്റ്റേറ്റിലെ ഉദ്യോഗസ്ഥമണ്ഡലത്തെ ആശ്രയിക്കേണ്ടിവരും.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഒരു സമാന്തര സിവിൽ സർവ്വീസു് വേണമെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : സമാന്തര സിവിൽ സർവ്വീസു് വേണമെന്നല്ല ഞാൻ പറയുന്നതു്. ഇപ്പോഴും വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ തന്നെ ബില്ലു് പാസ്സാക്കുകയാണെങ്കിൽ ഉദ്യോഗസ്ഥന്മാരിൽനിന്നും പ്രതിഷേധ ശബ്ദം ഉയർന്നു വരാനിടയുണ്ടു്. ഇപ്പോഴും അദ്ധ്യാപകന്മാരുടെ മേൽ മാനേജർക്കു് നിയന്ത്രണമുണ്ടു്. അതേ അവസരം ഗവണ്മെന്റിനും അദ്ധ്യാപകന്മാരുടെ മേൽനിയന്ത്രണം വേണമെന്നു പറഞ്ഞപ്പോഴും അദ്ധ്യാപകന്മാരിൽ നിന്നും പ്രതിഷേധശബ്ദം ഉയർന്നുവരികയുണ്ടായി. അതുപോലെ സ്റ്റേറ്റിനും ജില്ലാകൗൺസിലുകൾക്കും ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം വേണമെന്നു പറയുമ്പോഴും ഉദ്യോഗസ്ഥന്മാരിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും വൻതോതിലും, സംഘടിതമായും ഉള്ള പ്രതിഷേധശബ്ദം ഉയർന്നു വരാ നിടയുണ്ട്. അതുകൊണ്ട് ഇതിനു് വ്യക്തമായ രീതിയിൽതന്നെ വ്യവസ്ഥ ചെയ്യ ണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. അതേസമയം വ്യത്യസ്തമായ ഉദ്യോ ഗസ്ഥമണ്ഡലം സൃഷ്ടിക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. ഇന്നുള്ള ഉദ്യോഗസ്ഥ മണ്ഡലത്തെ ഉപയോഗിച്ചു് അധികാരം ജില്ലാകൗൺസിലുകൾക്കു് പകർന്നു കൊടു ക്കണം. സ്റ്റേറ്റു ഗവണ്മെൻറുകളും കേന്ദ്രഗവണ്മെൻറും തമ്മിൽ ബന്ധമുണ്ടു്. പക്ഷെ സ്റ്റേറ്റിനു് സ്റ്റേറ്റിനേറതായ അധികാരമുണ്ടു്. എല്ലാ കാര്യത്തിനും കേന്ദ്രത്തെ ആശ്രയിക്കേണ്ട ആവശ്യമില്ല. അതുപോലെയുള്ള ബന്ധമല്ല ഒരു ഡിസ്ട്രിക്ടും സ്റ്റേറ്റും തമ്മിലുള്ളതു്. ഇവിടെയുള്ള ഉദ്യോഗസ്ഥന്മാരെല്ലാംതന്നെ മേലുദ്യോഗസ്ഥന്മാരുമായിട്ട ബന്ധമുള്ളവരാണു്. മേലുദ്യോഗസ്ഥന്മാർ അവർക്കു താഴ്ന്ന ലവിലുള്ളവരുമായി ബന്ധം പുലർത്തുന്നില്ല. ആ നിലമാറിയിട്ടു് അവർ ജില്ലാ കൗൺസിലുകളുമായി കൂടി ബന്ധമുള്ളവരായിരിക്കണം. ജില്ലാ കൗൺസിലുകളുടെ ആജ്ഞകൂടി അവർ സ്വീകരിക്കാൻ ബാദ്ധ്യസ്ഥരാകണം. ജില്ലാ കൗൺസിലുകളുടെ ആജ്ഞ ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥകളും കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണു്. അതും കൂടി നിയമപരമായി ഇതിനകത്തു് ഉൾക്കൊള്ളിക്കാതെ അധികാരം മാത്രം ജില്ലാ കൗൺസിലുകൾക്കു് കൊടുത്തതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുക യില്ല. അധികാരങ്ങളും ജില്ലാ കൗൺസിലുകൾക്കു് കൊടുക്കുന്നതോടൊപ്പം അതു് അഡ്മിനിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം കൂടി കൊടുക്കേണ്ടതാണു് ഉദ്യോഗ സ്ഥന്മാരെ സംബന്ധിച്ചിടത്തോളം വ്യക്തമായി അവർക്കു് ഇന്നയിന്ന അധികാര ങ്ങളെല്ലാം ഉണ്ടെന്നു് വ്യക്തമാക്കാതിരുന്നാൽ കൂടുതൽ കൂടുതൽ കുഴപ്പങ്ങൾക്കു് കാരണമാകും.

ഇവിടെ മറെറാരു പ്രശ്നം ഉയർന്നുവന്നതു് ഡിസ്ട്രിക്ടു് കൗൺസിലുകൾക്കു് സൂപ്പർവൈസറി അധികാരം ഉണ്ടായിരിക്കണമെന്നുള്ളതിനെപ്പററിയാണു്. പഞ്ചാ യത്തു് രാജ് ബിൽ ഇവിടെ അവതരിപ്പിച്ച സന്ദർഭത്തിൽ തിരുവനന്തപുരം കോർ പ്പറേഷൻമേയർ കൂടിയായ ശ്രീ. വാമദേവൻ ഇതിനെപ്പററി സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞതു് കോർപ്പറേഷനുകൾക്കു് ഒരു ഡിസ്ട്രിക്ടു് കൗൺസിലി നുള്ളതു അധികാരം ഇപ്പോഴുണ്ടു്, ആ നിലയ്ക്കു് ഒരു കോർപ്പറേഷൻറമേൽ സൂപ്പർവൈസറിഅധികാരം ജില്ലാകൗൺസിലുകൾക്കു് കൊടുക്കുന്നതു് ഉചിതമായിരി ക്കുകയില്ലെന്നാണു്. അതിനെസംബന്ധിച്ചു് ഗൗരവമായി ചിന്തിക്കേണ്ടതാണു് അധികാരംപകർന്നു കൊടുക്കുന്ന അവസരത്തിൽ ഒരേ അധികാരത്തോടു കൂടിയ രണ്ടു് ബോഡികളിൽഒന്നിനു് മറെറാന്നിൻറമേൽ സൂപ്പർവൈസറിഅധികാരം കൊടുക്കുക യാണെങ്കിൽ അവ തമ്മിൽ മത്സരത്തിനു് ഇടയാക്കും. അതു് ഒടുവിൽ സ്വാഗതാർ ഹമല്ലാത്ത സംഭവവികാസങ്ങൾക്കു് ഇടവരുത്തും. നമ്മുടെ സംസ്ഥാനത്തു് മൂന്നു് കോർപ്പറേഷനുകളുണ്ടു്. ആ കോർപ്പറേഷനുകൾക്കു് ഇന്നതന്നെയുള്ള അധികാരങ്ങൾ മിക്കവാറും ജില്ലാ കൗൺസിലുകൾക്കു് ഈ ബിൽ പ്രകാരം പകർന്നു കൊടുക്കുന്ന അധികാരത്തോടു തുല്യമായിട്ടുള്ളതാണു്. ആ നിലയ്ക്കു് ജില്ലാ കൗൺസിലുകൾക്കു് സമമായി കോർപ്പറേഷനുകളെയും പരിഗണിക്കേണ്ടതാണു്. ഞാൻ എൻറെ അഭി പ്രായം പറഞ്ഞുവെന്നേയുള്ളൂ. മുനിസിപ്പാലിറികളുടേയും പഞ്ചായത്തുകളുടേയും മേൽ ജില്ലാ കൗൺസിലുകൾക്കു് സൂപ്പർവൈസറി അധികാരം ഉണ്ടായാലേ മതിയാകൂ. ഈ ബില്ലിൽ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറികളുടേയും, മേൽ ജില്ലാ കൗൺസിലുകൾക്കു് സൂപ്പർവൈസറി അധികാരം നിലനിറുത്തുകയും, കോർപ്പറേഷനുകളെ സംബന്ധിച്ചിടത്തോളം അതിൽനിന്നും മാറി നിറുത്തുകയും ചെയ്യുന്നതു് ഉചിതമായിരിക്കുമെന്നാണു് എനിക്കു് പറയുവാനുള്ളതു്. ജില്ലാ കൗൺസിലുകളേയും കോർപ്പറേഷനുകളേയും ഒരു പോലെ കരുതുന്നതായിരിക്കും നല്ലതു്. പഞ്ചായത്തുകളിൽ നിക്ഷിപ്തമായ അധികാരം ഈ ബിൽകൊണ്ടു് യാതൊരു വിധത്തിലും ഹനിക്കുന്നില്ലെന്നു് വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ക്ലാസ് 45 സെക്ഷൻ 2 ൽ അതിനെപ്പററി പറയുന്നുണ്ടു്. അതിൻറെ പാരലലായിട്ട മുനിസി

LIBRARY ARCHIVES Kerala Legislative Assembly

പ്പൽ കൗൺസിലുകളെസംബന്ധിച്ചിട്ടുള്ള ഒരു സെക്ഷൻ കൂടി ആവശ്യമാണു്, അല്ലെങ്കിൽ ഒരു സബ്സെക്ഷനെങ്കിലും ആവശ്യമാണു്. കാരണം ജില്ലാകൗൺസിലുകൾക്കു് സൂപ്പർവൈസറി അധികാരം കൊടുക്കുന്നതു് ലോക്കൽബോഡികളുടെ മേലാണു്. ലോക്കൽ ബോഡികളുടെ കൂട്ടത്തിൽ പഞ്ചായത്തും മുനിസിപ്പാലിറ്റിയും ഉൾപ്പെട്ടും. ഇതിലെ ഷെഡ്യൂൾ 6 പ്രകാരം പഞ്ചായത്തുകളിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിക്കുമ്പോൾ ഡിസ്ട്രിക്ടു് കൗൺസിലുകൾക്കു് ചോദ്യം ചെയ്യാൻ അധികാരമില്ല. അതുപോലെതന്നെ മുനിസിപ്പാലിറ്റികൾ നിർവഹിക്കേണ്ട കാര്യങ്ങൾ ചോദ്യം ചെയ്യേണ്ട അധികാരം ഡിസ്ട്രിക്ടു കൗൺസിലുകൾക്കു് ഇല്ല. അതിനു് പാരലലായിട്ടുള്ള ഒരു സെക്ഷൻ ആവശ്യമാണു്.

ശ്രീ. പി. എസ്. നമ്പൂതിരി : ഈ ബിൽ അവതിരിപ്പിച്ച അവസരത്തിൽ ബഹുമാനപ്പെട്ട പഞ്ചായത്തുമന്ത്രി പറഞ്ഞിട്ടുണ്ടു് ഈ ബില്ലിൽ ഇനിയും ആവശ്യമായ പലമാറ്റങ്ങളും വരുത്തേണ്ടിവരുമെന്നു്. ഇതിന്റെ സെലക്ടുകമ്മിറ്റിക്കു് പഞ്ചായത്തു് ബില്ലിൽ മാറ്റം വരുത്താനുള്ള അധികാരം മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നു് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ഏതു് കാര്യത്തെ സംബന്ധിച്ചായാലും ഈ സഭയ്ക്കു് തീരുമാനം എടുക്കാനുള്ള അധികാരമുണ്ടു്. അതുകൊണ്ടു് ഈ സഭ ആവശ്യമായ മാറ്റങ്ങളും ഈ ബില്ലിൽ വരുത്തണമെന്നു് മാത്രമാണു് ഞാൻ പറഞ്ഞതു്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഇ. അഹമ്മദു പറഞ്ഞതുപോലെ ഓരോ സമിതിക്കുള്ള അധികാരം വളരെ പരിനിഷ്ഠിതമായി നിശ്ചയിക്കണം. അതിൽ ഓവർ ലാപ്പിംഗ് പാടില്ല. കോ ഓർഡിനേറ്റു് ചെയ്തു കൊണ്ടുവരാനുള്ള അധികാരം ജനപ്രതിനിധി സഭയ്ക്കുണ്ടായിരിക്കണം. അതിനു് ആവശ്യമായ ഭേദഗതികളും ഇതിൽ ഉൾക്കൊള്ളിക്കേണ്ടതാണെന്നുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണു്. ഈ ബിൽ കഴിയുന്നതും വേഗത്തിൽ പാസ്സാക്കേണ്ടതാണു്. എങ്കിലും ധൃതിപിടിച്ചു്, ആലോചന കൂടാതെ പാസ്സാക്കിയെടുക്കണമെന്നു് ഞാൻ പറയുന്നില്ല. കാലതാമസം കൂടാതെ വേണ്ടത്ര സമയം എടുത്തു നല്ല രീതിയിൽ പാസ്സാക്കിയെടുക്കണം. നമ്മുടെ സംസ്ഥാനത്തു് ചെയ്യേണ്ട കാര്യങ്ങൾ തക്ക സമയത്തു് ചെയ്യുന്നതിനു് ശ്രദ്ധചെലുത്താൻ കഴിയാതെ പോകുകയാണു്. അപ്രധാനങ്ങളായ കാര്യങ്ങൾക്കു് വേണ്ടത്ര ശ്രദ്ധയും സമയവും ചെലവാക്കേണ്ട ഗതികേടു് മന്ത്രിമാർക്കും എം. എൽ. എ. മാർക്കും ഉണ്ടായിരിക്കുകയാണു്. ജനങ്ങളെ സംബന്ധിച്ചിടത്തോളം നോക്കുകയാണെങ്കിൽ, ചെറിയ ചെറിയ പ്രശ്നങ്ങളായിരിക്കും അവരെ സംബന്ധിച്ചിടത്തോളം പ്രധാനമായിട്ടുള്ളതു്. അതു് ചെയ്യുകിട്ടുന്നതിനുവേണ്ടിയിരിക്കുന്നു. ഇപ്പോൾ തിരുവനന്തപുരത്തുവന്നു് മന്ത്രിമാരെയും മറ്റും കാണേണ്ടിയിരിക്കുന്നു. ഇവയെല്ലാംതന്നെ ജില്ലാ നിലവാരത്തിൽ ചെയ്തു തീർക്കുന്നതിനു് വേണ്ടത്ര അധികാരം ഡിസ്ട്രിക്ടു കൗൺസിലുകൾക്കു് കൊടുക്കുകയാണെങ്കിൽ കാര്യങ്ങൾ വേഗത്തിൽ നടത്താനും മന്ത്രിമാർക്കും, ഉദ്യോഗസ്ഥന്മാർക്കും അവരുടെ കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധയോടുകൂടി തക്ക സമയത്തു ചെയ്യുന്നതിനും സാധിക്കുന്നതാണു്. ഈയിടെതന്നെ കൊടുങ്ങല്ലൂരിൽ വെള്ളപ്പൊക്കം ഉണ്ടായി, ഒരു ചതുരശ്രമൈലിനകത്തുതന്നെ ഇരുന്നൂറോളം കുടിലുകൾ തകർന്നു. ആയിരത്തിയഞ്ഞൂറോളം മരങ്ങൾ പിഴുതുവീണു, രണ്ടു മരണം ഉണ്ടായി. അവിടത്തെ കളക്ടർക്കാണെങ്കിൽ ചെയ്യാവുന്നതു് പരമാവധി പത്തോ പതിനഞ്ചോ രൂപ കൊടുക്കാമെന്നുള്ളതാണു്. അദ്ദേഹം അതു് ചെയ്തു. ജില്ലാ കളക്ടർമാർക്കു് കൊടുത്തിട്ടുള്ള അധികാരം വളരെ പരിമിതമാണു്. കൂടുതൽ വല്ലതും അനുവദിച്ചു കിട്ടണമെങ്കിൽ തിരുവനന്തപുരത്തു വന്നു് മന്ത്രിയെ കാണണം. ഒരു വില്ലേജിലുണ്ടായിട്ടുള്ള കാര്യം മന്ത്രിയെ സംബന്ധിച്ചിടത്തോളം വളരെ നിസ്സാരമാണു്. അവരെ അതിനു് കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. കാരണം സ്റ്റേറ്റൊട്ടുക്കുള്ള ഇത്തരം കാര്യങ്ങളും അവരുടെ ശ്രദ്ധയിൽ വരുന്നതാണു്. അതായതു ജില്ലകളികളിലുണ്ടാകുന്ന ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുള്ള അധികാരം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാസമിതികൾക്ക് കൊടുക്കുകയാണെങ്കിൽ മന്ത്രിമാർക്കും സ്റ്റേറ്റു ലവലിലുള്ള ഉദ്യോഗസ്ഥന്മാർക്കും ഈ വക കാര്യങ്ങൾക്കുവേണ്ടി അവരുടെ സമയം പാഴായി പോകുകയില്ലായിരുന്നു. ജില്ലാ നിലവാരത്തിൽ ഉള്ള ഭരണസംപ്രദായം നടപ്പിൽ വന്നാലേ നാം ഉദ്ദേശിക്കുന്ന രീതിയിലുള്ള ആശ്വാസം ജനങ്ങൾക്ക് ലഭിക്കുകയുള്ളൂ. ഭരണഘടനയുടെ കീഴിൽ നിന്നുകൊണ്ട് ജനങ്ങൾക്ക് ചെയ്യാവുന്ന ആനുകൂല്യങ്ങൾ കഴിയുന്ത്ര ചെയ്തുകൊടുക്കാമെന്നും ഐക്യമുന്നണി ഗവണ്മെൻറു ചെയ്തിട്ടുള്ള വാഗ്ദാനം കഴിയുന്നത്ര നിർവഹിക്കണമെങ്കിൽ അധികാര വികേന്ദ്രീകരണം ആവശ്യമാണ്. അതല്ലെങ്കിൽ കാര്യമായി ഒന്നുംതന്നെ ജനങ്ങൾക്ക് ചെയ്തുകൊടുക്കാൻ സാധിക്കുകയില്ല. ഈ ഗവണ്മെൻറു അധികാരത്തിൽ വന്നിട്ട് രണ്ടു കൊല്ലത്തോളമായി. ഈ കാലഘട്ടത്തിനിടയിൽ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ഒരു നടപടിയും ഈ ഗവണ്മെൻറിനു എടുക്കാൻ സാധിച്ചിട്ടില്ല. ജനങ്ങൾ ഇന്നു അങ്ങേയറ്റം നിരാശരാണു, അവർ അമർഷം പൂണ്ടിരിക്കുകയാണു. റോഡിൻെറ സൈഡുകളിൽ നൂറുകണക്കിനു കുടിലുകൾ പൊങ്ങിവന്നിട്ടുണ്ട്. ഈ ഗവണ്മെൻറു ഭരണഘടനയുടെ കീഴിൽ നിന്നുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാതെ പോകുകയാണു. ഈ ഐക്യമുന്നണി ഗവണ്മെൻറു ജനങ്ങളോടു ചെയ്തിട്ടുള്ള വാഗ്ദാനം പാലിക്കുന്നതിനു സഹായിക്കുന്നതും ഏറ്റവും വിപ്ലവകരമായ പുരോഗമനപരമായ ഏറ്റവും ആശ്വാസകരമായിട്ടുള്ള ഈ ബില്ലിലെ വ്യവസ്ഥകളോടു ഞാൻ യോജിക്കുകയാണു. ഈ ബില്ലിനെ സർവ്വാത്മനാ അനുകൂലിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഈ ബില്ലിലെ പുതിയതായ വ്യവസ്ഥകളെ പരാമർശിക്കാനാണു ഞാൻ ആഗ്രഹിക്കുന്നതു. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഈ ബിൽ വളരെ അപര്യാപ്തമായ രീതിയിലാണു പല പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതെന്നു പറയേണ്ടിയിരിക്കുന്നു. അടിസ്ഥാന ഘടകങ്ങളായ പഞ്ചായത്തുകൾക്കു ഇതിലും കവിഞ്ഞ ഒരു പരിഗണന ഈ ബില്ലിൽ ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. പഞ്ചായത്തുകൾക്കു ജില്ലാകൗൺസിലിലുള്ളപ്രാതിനിദ്ധ്യം എടുത്തുകളഞ്ഞതായിട്ടാണു കാണുന്നതു. അതിൽ വിയോജിച്ചുകൊണ്ടു കുറിപ്പു എഴുതിയിട്ടുള്ള സുഹൃത്തുക്കളോടു യോജിക്കാൻ കഴിയുകയില്ലെങ്കിലും എൻെറ ഭേദം ഞാൻ രേഖപ്പെടുത്തുകയാണു. പഞ്ചായത്തുകളാണു അടിസ്ഥാനഘടകമെന്നുള്ള നിലയിൽ ജില്ലാ കൗൺസിലുകളിൽ അവർക്കു പ്രത്യേക പ്രാതിനിദ്ധ്യം നൽകണമെന്നു വ്യക്തിപരമായി അഭിപ്രായമുള്ള ഒരാളാണു ഞാൻ. അതു ഇന്നത്തെ ഈ ബില്ലിൽ, സെലക്ടുകമ്മിറ്റി റിപ്പോർട്ടു അനുസരിച്ചു അങ്ങനെയൊരു അധികാരമോ അവകാശമോ, പഞ്ചായത്തുകൾക്കു നൽകിയിട്ടുള്ളതായി കാണുന്നില്ല. അതുപോലെതന്നെ മറ്റൊരു വസ്തുത എം. എൽ. എ.മാരുടെ പ്രാതിനിദ്ധ്യ സ്വഭാവത്തെപ്പറ്റിയുള്ളതാണു. എം. എൽ. എ.മാർക്കു ജില്ലാകൗൺസിലുകളിലുള്ള സ്ഥാനം പരിപൂർണ്ണമായി എടുത്തുകളയണമെന്നു ചില സുഹൃത്തുക്കൾ പറഞ്ഞു. അതല്ലെങ്കിൽ അവർക്കു വോട്ടവകാശമില്ലാതെ സ്ഥാനം നിലനിർത്തിക്കൊടുക്കണമെന്നു മറ്റൊരു വിഭാഗം സുഹൃത്തുക്കൾ വാദിച്ചുകേട്ടു. എൻെറ അഭിപ്രായത്തിൽ വോട്ടവകാശമില്ലാത്ത സ്ഥാനം ജില്ലാകൗൺസിലുകളിൽ എം. എൽ. എ. മാർക്കു നൽകുന്നതിനേക്കാൾ അതിൽ അംഗമാകാതിരിക്കുന്നതായിരിക്കും കുറേക്കൂടി ഭംഗി. സ്വന്തം നിയോജകമണ്ഡലത്തിലെ കാര്യങ്ങൾ, ആ ജില്ലയിൽ പ്രവർത്തിക്കുന്ന എം. എൽ. എ. മാർക്കു ജില്ലാകൗൺസിലുകളിൽ അവതരിപ്പിക്കാനും അവർക്കു വേണ്ട പരിഹാരം തേടാനും കഴിഞ്ഞില്ലെങ്കിൽ അവർ നിർഗ്ഗുണബ്രഹ്മമായി ജില്ലാകൗൺസിലുകളിൽ ഉണ്ടായിരിക്കുന്നതിൽ അർത്ഥമില്ല. കുറഞ്ഞ പക്ഷം അവരുടെ സ്വന്തം നിയോജകമണ്ഡലത്തിലെ കാര്യങ്ങളെങ്കിലും ജില്ലാകൗൺസിലിൽ അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഫലപ്രദമായ രീതിയിൽ നൽകിയില്ലെങ്കിൽഅയാൾ അവിടെപോയിയാതൊരു അധികാരവുമില്ലാതെ ഇരിക്കു

11 A. M.]

ന്നതുകൊണ്ട് കാര്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് തീർച്ചയായും ഈ കാര്യത്തെസംബന്ധിച്ച് ഗവണ്മെൻറ് പുനഃപരിശോധന ചെയ്യുന്നതു് നന്നായിരിക്കും.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : എം. എൽ. എ.മാർ പ്രതിനിധീകരിക്കുന്ന പ്രദേശങ്ങളിലെ മറ്റു ജനപ്രതിനിധികളും ജില്ലാകൗൺസിലിൽ കാണുകയില്ലേ ? അവർക്ക് പ്രവർത്തനം നടത്തിക്കൂടേ ?

ശ്രീ. സി. കെ. രാജൻ : എം എൽ. എ.മാർക്ക് സ്ഥാനം കൊടുക്കുക എന്നു പറയുന്ന അവസരത്തിൽ പാർലമെൻറ് മെമ്പറന്മാർക്ക് അസംബ്ലിയിൽ സ്ഥാനം കൊടുക്കണമെന്ന അഭിപ്രായമുണ്ടോ ?

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : ഇതൊരു കോടതി ന്യായമല്ല. പാർലമെൻറും സംസ്ഥാന നിയമസഭകളും താരതമ്യപ്പെടുത്തിയല്ല പറയുന്നതു്. ആ ബന്ധമല്ല സംസ്ഥാന നിയമസഭയും ജില്ലാകൗൺസിലും തമ്മിലുള്ളതു്. പുതുതായി രൂപീകരിക്കപ്പെടുന്ന ജില്ലാകൗൺസിലുകളിൽ മിക്കവാറും 95 ശതമാനവും പ്രാദേശികമായ കാര്യങ്ങളാണു് ചർച്ച ചെയ്യുന്നതും തീരുമാനമെടുക്കുന്നതും. അങ്ങനെയുള്ള ജില്ലാകൗൺസിലുകളിൽ എം. എൽ. എ മാക്ക് യാതൊരു അധികാരവുമില്ലെന്നു പറയുന്നതു് ശരിയല്ല എം. എൽ. എ.മാർ ഉയർന്ന മണ്ഡലങ്ങളിൽ, സ്റ്റേറിൻറെ നയരൂപീകരണത്തിലും മറ്റും ശ്രദ്ധിച്ചു കഴിയേണ്ട അതിമാനുഷന്മാരായിരിക്കണമെന്നു് സാഹിത്യഭാഷയിൽ വേണമെങ്കിൽ പറയാൻ കഴിയും. പക്ഷേ സ്വന്തം നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങൾക്കു് പരിഹാരം കാണേണ്ട എം.എൽ. എ.മാരെ ഇതിൽ നിന്നു ഒഴിച്ചു നിറുത്തുന്നതു് ഒരിക്കലും ശരിയല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : ജില്ലാപരിഷത്തിലേക്കു് തിരഞ്ഞെടുക്കപ്പെട്ടന്ന മെമ്പറന്മാർ പ്രാദേശികമായ കാര്യങ്ങളും നിർവ്വഹിച്ചുകൊള്ളും. എം. എൽ. എ. മാർ ജില്ലാകൗൺസിലിൽ വന്ന സമയം മെനക്കെടുത്താതെ അവരുടെ നിയോജകമണ്ഡലത്തിലെ കാര്യംമാത്രം നോക്കിയാൽ പോരേ ?

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : പോരാ. നിയോജകമണ്ഡലത്തിലെ കാര്യം മാത്രം നോക്കിയാൽ പോരാ. പൊതുജനങ്ങളും എം. എൽ. എ മാരെ തിരഞ്ഞെടുത്തയക്കുന്നതിൻറെ ഉദ്ദേശം അതുമാത്രമല്ല. എം. എൽ. എ.മാരെന്നു പറയുന്ന ആളുകളും സ്വന്തം നാട്ടിലെ, നിയോജകമണ്ഡലത്തിലെ, എല്ലാ കാര്യങ്ങളിലേയും ഭരണപരമായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകണമെന്നും, അതിൽ നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന ആളുകളാണെന്നും ജനങ്ങളും വിശ്വസിക്കുന്നുണ്ടു്.

ശ്രീ. എ. എസ്സ്. എൻ. നമ്പീശൻ : എം. എൽ. എ.മാർ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലങ്ങളിൽ അഞ്ചെട്ടു പഞ്ചായത്തുകളുണ്ടു്. ആ പഞ്ചായത്തുകളെല്ലാം വികസനപരമായ പ്രവർത്തനങ്ങളും നടത്തുന്നവയാണു്. ആ പഞ്ചായത്തുകളുടെ യോഗങ്ങളിൽ അതാതു പ്രദേശത്തെ എം. എൽ. എ.മാർ പങ്കെടുക്കണമെന്നു നിർബന്ധിക്കുന്നതു് നല്ലതല്ലേ ?

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : എൻറെ ബലമായ അഭിപ്രായവും അതാണു്. എം. എൽ. എ മാർ പഞ്ചായത്തുയോഗങ്ങളിൽ പങ്കെടുക്കുന്നതു് ആക്ഷേപമായ കാര്യമല്ല ; നേരേമറിച്ചു് അനുമോദനാർഹമായ കാര്യമാണു്. പഞ്ചായത്തുയോഗങ്ങളിൽ എം, എൽ. എ.മാർ പങ്കെടുക്കേണ്ടതു് അത്യാവശ്യമാണു്. ഇപ്പോൾ അതിനു് നിയമമില്ല. എം. എൽ. എ.മാർ തീർച്ചയായും സ്വന്തം നിയോജകമണ്ഡലങ്ങളിലുള്ള പഞ്ചായത്തുകളുടെ യോഗങ്ങളിൽ ആണ്ടിൽ രണ്ടുമൂന്നു തവണയെങ്കിലും സംബന്ധിച്ചിരിക്കണമെന്ന നിബന്ധന വയ്ക്കണം. അതു് ഒരു നല്ല കാര്യമാണു്. എൻറെ അഭിപ്രായത്തിൽ എം. എൽ. എ.മാരെ നിഷ്ക്രിയരാക്കി നിർഗ്രണബ്രഹ്മ

LIBRARY ARCHIVES Kerala Legislative Assembly

മായി ജില്ലാകൗൺസിലുകളിൽ വരുത്തേണ്ട ആവശ്യമില്ല. മെമ്പറെന്നുള്ള നിലയിൽ എല്ലാ അവകാശവും അധികാരവും നൽകി ജില്ലാകൗൺസിലിൽ കൊണ്ടുവരണം.

അതുപോലെതന്നെ പഞ്ചായത്തുകളെ സംബന്ധിച്ചും എനിക്ക് ഒരു കാര്യം പറയാനുണ്ട്. പഞ്ചായത്തുകൾക്ക് ജില്ലാകൗൺസിലിൽ പ്രാതിനിദ്ധ്യം കൊടുക്കാതിരിക്കുന്നതു് ശരിയല്ല. അതുകൊണ്ടു് പഞ്ചായത്തുകൾക്കു് ജില്ലാകൗൺസിലുകളിൽ പ്രാതിനിദ്ധ്യം കൊടുക്കണം. ജില്ലാകൗൺസിലുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചു് ശ്രീമാൻ പി. കെ. ഗോപാലകൃഷ്ണൻ പറഞ്ഞ കാര്യങ്ങളോടു് ഞാനും യോജിക്കുകയാണു്. ജില്ലാനിലവാരത്തിൽ നാം ഉദ്ദേശിക്കുന്ന രീതിയിലുള്ള ഭരണം ഉണ്ടാകണമെന്ന ആഗ്രഹമുണ്ടെങ്കിൽ, ഫലപ്രദമായി പ്രവർത്തനം നടക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ, തീർച്ചയായും ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചു്, അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾക്കു് ഒരു അറുതി വരുത്തുന്നതിനതുകൂടി ചില മാറ്റങ്ങളും ഈ ബില്ലിൽ വരുത്തണം. പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനത്തെ സംബന്ധിച്ചു് പഞ്ചായത്തു പ്രസിഡൻറന്മാക്കുണ്ടാകുന്നതിനേക്കാളും നൂറിരട്ടി ബുദ്ധിമുട്ടുകളും ജില്ലാകൗൺസിലുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചു് ജില്ലാകൗൺസിൽ ചെയർമാനും, കൗൺസിൽ മെമ്പർമാക്കും വരുമെന്നു മനസ്സിലാക്കി അടിയന്തിരമായി ഈ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ നാം ഉദ്ദേശിക്കുന്ന രീതിയിൽ ഇതിന്റെ പ്രവർത്തനം വിജയപ്രദമാകുകയില്ല. അതായതു് ജില്ലാകൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതിനും അവരെക്കൊണ്ടു് കാര്യങ്ങളും നടത്തിക്കുന്നതിനുമുള്ള അധികാരം ജില്ലാകൗൺസിലിനുണ്ടായിരിക്കണം. അല്ലാതെ ഇന്നത്തെ നിലയിൽ തുടർന്നുകൊണ്ടുപോകാനാണു് ഉദ്ദേശമെങ്കിൽ, മാറ്റം വരുത്താതെ ഈ നിലയിലാണു് ഈ ബിൽ പാസാക്കാൻ ഉദ്ദേശമെങ്കിൽ ജില്ലാകൗൺസിലുകളും നാം ഉദ്ദേശിക്കുന്ന രീതിയിൽ വിജയിക്കുകയില്ല. പഞ്ചായത്തുകൾക്കു് പ്രാതിനിദ്ധ്യം നൽകുന്നമെന്നു പറഞ്ഞതു് ഇങ്ങനെയുള്ള പല ഭരണപരമായ ബുദ്ധിമുട്ടുകളും ഒഴിവാക്കുന്നതിനു വേണ്ടിയാണു്. ഇങ്ങനെയുള്ള മാറ്റങ്ങളെപ്പറ്റി ഗൗരവപൂർവ്വം സഭ ചർച്ചചെയ്യണമെന്നും, പ്രത്യേകിച്ചും ഞാൻ മുന്നോട്ടു വച്ചിട്ടുള്ള ഈ രണ്ടു അഭിപ്രായഗതികളും ഒന്നുകൂടി പരിഗണനക്കു് വിഷയമാക്കണമെന്നും ഞാൻ അഭിപ്രായപ്പെടുകയാണു്. പിന്നെ സ്റ്റേറ്റുഗവണ്മെൻറിൽനിന്നും ആവശ്യമായ ധനം ജില്ലാകൌൺസിലുകൾക്കു് ഗ്രാൻറായി നൽകിയില്ലെങ്കിൽ അവ വിജയിക്കുകയില്ല. ആവശ്യമായ ഫണ്ടു് ജില്ലാകൗൺസിലുകൾക്കു് അനുവദിച്ചില്ലെങ്കിൽ പലപ്പോഴും ഭരണപരമായ സ്തംഭനമുണ്ടാകും. ഇങ്ങനെയുള്ള സ്തംഭനം ഉണ്ടാകാതിരിക്കുന്നതിനു നാം വളരെ ജാഗ്രുകരായിരുന്നു പ്രവർത്തിച്ചില്ലെങ്കിൽ, തീരുമാനങ്ങളെടുത്തില്ലെങ്കിൽ അനേകം ബുദ്ധിമുട്ടുകളും ഉണ്ടാകുമെന്നാണു് എന്റെ വിശ്വാസം.

ശ്രീ. എം. കെ. എ. ഹമീദു് ; ജില്ലാപരിഷത്തിനു് സ്വന്തമായി ഫണ്ടുണ്ടാക്കാൻവേണ്ടി നികുതി ചുമത്താനും പിരിക്കാനും അധികാരമുണ്ടായിരിക്കണമെന്നു് അഭിപ്രായമുണ്ടോ ?

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : ഉണ്ടായിരിക്കരുതെന്നാണു് എന്റെ അഭിപ്രായം. പഞ്ചായത്തു് നികുതി പിരിക്കുന്നതിൽ വിഷമത അനുഭവിക്കുന്ന ആളാണു് ഞാൻ. അതുകൊണ്ടു് അതു പാടില്ല യാതൊരു കാരണവശാലും നികുതി പിരിക്കുന്ന ജോലി ഡിസ്ട്രിക്റ്റു് കൗൺസിലിനെ ഏൽപ്പിക്കരുതു്. ആവശ്യാനുസരണമുള്ള തുക ഉണ്ടാക്കുന്നതിനുവേണ്ടി നികുതി പിരിക്കാനും അതിന്റെ പേരിൽ കൂടുതൽ ബുദ്ധിമുട്ടുകളും ഉണ്ടാക്കാനുമുള്ള ഒരു ഉപകരണമാക്കി ഇതിനെ അധഃപതിപ്പിക്കരുതെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. ഇ. അഹമ്മദു് : നികുതി പിരിക്കാതെ എങ്ങനെയാണു് ചെലവു നടത്തുന്നതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : നികുതി ഡിസ്ട്രിക്റ്റ് കൗൺസിൽ പിരി ക്കേണ്ട. ഈ രീതിയിലുള്ള മാറ്റം വരുത്തിക്കൊണ്ട് ഇപ്പോഴ അവതരിപ്പിക്കപ്പെ ട്ടിരിക്കുന്ന ബില്ല് പാസാക്കണമെന്നും നമ്മുടെ നാട്ടിന് വളരെയധികം പ്രാധാന്യ മുള്ള ഈ നിയമനിർമ്മാണം ഇനിയെങ്കിലും വൈകിക്കാതെ പാസ്സാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. എസ്. നമ്പൂതിരി : സർ, ഈ ബില്ല് നമ്മുടെ രാജ്യത്തു മാത്രമല്ല ഇൻഡ്യയാകെ തന്നെ പ്രാധാന്യമുള്ള ഒരു ബില്ലാണെന്ന അഭിമാനത്തോടുകൂടി പാസ്സാക്കാൻ കഴിയും. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടിയതിനുശേഷം യഥാർത്ഥത്തിൽ കാര്യമായ മാറ്റം വരുത്താതെ കിടക്കുന്ന ഒരു നിയമമാണിതെന്ന് എല്ലാവർക്കും അറി യാവുന്ന കാര്യമാണ്. പാർലമെൻറിലായാലും നിയമസഭകളിലായാലും, കോർപ്പറേ ഷനിലായാലും ജനപ്രതിനിധികൾക്ക് നിയമനിർമ്മാണം നടത്താൻ അധികാരമുണ്ടെ ന്നല്ലാതെ മറെറാരു അധികാരവുമില്ല. ഈ നിയമസഭയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് താഴ്ന്ന നിലവാരത്തിൽ ജില്ലാ നിലവാരത്തിൽ പരിപൂർണ്ണമായ അധികാരങ്ങളെല്ലാം ജില്ലാ കൗൺസിലിനു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. സർ, ഈ അവസരത്തിൽ പഞ്ചായത്തിരാജ് എന്ന രീതിയി ലുള്ള ഭരണസംവിധാനം ഇൻഡ്യയിൽ മിക്ക ഭാഗങ്ങളിലും ഉണ്ട്. ഞങ്ങൾ സെലക്ട് കമ്മിറ്റി മെമ്പറന്മാർ ഈ സംവിധാനം നടപ്പിലുള്ള പ്രധാനപ്പെട്ട സംസ്ഥാനങ്ങൾ സന്ദർശിക്കുകയുണ്ടായി. ഇതിനെപ്പറ്റി വളരെ ഉയർന്ന ഉദ്യോഗസ്ഥന്മാരുമായും അനു ദ്യോഗസ്ഥന്മാരുമായും ചർച്ചകൾ നടത്തുകയുണ്ടായി. അവിടെയെല്ലാം യഥാർത്ഥ ത്തിൽ അടിസ്ഥാനപരമായ കാര്യങ്ങളിൽ ജില്ലാ സമിതികളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഇൻഡ്യയിൽ അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ച് കേന്ദ്ര നിലവാരത്തിലും മറ്റു സംസ്ഥാനങ്ങളിലും പല സമിതികളും രൂപീകരിച്ചിട്ടുണ്ട്. പല റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്നുവരെ സ്വാതന്ത്ര്യം കിട്ടി യിട്ട് ഇത്രയധികം കാലമായിട്ടുപോലും യഥാർത്ഥത്തിലുള്ള അധികാരവികേന്ദ്രീ കരണത്തിനു ഒരു സംസ്ഥാനത്തിനും ഇന്നുവരെ കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത നമ്മുടെ മുമ്പിൽ ബാക്കി നിൽക്കുകയാണ്. 1959-ലാണ് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. എസ്സിന്റെ മന്ത്രിസഭ അടിസ്ഥാനപരമായി ഇതിനൊരു മാറ്റം വരു ത്താൻ പ്രായോഗികമായ നടപടികൾ എടുത്തത്. പക്ഷേ അന്ന് അതിനു സാധി ച്ചില്ല. പിന്നീടു വന്ന ഗവണ്മെൻറ് ഭരണപരമായ സൗകര്യത്തെക്കുടി ഉദ്ദേശിച്ചു കൊണ്ട് വെള്ളോടി കമ്മിറ്റിയെ നിയമിച്ചു. ആ റിപ്പോർട്ടിലാകട്ടെ ജില്ലകളെ സംബന്ധിച്ചിടത്തോളം വളരെ പരിമിതമായി മാത്രം മാറ്റം വരുത്തുകയും ബ്ലോക്കു കൾക്കു കുറെക്കുടി അധികാരം നൽകുകയും ചെയ്തുകൊണ്ടുള്ള ഒരു റിപ്പോർട്ട് സമർപ്പിച്ചു. അതും നിലവിൽവരാൻ സാധിച്ചില്ല. എന്നാൽ ഇന്നത്തെ ഗവണ്മെൻറ് അധികാര ത്തിൽ വന്നതിനുശേഷം മരിച്ചുപോയ ബഹുമാനപ്പെട്ട അഹമ്മദുകുരിക്കളുടെ പരിശ്രമ ഫലമായി വളരെ ഉന്നതമായ നിലവാരത്തോടുകൂടി ഈ ബില്ല് ഈ സഭയിൽ അവ തരിപ്പിക്കുകയും അതു സെലക്ട് കമ്മിറ്റിക്കുവിട്ട് അവസാന റിപ്പോർട്ട് സമർപ്പി ക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ അധികാരവികേന്ദ്രീകരണമാണ് പ്രധാനമായ പ്രശ്നം. ഭിന്നാഭിപ്രായ കുറിപ്പുകൾ എഴുതിയ സ്നേഹിതന്മാർപോലും ഈ ബില്ല് നടപ്പിൽ വരണമെന്നു വളരെ ആഗ്രഹമുള്ളവരാണ്.

പഞ്ചായത്തി രാജിന്റെ അർത്ഥം പഞ്ചായത്തുരീതിയിലുള്ള ഭരണസംപ്രദായം എന്നാണ് വച്ചിരുന്നതു. അതു് എല്ലാ അധികാരവും ജില്ലാനിലവാരത്തിൽ കൊണ്ടു വരണമെന്നു സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ നിലവാരത്തി ലുള്ള അധികാരവികേന്ദ്രീകരണമാണ് ഉദ്ദേശം. ലോക്കൽ ഗവണ്മെൻറിനു് അധികാരം കൈമാറണം. ഇതു് സ്വയംഭരണ സ്ഥാപനമല്ല. ലോക്കൽ സെൽഫ് ഗവണ്മെൻറ് എന്നു പറയുമ്പോഴും പഞ്ചായത്തും മുനിസിപ്പാലിറ്റിയും എല്ലാം വരും. വില്ലേജ്, പഞ്ചായത്തു് മുതലായവയെ സംബന്ധിച്ചിടത്തോളം അധികാരം കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്നു വിചാരിച്ചാണ് പേരുതന്നെ മാറ്റാൻ കാരണം. ശ്രീ. ഉണ്ണികൃഷ്ണപിള്ള പറഞ്ഞതുപോലെ പഞ്ചായത്തുകൾക്കുകൂടി ജില്ലാ സമിതിയിൽ പ്രാതിനിധ്യം ആദ്യത്തെ ബില്ലിൽ ഉണ്ടായിരുന്നു. ബില്ലവതരിപ്പിച്ച അവസരത്തിൽ ഉണ്ടായിരുന്ന ധാരണ മറ്റെല്ലാ സംസ്ഥാനങ്ങളിലേയും പഞ്ചായത്തുരാജ് ബില്ല് പരിശോധിച്ചുകൊണ്ട് അതിനെയെല്ലാം മാതൃകയിൽ ചില്ല മാറ്റങ്ങൾ വരുത്തണമെന്നാണ്.

ജില്ലാ കൗൺസിലിൽ എം. എൽ. എ. മാർക്കു പ്രാതിനിധ്യം ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. നിയമസഭയിലേക്കും, ജില്ലാ കൗൺസിലിലേക്കും രണ്ടിലുംകൂടി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ ഏതെങ്കിലും ഒന്നിൽ മാത്രമേ പങ്കെടുക്കാവു. പാർലമെന്റിലേക്കും നിയമസഭയിലേക്കും ഒരാൾക്ക് ഒരുമിച്ച് അംഗമായിരിക്കാൻ ഒക്കുകയില്ലല്ലോ. അതുപോലെ ജില്ലാ കൗൺസിലിലോ നിയമസഭയിലോ ഏതെങ്കിലും ഒന്നിലേ മെമ്പറായിരിക്കാൻ പാടുള്ളൂ. ജില്ലാസമിതിയുടെ ദൈനംദിന കാര്യങ്ങളിൽ വളരെയധികം ജോലിയുണ്ട്. നിക്കുവാനും ഫുൾടൈം ജോലി കാണും. അതു വളരെ ശ്രദ്ധിച്ചു ചെയ്യുകിൽമാത്രമേ ബില്ലിൽ പറഞ്ഞിരിക്കുന്ന യഥാർത്ഥ അധികാരവികേന്ദ്രീകരണം നടപ്പാക്കാൻ സാധിക്കുകയുള്ളൂ. സ്റ്റാൻഡിംഗ് കമ്മിറ്റി ഇടക്കിടക്കു കൃത്യമായി കൂടിയില്ലെങ്കിൽ ദൈനംദിന പ്രവർത്തനത്തിനു തടസമുണ്ടാകും. അതുകൊണ്ടാണ് വളരെ ക്ലിപ്തമായ ശമ്പളത്തോടുകൂടി മറ്റു ജോലികൾക്കു പോകാതിരിക്കാൻവേണ്ടി പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും സ്വന്തമായി കെട്ടിടങ്ങളും ന്യായമായ അലവൻസും കൊടുത്തുകാണ്ട് ഫുൾടൈം ആയി നിയമിച്ചിരിക്കുന്നത്. ഇങ്ങനെയുള്ളവർക്ക് നിയമസഭയിലുംകൂടി പ്രാതിനിധ്യമുണ്ടായിരുന്നാൽ അവരുടെ മുമതല ശരിക്കു നിർവഹിക്കാൻ കഴിയാതെവരും. യോഗ്യത ഇല്ലാഞ്ഞിട്ടല്ല. രണ്ടുംകൂടി ഒരേ അവസരത്തിൽ ചെയ്യാൻ കഴിയാതെ വരുമെന്നുള്ളതുകൊണ്ടാണ് എം. എൽ. എ. മാരെ ഇതിൽനിന്നും ഒഴിവാക്കണമെന്നു ഞാൻ പറഞ്ഞത്.

അതുപോലെതന്നെ ഇന്നു ഗവണ്മെന്റിന്റെ കീഴിലുള്ള വിദ്യാഭ്യാസം ഹൈസ്കൂൾ ക്ലാസുവരെയെങ്കിലുമുള്ളതു ജില്ലാ സമിതിയുടെ കീഴിലാക്കണം. അങ്ങനെയാണെങ്കിൽ പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും. ഹൈസ്കൂൾ വിദ്യാഭ്യാസംവരെയെങ്കിലും ജില്ലാസമിതികൾക്കു കൊടുക്കണം. വിദ്യാഭ്യാസനയം രൂപീകരിക്കുക, കരിക്കുലം, പാഠ്യപുസ്തകം ഇവ തയാറാക്കുക ഇവ എല്ലാം ഗവണ്മെന്റാണ് നടത്തുന്നതു. പക്ഷേ ഇന്നു അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം, മാനേജരന്മാരുടെ കാര്യം ഇതെല്ലാം സംസ്ഥാന നിലവാരത്തിൽ കൈകാര്യം ചെയ്യുന്നതു ജില്ലാ നിലവാരത്തിൽ കൈകാര്യം ചെയ്യുവാൻ കഴിയും. അപ്പോൾ തീർച്ചയായിട്ടും ഡി. ഇ. ഓ. മാരെല്ലാം ജില്ലാസമിതിയുടെ കീഴിൽവരും.

അതുപോലെതന്നെ ആശുപത്രികളുടെ കാര്യത്തിലാണെങ്കിൽ ഡിസ്ട്രിക്റ്റ് മെഡിക്കലോഫീസറും മറ്റുദ്യോഗസ്ഥന്മാരും ജില്ലാസമിതിയിലെ അനുദ്യോഗസ്ഥന്മാരുമായി സജീവമായി ബന്ധപ്പെട്ടുകൊണ്ട്, സഹകരിച്ചുകാണ്ട് പ്രവർത്തിക്കാൻ സാധിക്കും. ഇറിഗേഷന്റെ കാര്യത്തിലും മരാമത്തിന്റെകാര്യത്തിലും എല്ലാംതന്നെ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും പരിപൂർണ്ണമായി സഹകരിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഏതായാലും ഈ അധികാരവികേന്ദ്രീകരണം വിജയിക്കണമെങ്കിൽ തീർച്ചയായും ഉദ്യോഗസ്ഥന്മാരുടെ സാങ്കേതികമായ അറിവും വിജ്ഞാനവും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണ്. അതുപോലെതന്നെ ജനപ്രതിനിധികൾക്കുള്ള അഭിപ്രായങ്ങളും തുല്യമായി പരിഗണിച്ചുകൊണ്ട് ജില്ലാസമിതിയിലെ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ നിയന്ത്രണത്തിനു വിധേയമായി പ്രവർത്തിക്കാൻ ഉദ്യോഗസ്ഥന്മാർ ബാധ്യസ്ഥരായിത്തീരും അങ്ങനെ യഥാർത്ഥത്തിൽ ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും തമ്മിലുള്ള അകൽച്ച കുറയ്ക്കാനും ഇന്നു ഉദ്യോഗസ്ഥന്മാർക്കു ആരോടും ഒരുത്തരവാദിത്വവുമില്ലാത്ത അവസ്ഥക്കു മാറ്റംവരുത്താനും സാധി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതാണു്. വളരെയേറെ പരാതികൾക്കിടനൽകിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനത്തിന്റെ സ്വഭാവം മാറ്റണം ഈ നിയന്ത്രണത്തിന്റെഫലമായി സാധിക്കുന്നതാണു്. റെഡ്ടേപ്പിസത്തിനും അഴിമതിക്കും ഒരവസാനം വരുത്താൻ സാധിക്കുന്നതാണു്. ഇൻഡ്യയ്ക്കാകെത്തന്നെ ഒരു മാതൃകയാകത്തക്ക രീതിയിൽ വളരെയേറെ അധികാരങ്ങൾ സംസ്ഥാന നിലവാരത്തിൽനിന്നും ജില്ലാനിലവാരത്തിലേക്കു് വികേന്ദ്രീകരിച്ചുകൊണ്ടും അതേസമയം സംസ്ഥാനത്തിന്റെ നിയന്ത്രണത്തിനു വിധേയമായി ജില്ലാസമിതി പ്രവർത്തിക്കത്തക്ക രീതിയിലുമുള്ള ഒരു നിയമമാക്കി ഇതിനെ മാറ്റണം. തീർച്ചയായും നയരൂപീകരണത്തിനുള്ള അധികാരവും അവകാശവും സംസ്ഥാനത്തിനു തന്നെയായിരിക്കണം. സംസ്ഥാനഗവണ്മെന്റിന്റെ നിയന്ത്രണത്തിനു വിധേയമായിട്ടായിരിക്കണം ജില്ലാസമിതി പ്രവർത്തിക്കേണ്ടതു്. പക്ഷേ ജില്ലയെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ ജില്ലാപരിഷത്തിനു് ഫലപ്രദമായി ചെയ്യാൻ കഴിയും പഞ്ചായത്തുകൾക്കു് ഇതുപോലെയും വിപുലമായ അധികാരങ്ങൾ നൽകിക്കൊണ്ടുള്ള ഒരു നിയമനിർമ്മാണം ഇൻഡ്യയിൽ എവിടെയും ഉണ്ടായിട്ടില്ല. ഇതിനു വേണ്ടി പരേതനായ ശ്രീ. അഹമ്മദ്കുരിക്കൾ കൊടുത്ത നേതൃത്വം ഇൻഡ്യയ്ക്കാകെ മാർഗ്ഗദർശകമാണു്. ഈ ബില്ലിൽ ചിലപ്പോൾ ചില പോരായ്മകളുണ്ടാകും. ആവശ്യമെന്നു തോന്നുന്ന ഭേദഗതികളോടുകൂടി നാം ഇതു പാസ്സാക്കണം. അടിസ്ഥാനപരമായി ഈ രാജ്യത്തിന്റെ ആകെയുള്ള പുരോഗതിയെ സഹായിക്കുന്ന ഈ ബിൽ കാലതാമസം കൂടാതെ പാസ്സാക്കിയെടുക്കണമെന്നുള്ളതു് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. മറ്റു പല നിയമങ്ങളും ഇതു പാസ്സാക്കിയെടുക്കാൻവേണ്ടി മാറ്റിവയ്ക്കേണ്ടതായി വരുമെന്നു് ശ്രീ. കുരിക്കൾതന്നെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ടു് ചെയ്ത പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ടു്.

ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ മറ്റു പല നിയമങ്ങളും കൊണ്ടുവരേണ്ടതായിവരും. ഉദാഹരണമായി മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും കാര്യത്തിലും വികേന്ദ്രീകരണം ഉണ്ടാകണം. കോർപ്പറേഷനുകളെ ഒഴിവാക്കണമെന്നു പറയുന്നതു് ഒരിക്കലും ശരിയായിരിക്കുകയില്ല. മുനിസിപ്പാലിറ്റികളായാലും ശരി, കോർപ്പറേഷനുകളായാലും ശരി ഒഴിവാക്കാൻ പാടില്ലെന്നുള്ളതാണു് എന്റെ അഭിപ്രായം. തിരുവനന്തപുരം ജില്ലയുടെ ഭരണം ജില്ലാസമിതി നിർവ്വഹിക്കുമ്പോൾ തിരുവനന്തപുരം സിറ്റിയെ സംബന്ധിച്ചിടത്തോളം ചില അധികാരങ്ങൾ സമിതിക്കു നൽകേണ്ടതായിവരും. അതു് കൊച്ചിയിലായാലും കോഴിക്കോട്ടായാലും ശരി ജില്ലയുടെ മുഴുവൻ ഭരണം നടത്തുന്ന ജില്ലാസമിതിക്കു് ഇന്നു സംസ്ഥാന ഗവണ്മെന്റിനു് അവയുടെ മേലുള്ള അധികാരങ്ങൾ കൊടുക്കേണ്ടതാണു്. ഒരിക്കലും പഞ്ചായത്തുകളുടേയോ മുനിസിപ്പാലിറ്റികളുടേയോ കോർപ്പറേഷനുകളുടേയോ അധികാരങ്ങൾ യാതൊന്നും കുറയ്ക്കാൻ ഈ ബില്ലുകൊണ്ടു സാധ്യമല്ല. പക്ഷേ ഗവണ്മെന്റിനുള്ള നിയന്ത്രണാധികാരം, സംസ്ഥാനനിലവാരത്തിലുണ്ടായിരുന്ന നിയന്ത്രണാധികാരം ജില്ലാനിലവാരത്തിൽ കൈകാര്യം ചെയ്യുന്നുവെന്നു മാത്രമേയുള്ളു. അതല്ലാതെ ഒരിക്കലും ഒരു ജനപ്രതിനിധി സഭയുടെ അധികാരത്തിൽ കൈവയ്ക്കുവുന്നതല്ല. ഇന്നു് ഈ ബിൽ പാസ്സാക്കുകയാണെങ്കിൽ സംസ്ഥാനനിലവാരത്തിലുള്ള കാര്യങ്ങൾ ജില്ലാനിലവാരത്തിൽ കൈകാര്യം ചെയ്യാൻ കഴിയും. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ചേർന്നു് പ്രവർത്തിക്കുവാൻ കഴിയും. ഒരു പരിധിവരെയെങ്കിലും ഉദ്യോഗസ്ഥമേധാവിത്വത്തിനും അഴിമതിക്കും റെഡ്ടേപ്പിസത്തിനും വിരാമമിടുവാൻ സാധിക്കും. ഈ ലക്ഷ്യങ്ങളോടുകൂടിയുള്ള ഈ ബിൽ കാലതാമസം കൂടാതെ ആവശ്യമായ ഭേദഗതികളോടുകൂടി പാസ്സാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : സർ, അധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതിനുവേണ്ടി ഇതിനു മുൻപും രണ്ടു ബില്ലുകൾ ഈ കേരളാ നിയമസഭയിൽ അവതരിപ്പിക്കപ്പെടുകയുണ്ടായിട്ടുണ്ടു്. 1959-ലെ ജില്ലാകൗൺസിൽ ബില്ലു് ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. ഇന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. ഇ. എം. എസ് നമ്പൂതിരിപ്പാടാണ് അതു് അവതരിപ്പിച്ചതു്. മന്ത്രിസഭയുടെ പതനംമൂലം ആ ബിൽ എന്താണെന്നു തിരിച്ചറിയുന്നതിനു മുൻപു തന്നെ മരിക്കുകയാണുണ്ടായതു്. പിന്നെ 1964-ൽ വേറൊരു ബിൽ ഈ ലക്ഷ്യം വച്ചുകൊണ്ടു് നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. അതു് യൂണിയൻ കൗൺസിലുകളും ജില്ലാ പരിഷത്തും രൂപീകരിക്കുന്നതിനുള്ള ഒരു ബില്ലായിരുന്നു. ആ ബില്ലും മന്ത്രിസഭയുടെ പതനം കാരണം മുൻഗാമിയെപ്പോലെതന്നെ ചരമം അടയുകയാണുണ്ടായതു്. ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ ബില്ലും തട്ടിത്തടഞ്ഞു് പോകുന്ന പോക്കു കാണുമ്പോൾ ഇതിന്റെയും ഗതി അതുതന്നെയായിരിക്കുമോ എന്നു ഞാൻ സംശയിക്കുകയാണു്.

സംസ്ഥാന ഗവണ്മെന്റിൽ കേന്ദ്രീകരിച്ചിട്ടുള്ള അധികാരങ്ങളും ധനാഗമമാർഗ്ഗങ്ങളും എല്ലാം വികേന്ദ്രീകരിച്ചു് ജനങ്ങളിലേക്കു് പകർന്നുകൊടുക്കുന്നതിനെ ലക്ഷ്യമാക്കിക്കൊണ്ടു് അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ പഞ്ചായത്തുരാജ് ബില്ലിനോടു് ഭരണകക്ഷിയിൽപ്പെട്ട പല പ്രമുഖർക്കും ഉള്ള എതിർപ്പു് അവർ മറച്ചു വച്ചിട്ടില്ല. ഈ നിയമസഭയിലും പുറത്തും എല്ലാം അവർ അക്കാര്യം വളരെ വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ടു്. അധികാരവികേന്ദ്രീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഈ ബിൽ നിയമമാക്കിയെടുക്കുന്ന കാര്യത്തിൽ ഈ ഗവണ്മെന്റിനു് തരിമ്പെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും വളരെ മാസങ്ങൾക്കു മുൻപു തന്നെ അതു നിയമമാകുമായിരുന്നു. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടു് അവതരിപ്പിച്ചിട്ടു് വളരെ കാലമായി ദിവംഗതനായ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അഹമ്മദ് കുരിക്കൾ, ഈ ബിൽ പാസാക്കുന്നതിനുവേണ്ടിയിട്ടു് നിയമസഭയുടെ ഒരു പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടുമെന്നു് ജനങ്ങൾക്കു് വാഗ്ദാനം നൽകിയിരുന്നു. ആ വാഗ്ദാനം പാലിക്കുന്നതിലും ഈ ഗവണ്മെന്റു് ഒട്ടുംതന്നെ ശ്രദ്ധിച്ചിട്ടില്ലെന്നു മാത്രമല്ല പഞ്ചായത്തു തിരഞ്ഞെടുപ്പു് നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ഒരു ഉപാധിയായിട്ടും ഈ പഞ്ചായത്തുരാജ് ബില്ലിന്റെ പരിഗണന നീട്ടിവയ്ക്കൽ ഉപയോഗിച്ചിട്ടുണ്ടു്. ഇപ്പോൾ പഞ്ചായത്തു തിരഞ്ഞെടുപ്പുകൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞുകൊണ്ടു് ഇനിയും ഇതിന്റെ പരിഗണന നീട്ടിക്കൊണ്ടുപോകുന്നതിനുള്ള ഗവണ്മെന്റു ശ്രമിക്കുന്നുണ്ടെന്നു് ന്യായമായും സംശയിക്കേണ്ടതായിട്ടുണ്ടു്. ഭരണകക്ഷിയംഗങ്ങൾ അവരുടെ എതിർപ്പു് യാതൊരു വിധത്തിലും മറച്ചുവയ്ക്കാൻ ശ്രമിച്ചിട്ടില്ല. മാർക്സിസ്റ്റു കക്ഷിയുടെ മന്ത്രിയായ ശ്രീമതി കെ ആർ. ഗൗരി വളരെ വ്യക്തമായി അവരുടെ എതിർപ്പു് പ്രകടിപ്പിച്ചിട്ടുണ്ടു്. ഈ അടുത്ത കാലത്തു് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ പഞ്ചായത്തിന്റെ മന്ദിരം ഉൽഘാടനം ചെയ്യാനായിട്ടു് അവർ എത്തി ഒരു പ്രസംഗം അവിടെ നടത്തുകയുണ്ടായി. ആ പ്രസംഗത്തിൽ അവർ പറഞ്ഞു, 'അധികാരവികേന്ദ്രീകരണം നടത്തണമെന്നു് വളരെ ശക്തിയായി വാദിക്കുന്നവർക്കു് ഒരു തരം ഉച്ചക്കിറുക്കാണു്' എന്നു്, അധികാരവികേന്ദ്രീകരണം നടത്തിയതുകൊണ്ടു് ജനങ്ങൾക്കു് യാതൊരു പുരോഗതിയും കൈവരുമെന്നു് അവർ വിശ്വസിക്കുന്നില്ലെന്നാണു് ആ യോഗത്തിൽ വളരെ വ്യക്തമായി അവർ പ്രസംഗിച്ചതു്.

ശ്രീ. എം. കെ. എ. ഹമീദ് : ബഹുമാനപ്പെട്ട മെമ്പർ ആ പ്രസംഗം കേട്ടോ അതോ പത്രത്തിൽ വായിച്ചതാണോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : പത്രത്തിൽ റിപ്പോർട്ടുണ്ടായിരുന്നു. കൂടാതെ പഞ്ചായത്തു പ്രസിഡന്റു് എനിക്കു് ഇതിനെപ്പറ്റി വിവരം തന്നിട്ടുമുണ്ടു്. അതിനും പുറമേ ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. പി. കെ. ഗോപാലകൃഷ്ണനും ശ്രീ. സി. കെ. രാജനും സന്നിഹിതരായിരുന്നു. അവർ ആ യോഗത്തിൽ പ്രസംഗിക്കുകയുമുണ്ടായി. വേണമെങ്കിൽ ഞാൻ അവരെ സാക്ഷിയായി തരാം.

LIBRARY ARCHIVES Kerala Legislative Assembly

സർ, മന്ത്രിമാരുടെ കാര്യം പോകട്ടെ. ഈ നിയമസഭയിൽ ഈ ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അധികാരവികേന്ദ്രീകരണത്തിനു വേണ്ടിയെല്ലാം നിൽക്കുന്നവരാണ്, ജനങ്ങൾക്കുവേണ്ടി നിൽക്കുന്നവരാണ് എന്നെല്ലാം പെരുമ്പറയടിക്കുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരംഗം ഈ ബിൽ നടപ്പാക്കുന്നതിനെതിരായി ശക്തിയുക്തം ശബ്ദമുയർത്തുകയുണ്ടായിട്ടുണ്ട്. അതിനു അദ്ദേഹം പറഞ്ഞ കാരണങ്ങൾ ഇതുപോലെ പത്തിരുപത്തിരണ്ടു വകുപ്പുകളും അധികാരങ്ങളും എല്ലാം കൈമാറിയാൽ പിന്നെ ഞങ്ങളുടെ പ്രിയപ്പെട്ട മന്ത്രിമാർക്കു എന്താണു പണി, അവരുടെ പണി നഷ്ടപ്പെടും എന്നാണ് അദ്ദേഹം വേവലാതിപ്പെടുന്നതു. മറ്റു ചില മാർക്സിസ്റ്റ് അംഗങ്ങൾ പറയുന്നതു, ഈ അധികാരവികേന്ദ്രീകരണത്തിനുള്ള ബിൽ പാസ്സാക്കിയതുകൊണ്ടു ജനങ്ങൾക്കു നന്മയൊന്നും കൈവരാൻപോകുന്നില്ല, ജനങ്ങൾക്കു നന്മ കൈവരണമെന്നുണ്ടെങ്കിൽ അതിനായി ഒരു വർഗ്ഗസമരം, ഒരു സായുധവിപ്ലവം നടക്കണമെന്നാണ്. അതും അവർ പലപ്പോഴും പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ള കാര്യമാണ്. എന്തിനധികം പറയുന്നു, നമ്മുടെ മുഖ്യമന്ത്രി തന്നെ വളരെക്കാലമായി പഞ്ചായത്തുരാജ് ബില്ലിനും അധികാരവികേന്ദ്രീകരണത്തിനും അനുകൂലമായി പറയാറുള്ള അഭിപ്രായങ്ങളെല്ലാം ഈയിടെ മാറ്റി പറഞ്ഞിട്ടുണ്ട്. 1965-ൽ മുഖ്യമന്ത്രി എഴുതിയിട്ടുള്ള ഒരു ലേഖനത്തിന്റെ വാചകം ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്. "കേന്ദ്രീകൃത ഭരണത്തിന്റെ അടിത്തറയാകെ മാറ്റി ഒരു ഘട്ടത്തിൽ വികേന്ദ്രീകരണം നടപ്പാക്കുന്നതു ജനാധിപത്യത്തിന്റെ വികാസത്തിനു ഒഴിവാക്കാൻ വയ്യ. പോലീസ് വകുപ്പ് അടക്കം എല്ലാ സംസ്ഥാനഗവണ്മെന്റു വകുപ്പുകളും ഇന്നു താന്നെ പഞ്ചായത്തുരാജിന്റെ ഭാഗമാക്കി മാറ്റണമെന്നാണ് ഇവിടെ ഞാൻ സൂചിപ്പിക്കുന്നതു" സർ, ഈ അഭിപ്രായപ്രകടനത്തിനുശേഷം 1969-ൽ ഈ അടുത്തകാലത്തു അദ്ദേഹം എഴുതിയിട്ടുള്ള ലേഖനത്തിന്റെ ഒരു വാചകം ഞാൻ ഇവിടെ വീണ്ടും ഉദ്ധരിക്കുകയാണ്. അതിൽ പറയുന്നതു "കേന്ദ്രീകരണം ഇല്ലാത്ത വികേന്ദ്രീകരണവും വികേന്ദ്രീകരണമില്ലാത്ത കേന്ദ്രീകരണവും നാട്ടിന്റെ വളർച്ചയ്ക്കു സഹായിക്കുകയില്ല." എന്നാണ്. സർ, ഇതു വായിച്ചപ്പോൾ എന്താണെന്നു മനസ്സിലാക്കാൻ വളരെ വിഷമമുണ്ടായി. വ്യാഖ്യാനങ്ങൾ ഉണ്ടാക്കുന്നതിൽ വിദഗ്ധനായ അദ്ദേഹത്തിന്റെ വ്യാഖ്യാനം മനസ്സിലാക്കണമെങ്കിൽ അദ്ദേഹം തന്നെ പറഞ്ഞുതരേണ്ടതായിട്ടാണിരിക്കുന്നതു. അത്രത്തോളം അനന്തമജ്ഞാനം അവർണ്ണനീയമാണു അദ്ദേഹത്തിന്റെ വ്യാഖ്യാനം.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : ഇതിൽ എന്താണു വൈരുദ്ധ്യമായിട്ടുള്ളതെന്നു മനസ്സിലായില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : വളരെ വൈരുദ്ധ്യമുണ്ട്. ആ വൈരുദ്ധ്യം ചൂണ്ടിക്കാണിക്കാൻവേണ്ടിയാണു ഞാൻ ഇത്രയും വിശദമായി പറയുന്നതു. എന്തിനു വേണ്ടിയാണു മുഖ്യമന്ത്രി തന്റെ അഭിപ്രായം മാറ്റി പറഞ്ഞതെന്നു എന്റെ പ്രസംഗത്തിന്റെ അവസാനം മനസ്സിലാകും.

വലതു കമ്മ്യൂണിസ്റ്റുകാരും അവരുടെ പ്രമുഖ നേതാവായ ശ്രീ. എം. എൻ. ഗോവിന്ദൻ നായരും.....

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : വലതു കമ്മ്യൂണിസ്റ്റുപാർട്ടി എന്നൊരു പാർട്ടി കേരളത്തിലോ ഇൻഡ്യയിലോ ഇല്ലെന്നാണ് എന്റെ അറിവു. ബഹുമാനപ്പെട്ട മെമ്പർക്കു അറിവുണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ഞാൻ വേണമെങ്കിൽ മാറ്റി പറയാം. കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ എന്നു പറയാം. പക്ഷേ ഓമനപ്പേർ വലതു എന്നാണ്. വലതു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രമുഖ നേതാവായ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ ഇപ്പോൾ കുറച്ചു മാസങ്ങളായി വളരെ വിദഗ്ധമായി അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഒളിച്ചുവയ്ക്കുന്നുണ്ടെങ്കിലും ഏതാനും

LIBRARY ARCHIVES Kerala Legislative Assembly

മാസങ്ങൾക്കു മുൻപു് തിരുവനന്തപുരത്തു വച്ചു് ആൾ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ടു് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ യോഗത്തിൽ സംബന്ധിച്ചു പ്രസംഗിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് ഈ അധികാര വികേന്ദ്രീകരണം എന്നു പറഞ്ഞു മുറവിളി കൂട്ടുന്നതു് വെറും ഭ്രാന്താണെന്നാണു്. അധികാരവികേന്ദ്രീകരണംകൊണ്ടു് ഈ രാജ്യത്തു് ഒന്നും നേട്ടുന്നില്ല, അതുകൊണ്ടു് കേന്ദ്രീകരണമാണു വേണ്ടതു്, അതാണു് നാടിന്റെ ഇന്നത്തെ ആവശ്യം എന്നും അദ്ദേഹം പ്രസംഗിക്കുകയുണ്ടായി.

സർ, ഇതു വിശദമായി ഞാൻ ഇതു പറയുന്നതു് ഒരു കാര്യം ചൂണ്ടിക്കാണിക്കാൻ വേണ്ടിയിട്ടാണു്. ഇപ്പോൾ കമ്മ്യൂണിസ്റ്റുകാർക്കു് അധികാരവികേന്ദ്രീകരണം സ്വീകാര്യമല്ല. അവർ എന്നും അധികാരകേന്ദ്രീകരണത്തിനുവേണ്ടിയാണു് നില കൊണ്ടിട്ടുള്ളതെന്നു് അറിയാത്ത ഒരൊറ്റ കൊച്ചുകുട്ടിപോലും ഈ രാജ്യത്തുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. അധികാരവികേന്ദ്രീകരണത്തിനു് ഈ പഞ്ചായത്തു രാജ് വിവക്ഷിച്ചിട്ടുള്ളതു് വളരെ അപൂർണ്ണമാണു്. ചില പരിമിതമായിട്ടുള്ള അധികാരത്തെപ്പോലും നിഷേധിക്കുകയും അതിനെ ഫലത്തിൽ നിഷ്ഫലമാക്കിത്തീർക്കുകയും ചെയ്യുന്ന നിരവധി ഔദ്യോഗിക ഭേദഗതികളും ഈ ബില്ലിനു് മാർക്സിസ്റ്റുകാരും അതുപോലുള്ള ആളുകളും അവതരിപ്പിക്കാനായിട്ടു് ഒരുങ്ങിയിട്ടുണ്ടു്. ആ ഭേദഗതികളെല്ലാം ഇന്നു് അണിയറയിൽ അണിഞ്ഞൊരുങ്ങുകയാണെന്നു് ഓർമ്മിപ്പിക്കാൻവേണ്ടി മാത്രമാണു് ഞാൻ ഈ പശ്ചാത്തലം വിവരിച്ചതു്.

സർ, പഞ്ചായത്തുരാജ് ബില്ലിൽ സെലക്ട്കമ്മിറ്റി വരുത്തിയിട്ടുള്ള പ്രധാനപ്പെട്ട മാറ്റങ്ങളിൽ തത്വശാസ്ത്രപരമായിട്ടുള്ള ഒരു മാറ്റം, 'പഞ്ചായത്തുരാജ് നിയമം' എന്നുള്ള പേരു മാറ്റിയിട്ടു് അതിനെ 'ലോക്കൽ ഗവണ്മെന്റ്' നിയമമെന്നു് ജ്ഞാനസ്നാനം ചെയ്യിപ്പിച്ചതാണു്. സർ, ഈ പേരിനു് ബ്രിട്ടീഷ് മരണത്തിന്റെ ചുവയുണ്ടെന്നു് ഞാൻ ചൂണ്ടിക്കാണിക്കട്ടെ. കമ്മ്യൂണിസ്റ്റുകാർക്കു് ഈ വഴയ ബ്രിട്ടീഷ് മരണത്തോടുള്ള താൽപ്പര്യം സുവിദിതമാണു്.

ശ്രീ. ഈ. അഹമ്മദ് : മിനിസ്റ്റർ എന്നുള്ള പദവും ഇംഗ്ലീഷാണല്ലോ ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : മിനിസ്റ്റർ എന്നുള്ളതു് ഇംഗ്ലീഷ് വാക്കാണെങ്കിലും ലോക്കൽ എന്ന വാക്കിനു് ഒരു ചരിത്രമുണ്ടു്. ഈ ലോക്കൽ ഗവണ്മെന്റ് ആക്റ്റ് എങ്ങനെയാണു് ഇവിടെ പ്രവർത്തിച്ചിരുന്നതെന്നും അതു് ആരാണു് സൃഷ്ടിച്ചതെന്നും ഒക്കെ പരിശോധിക്കണം. എന്നാൽ തികച്ചും ഭാരതീയവും കേരളീയവുമായ പഞ്ചായത്തുരാജ് എന്ന നാമധേയത്തോടുള്ള എതിർപ്പു് മാർക്സിസ്റ്റുകാർ വളരെ വ്യക്തമായി പ്രകടിപ്പിച്ചിട്ടുണ്ടു്. സർ, ബ്രിട്ടീഷുകാരോടുള്ള താൽപ്പര്യത്തെപ്പറ്റി പറയുമ്പോൾ 1942-ൽ ഇൻഡ്യയിലുള്ള ദേശാഭിമാനികളായിട്ടുള്ള ജനങ്ങളുടെ അവരുടെ ജീവനും രക്തവും കൊടുത്തു് സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയപ്പോൾ നിങ്ങളെപ്പോലുള്ളവർ എന്താണു ചെയ്തതെന്നുള്ള കഥ ഞാൻ ഇവിടെ അനുസ്മരിപ്പിക്കുന്നു.....

ശ്രീ. പി. എസ്. നമ്പൂതിരി : 1942-ൽ ബഹുമാനപ്പെട്ട മെമ്പർ എവിടെയായിരുന്നു ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : 1942 കാലത്തു് ഞാൻ സ്കൂളിലോ കോളേജിലോ ഒക്കെ പഠിക്കുകയായിരുന്നു. വളരെ പ്രസിദ്ധമായിട്ടുള്ള ഒരു നിലപാടായിരുന്നു അന്നു കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചിരുന്നതു്. അതുകൊണ്ടു് ആ പേരു മാറ്റത്തെക്കുറിച്ചുള്ള.....

മി. ചെയർമാൻ : (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) ലോക്കൽ സെൽഫ് ഗവണ്മെന്റ് ആക്റ്റ് എന്നു് ഇംഗ്ലീഷിലും തദ്ദേശസ്വയംഭരണ നിയമമെന്നു് മലയാളത്തിലും പറയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : സർ, ഞാൻ പറഞ്ഞുവന്നതു് പേരുമാറ്റത്തെപ്പറ്റിയാണു്. ഇതു മാത്രമല്ല പേരുമാറ്റത്തിന്റെ പിന്നിലുള്ളതു്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി : ബ്രിട്ടീഷു് ഭരണത്തോടുള്ള വിരോധംകൊണ്ടാണോ കോമൺവെൽത്തിൽ തുടരുന്നതു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : കോമൺവെൽത്തിനു് നമ്മളെ ഭരിക്കാനും നിയന്ത്രിക്കാനുമുള്ള അധികാരമില്ലെന്നുള്ള ബാലപാഠംപോലും പഠിക്കാതെ ഇങ്ങനെ പോദ്യങ്ങൾ ചോദിക്കുന്നതിൽ എനിക്കു ഖേദമുണ്ടു്.

സർ, അപ്പോൾ ഇതുമാത്രമല്ല ഈ പേരുമാറ്റത്തിനു പ്രേരകമായിട്ടു നിന്നിട്ടുള്ള കാര്യം. ഇൻഡ്യൻ ഗ്രാമങ്ങളേയും ഇൻഡ്യൻ ഗ്രാമീണവ്യവസ്ഥകളേയും വളരെ എതിർപ്പോടുകൂടിയാണു് ഈ കമ്മ്യൂണിസ്റ്റുകാർ വീക്ഷിച്ചുപോന്നിട്ടുള്ളതു്. അതു് മാർക്സു് തന്നെ വളരെ പഠിച്ചിട്ടു് ഇൻഡ്യൻ ഗ്രാമങ്ങളെപ്പറ്റി പറയുകയുണ്ടായി. അദ്ദേഹം വിവരിച്ചതു്. "ഇടുങ്ങിയതും ഉറച്ചുനിൽക്കുന്നതുമായ സസ്യജീവിതം" എന്നു് ഇൻഡ്യൻ ഗ്രാമീണജീവിതത്തെ വളരെ പുച്ഛിച്ചു പറയുകയുണ്ടായി. ഇൻഡ്യൻ ഗ്രാമീണജീവിതം വളരെക്കാലം, നീണ്ടകാലമായിട്ടു് ആ ഭരണരീതിക്കും സംപ്രദായത്തിനും എതിരായിട്ടുള്ള ആക്രമണത്തെയൊക്കെ ചെറുത്തുപോന്നിട്ടുണ്ടു്. നീണ്ട കാലമായിട്ടു വന്നിട്ടുള്ള രാഷ്ട്രീയവും ഭരണപരവുമായിട്ടുള്ള ഈ ആക്രമണങ്ങളെ ഒക്കെ അതിജീവിച്ചിട്ടുണ്ടു്. അങ്ങനെയുള്ള ആക്രമണത്തിനു് ഉറവിടമായിട്ടുള്ള സാമഗ്രികളെ ആകെ നശിച്ചുപോവുകയല്ലാതെ ഇൻഡ്യൻ ഗ്രാമീണജീവിതം തകർന്നുപോവുകയുണ്ടായിട്ടില്ല. എന്നാൽ അതിനെ കുറെ തകർത്തിട്ടുള്ളതു് 150 കൊല്ലക്കാലം ഇവിടെ നീണ്ടുനിന്ന ബ്രിട്ടീഷു് ഭരണമാണു്. ബ്രിട്ടീഷുകാർക്കു് അങ്ങനെ അതു തകർക്കാനായിട്ടു് സാധിച്ചതു് ഐ. സി. എസ്. ഭരണംകൊണ്ടാണു്. അങ്ങനെ ബ്രിട്ടീഷുകാർക്കു് തകർക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ഇൻഡ്യൻ ഗ്രാമീണ വ്യവസ്ഥയെ മാറ്റി അതിനുപകരം "കമ്മ്യൂൺ" ഭരണം സ്ഥാപിക്കാനുള്ള കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണത്തെപ്പോലും ചെറുത്തുനിൽക്കാൻ പോരുന്നതാണു് ഇൻഡ്യയിലെ ഗ്രാമീണ ജീവിതമെന്നു് അതു തെളിയിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ ആക്രമണത്തെ ചെറുത്തുനിൽക്കാൻ കഴിവുള്ള ഇൻഡ്യൻ ഗ്രാമീണജീവിതം വേരുന്നിനിൽക്കുന്ന പഞ്ചായത്തുരാജിനോടു് അവക്കുള്ള എതിർപ്പു് നിലനിൽക്കുമെന്നുള്ളതിൽ സംശയമില്ല.

ശ്രീ. പി. എസ്. നമ്പൂതിരി : പഞ്ചായത്തീരാജാണു്, പഞ്ചായത്തുരാജല്ല.

ശ്രീ. എൻ ഐ. ദേവസ്സിക്കുട്ടി : പഞ്ചായത്തുരാജെന്നാണു് ഞാൻ ഇപ്പോൾ പറഞ്ഞതു്. ബഹുമാനപ്പെട്ട മെമ്പർക്കു് ഹിന്ദി പാണ്ഡിത്യമുണ്ടെങ്കിൽ അതു പ്രകടിപ്പിക്കാം. സർ, അതുമാത്രമല്ല, പഞ്ചായത്തുരാജു് ബില്ലനുസരിച്ചുള്ള പ്രവർത്തനങ്ങളെല്ലായിട്ടു് ഈ സംസ്ഥാനത്തെ പഞ്ചായത്തുകൾക്കു് ബന്ധമുണ്ടെങ്കിലും ഈ നാമധേയംകൊണ്ടു്, പഞ്ചായത്തുകളുമായി യാതൊരുബന്ധവുമില്ലാത്ത ഈ നാമധേയംകൊണ്ടു് ഈ സംസ്ഥാനത്തെ പഞ്ചായത്തുകൾക്കു് ഈ ബില്ലിനോടുള്ള മനസ്സികമായിട്ടുള്ള പൊരുത്തം തകർത്തുകളഞ്ഞിട്ടുണ്ടെന്നു് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്. അതുകൊണ്ടു് എനിക്കു് അഭ്യർത്ഥിക്കാനുള്ളതു് ഈ ഭേദഗതി സഭ തള്ളിക്കളയണമെന്നാണു്. വളരെ സുന്ദരവും തികച്ചും ഭാരതീയവും കേരളീയവും ആയിട്ടുള്ള "പഞ്ചായത്തുരാജു്" എന്ന നാമധേയംതന്നെ സ്വീകരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

സെലക്ടുകമ്മിറ്റി വരുത്തിയിട്ടുള്ള വളരെ പ്രധാനപ്പെട്ട, നിർണ്ണായകമായിട്ടുള്ള മാറ്റം റവന്യൂഭരണം വികേന്ദ്രീകരിച്ചു് അതു് ജില്ലാ കൗൺസിലിലേക്കു് പകർന്നു എന്നുള്ളതാണു്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇൻഡ്യയിൽ സ്വയംഭരണകേന്ദ്രങ്ങളായിട്ടുള്ള ഈ പഞ്ചായത്തു ഗ്രാമഭരണസംവിധാ

LIBRARY ARCHIVES Kerala Legislative Assembly

നത്തെ തകർക്കുന്നതിനു് ബ്രിട്ടീഷ് ഗവണ്മെൻറു് ഉപയോഗിച്ചിട്ടുള്ള ഐ. സി. എസ് ഭരണത്തിൻെറ ഒരു ഭാഗമാണു് ഈ റവന്യൂഭരണം. ഈ റവന്യൂഭരണത്തെ അവസാനിപ്പിച്ചു്, കളക്ടറന്മാരുടെ ജില്ലാതലത്തിലുള്ള ഭരണത്തെ നശിപ്പിച്ചു് അതിനുപകരം ഒരു ജനകീയഭരണം ജില്ലാതലത്തിൽ ഏർപ്പെടുത്തുകയും റവന്യൂഭരണത്തിൻെറ പരിപൂർണ്ണമായിട്ടുള്ള ഉത്തരവാദിത്വം ജില്ലാകൗൺസിലിനു കൈമാറുകയും ചെയ്തിട്ടുണ്ടു്. തീർച്ചയായിട്ടും ഇതു് അധികാരവികേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു ഭേദഗതിയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ജില്ലാകളക്ടറന്മാർ ബ്രിട്ടീഷ് പാരമ്പര്യത്തിൽ വളർന്നു വന്നിട്ടുള്ളതുകൊണ്ടു് അവക്കു് സ്വാഭാവികമായിട്ടും ജനകീയ ഭരണത്തോടും ജനാധിപത്യ പരിപാടികളോടും പ്രസ്ഥാനങ്ങളോടുമൊക്കെ വളരെ പുച്ഛമാണു്. ആ പുച്ഛം അവർ യാതൊരു മടിയുംകൂടാതെ പ്രകടിപ്പിച്ചുപോന്നിട്ടുമുണ്ടു്. ഈ ബില്ലിൽ ജില്ലാഭരണം വികേന്ദ്രീകരിച്ചു് ജില്ലാ കൗൺസിലുകൾക്കു കൊടുത്തിരിക്കുകയാണു്. ഇതു് വളരെ നല്ലകാര്യമാണെന്നിരിക്കിലും അധികാരവികേന്ദ്രീകരണം ജില്ലാ കൗൺസിൽ തലവാരംവരെ മാത്രമാണു് എന്നുള്ളതു് തീർച്ചയായിട്ടും സ്വാഗതാർഹമായിട്ടുള്ളതല്ല. ഈ വികേന്ദ്രീകരണം പഞ്ചായത്തുകൾവരെ വ്യാപിപ്പിക്കേണ്ടതായിരുന്നു. നമുക്കറിയാം ഈ ബില്ലു് നടപ്പിലായാൽപോലും നമ്മുടെ പഞ്ചായത്തുകളിലും ഗ്രാമങ്ങളിലും രണ്ടു തരത്തിലുള്ള ഭരണം നിലനിൽക്കും; ദ്വിഭരണസമ്പ്രദായം നിലനിൽക്കും; ഒന്നു പഞ്ചായത്തിൻെറ ഭരണം, മറ്റൊന്നു് റവന്യൂ വില്ലേജാഫീസുകളുടെ ഭരണം. ഇങ്ങനെയുള്ള രണ്ടുഭരണം ഒരു പഞ്ചായത്തതിയിൽ നിലനിൽക്കുന്നതു് തീർച്ചയായിട്ടും ഈ റവന്യൂഅധികാരങ്ങളുടെ വികേന്ദ്രീകരണത്തെ ഗ്രാമതലത്തിൽ തടസ്സപ്പെടുത്തും. യഥാർത്ഥത്തിൽ ജനങ്ങളിലേക്കു് ഈ അധികാരങ്ങൾ ഇറങ്ങിച്ചെല്ലുകയില്ല. അതുകൊണ്ടു് എനിക്കു് അഭ്യർത്ഥിക്കുവാനുള്ളതു് ഈ സഭ റവന്യൂവകുപ്പിൻെറ വികേന്ദ്രീകരണം ജില്ലാതലംവരെ വച്ചു നിറുത്താതെ ആ വികേന്ദ്രീകരണം പൂർത്തിയാക്കുന്നതിനുവേണ്ടി അതു ഗ്രാമതലത്തിലേക്കും പഞ്ചായത്തുതലത്തിലേക്കും കൂടി പകർന്നുകൊടുക്കണമെന്നാണു്.

സെലക്ടുകമ്മിറ്റി ഭേദഗതി ചെയ്തിട്ടുള്ള ഈ ബില്ലിൽ പഞ്ചായത്താക്ടിൽ വരുത്തേണ്ട പല ഭേദഗതികളും നിർദ്ദേശിച്ചിട്ടുണ്ടു്. ഈ പുതിയ ഭേദഗതികളനുസരിച്ചു് ഇന്നു് പഞ്ചായത്തുകൾക്കു് നിലവിലുള്ളതുവിട്ടു് വളരെ കൂടുതൽ അധികാരങ്ങളും പ്രവർത്തനമണ്ഡലങ്ങളും ചുമതലകളും കൊടുത്തിട്ടുണ്ടു്. അങ്ങനെ പുതുതായി ഏൽപ്പിക്കപ്പെടുന്ന ചുമതലകളും അധികാരങ്ങളുമൊക്കെ ഉപയോഗിച്ചു് ജനങ്ങൾക്കു് പുരോഗതി കൈവരുത്തണമെന്നുണ്ടെങ്കിൽ ഈ അധികാരങ്ങളും ചുമതലകളും നിയമംകൊണ്ടു കൈമാറിയാൽ മാത്രംപോര അതു പ്രാവർത്തികമാക്കാനുള്ള സാമ്പത്തിക ശേഷിയും വരുമാനമാർഗ്ഗങ്ങളും പഞ്ചായത്തുകൾക്കു് നൽകണം. നിർഭാഗ്യവശാൽ ഈ ബില്ലിൽ, ഭേദഗതിചെയ്യപ്പെട്ട ഈ ബില്ലിൽ പഞ്ചായത്തുകൾക്കു് പറയുന്ന ചുമതലകളും ഏറ്റെടുക്കുകയും നാട്ടിനു് ക്ഷേമകരമായിട്ടുള്ള പ്രവർത്തനങ്ങളും ചെയ്യുകയും ചെയ്യുന്നതിനുമുള്ള സാമ്പത്തിക ശേഷി ഉണ്ടാക്കിക്കൊടുക്കുവാനുള്ള വ്യവസ്ഥകളും ഇല്ലെന്നുള്ളതു് ഒരു ദുഃഖസത്യമാണു്. എനിക്കറിയാം ഈ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും കുറെയൊക്കെ അധികാരങ്ങളും ചുമതലകളും കുറവാണെങ്കിലും അവക്കു് നിലവിലുള്ള അധികാരങ്ങളും ചുമതലകളും ജനങ്ങൾക്കു് ഉപകാരപ്രദമായനിലയിൽ വിനിയോഗിക്കാൻ സാമ്പത്തിക ശേഷിയില്ലായ്മമൂലം സാധിക്കാതെ വരുന്നതു്. നിത്യനിദാനച്ചെലവുകളും ഭരണച്ചെലവുകളും ഒക്കെ കഴിച്ചാൽ വികസനപ്രവർത്തനങ്ങൾക്കും പ്രാഥമികസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മറ്റുമുള്ള സാമ്പത്തിക ശേഷി ബഹുഭൂരിപക്ഷം പഞ്ചായത്തുകൾക്കും ഇന്നില്ല. പഞ്ചായത്തുരാജ് നിയമംകൊണ്ടു് നമ്മൾ കൂടുതൽ അധികാരങ്ങളും കൂടുതൽ ചുമതലകളും കൂടുതൽ പ്രവർത്തനമണ്ഡലങ്ങളും അവക്കു നൽകുമ്പോൾ അതിനുള്ള പണം നൽകാതിരുന്നാൽ തീർച്ച

LIBRARY ARCHIVES Kerala Legislative Assembly

യായിട്ടും ഈ അധികാരവികേന്ദ്രീകരണം വെറും ഒരു പ്രഹസനമായിട്ട് ഗ്രാമതല ത്തിൽ പരിണമിക്കുമെന്നു പറയാൻ എനിക്കു ഒട്ടും മടിയില്ല.

ജില്ലാ കൗൺസിലിനെപ്പറ്റി പറയുകയാണെങ്കിൽ ജില്ലാ സമിതിയോടു കൂടെ ക്കൂടെ ഈ സെലക്ടുകമ്മിറ്റി നീതികാണിച്ചിട്ടുണ്ട്. സംസ്ഥാനഗവണ്മെന്റിന്റെ വരുമാനമാർഗ്ഗങ്ങളിൽനിന്നു എത്രത്തോളം വരുമാനം ഏതേതു രീതിയിൽ ഭാഗിച്ചു നിർണ്ണയിച്ചു കൊടുക്കാൻകഴിയും എന്നുള്ളതിനെപ്പറ്റി നോക്കാനുള്ള അധികാരത്തോടു കൂടിയ ഒരു ഫൈനാൻസ് കമ്മീഷനെ നിയമിക്കാനും ഒരു വ്യവസ്ഥ ഈ സെലക്ടു കമ്മറ്റി റിപ്പോർട്ടു ചെയ്ത ബില്ലിലുണ്ട്. എന്നാൽ ഈ പാവപ്പെട്ട പഞ്ചായത്തു കൾക്കു അവരുടെ പ്രവർത്തനങ്ങൾക്കു വേണ്ട പണമുണ്ടാക്കാനുതകുന്ന യാതൊരു വ്യവസ്ഥയും ഈ ഭേദഗതി വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒന്നുരണ്ടുകാര്യ ങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ പഞ്ചായത്തുകൾക്കു ഫലപ്രദമായി പ്രവർത്തിക്കത്തക്കനിലയിൽ സാമ്പത്തികശേഷി ഉണ്ടാക്കിക്കൊടുക്കത്തക്കനില യിലുള്ള വകുപ്പുകൾ ഇതിൽ ചേർത്തിട്ടില്ലെന്നുള്ളതു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹി ക്കുകയാണു്. ഇതെപ്പറ്റി വളരെയധികം സാങ്കേതികമായി വിസ്തരിച്ചു് പഠിച്ചിട്ടു ള്ളവർ വളരെ ചുരുക്കമാണു്. എങ്കിൽപ്പോലും ഈ പുതിയ അധികാരങ്ങളൊക്കെ ലഭി ച്ചിട്ടുള്ള നമ്മുടെ സംസ്ഥാനത്തിലെ പഞ്ചായത്തുകളെപ്പറ്റി പറയുകയാണെങ്കിൽ നിത്യ നിദാനചെലവുകളൊക്കെ കഴിച്ചാൽ ചെലവുകളുടെ സൗകര്യത്തിനുവേണ്ടിയും പഞ്ചാ യത്തുകളുടെ വികസനത്തിനുവേണ്ടി ചെലവാക്കാനായാലും ഏറ്റവും ചുരുങ്ങിയ ഒരുലക്ഷം ഉറുപ്പികയെങ്കിലും ഒരു പഞ്ചായത്തിനു ലഭിക്കാതെയിരുന്നാൽപ്പിന്നെ അധി കാരവികേന്ദ്രീകരണംകൊണ്ടും പഞ്ചായത്തുരാജ് ബിൽകൊണ്ടും ഒരു ഫലവും ഉണ്ടാ കാൻ പോകുന്നില്ല എന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. അങ്ങനെവരുമ്പോഴാ ണു് ഗവണ്മെന്റു് പിരിക്കുന്ന നികുതികളിൽ ചിലതൊക്കെ പഞ്ചായത്തുകൾക്കു് വീട്ടുകൊടുക്കേണ്ടിവരുമെന്നാണു് എന്റെ അഭിപ്രായം. ഗവണ്മെന്റു് കൊടുത്തു കൊള്ളും അല്ലെങ്കിൽ ജില്ലാസമിതി കൊടുത്തുകൊള്ളുമെന്നുള്ള ശുഭാപ്തിവിശ്വാസ ത്തോടുകൂടി കഴിഞ്ഞുപോകാൻ സംസ്ഥാനത്തിലെ പഞ്ചായത്തുകൾക്കു് കഴിയുക യില്ല. അവക്കുവേണ്ടിയുള്ള ധനാഗമമാർഗ്ഗങ്ങൾ കിട്ടുമെന്നുള്ള ഉറപ്പുവരുത്തുന്നതി നുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ ചില മെമ്പർമാർ, പ്രത്യേകിച്ചു് മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് അംഗമായ ശ്രീ. പി. സി. രാഘവൻനായർ അഖിലേൻഡ്യാ പാറേറൺ എന്താണെന്നു ചോദിക്കുകയുണ്ടായി. അഖിലേൻഡ്യാ പാറേറണ് അനുസരിച്ചു് മുന്നു തലത്തിലുള്ള പഞ്ചായത്തുരാജ് ഭരണം അല്ലേ വേണ്ടതു് പിന്നെ എന്താണു് ഈ സെലക്ടുകമ്മറ്റി രണ്ടുതരത്തിലുള്ള ഭരണക്രമം മതി എന്നു് ശുപാർശ ചെയ്തതു്? അങ്ങനെ വരികയാണെങ്കിൽ നമ്മുടെ സംസ്ഥാന ത്തിലെ പഞ്ചായത്തുരാജ് ഭരണസംവിധാനത്തിനു് അഖിലേൻഡ്യാതലത്തിൽ കോട്ടം വരികയില്ലേ എന്നൊക്കെ ചോദിക്കുകയുണ്ടായി. ഇട്ടേഹത്തിനു് എന്താണു് ഈ അഖിലേൻഡ്യാപാറേറണിനോടു് ഇത്ര പ്രേമം വന്നതു് എന്നു് എനിക്കു് മനസ്സിലാകുന്നില്ല. എങ്കിലും ഒരു കാര്യം നാം പരിശോധിക്കുകയാണെങ്കിൽ മുന്നു തലത്തിലുള്ള ഭരണസംപ്രദായമാണു് പഞ്ചായത്തുരാജ് സംവിധാനം ചെയ്ത പല സംസ്ഥാനങ്ങളിലും സ്വീകരിച്ചിട്ടുള്ളതു് എന്നുള്ളതു് വസ്തുതയാണു്. അങ്ങനെയാ ണെങ്കിൽപ്പോലും ....

ശ്രീ. എം. ഐ. എ. ഹമീദ് : പഞ്ചായത്തുരാജ് ഭരണസംവിധാനത്തിന്റെ കാര്യത്തിൽ അഖിലേൻഡ്യാടിസ്ഥാനത്തിൽ ഐകരൂപ്യം ഇല്ലെന്നുള്ളതല്ലേ വാസ്തവം?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : വിശദീകരിക്കാം. അങ്ങനെ മുന്നുതരത്തി ലുള്ള ഭരണസംവിധാനം മറ്റു സംസ്ഥാനങ്ങളിലൊക്കെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ രണ്ടു തലത്തിലെ അധികാരങ്ങളും ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

എന്നു കാണാൻ സാധിക്കും. ഒരു ടയറിന്റെ കാറ്റു പോയിരിക്കുകയാണെന്നു് അവിടെ നേരിട്ടു സന്ദർശിച്ചു സെലക്ടുകമ്മറ്റി അംഗങ്ങൾക്കൊക്കെ മനസ്സിലായി. മഹാരാഷ്ട്രായിൽ മൂന്നു തലത്തിലുള്ള ഭരണക്രമം അംഗീകരിച്ചിട്ടുണ്ടെങ്കിലും അവിടെ ജില്ലാതലത്തിലും അതിനുതാഴെ താലൂക്കുതലത്തിലും ആണു് എക്സിക്യൂട്ടീവു് അധികാരങ്ങളുള്ളതു്. പഞ്ചായത്തുകളിലെ അധികാരങ്ങളൊക്കെ വളരെ വളരെ പരിമിതമാണു്. സാങ്കേതികമായി പറയുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തുരാജ് ബില്ലിലും രണ്ടുതലത്തിലുള്ള ഭരണക്രമമാണു് അംഗീകരിച്ചിട്ടുള്ളതെന്നുള്ളതു് അബദ്ധമാണു്. ഇവിടെ ജില്ലാകൗൺസിലിനു പുറമേ അതിനു ഇടയ്ക്കായി താലൂക്കുസമിതി എന്നൊന്നു് രൂപീകരിക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടു്. മറ്റു സംസ്ഥാനങ്ങളിലെ കാര്യം പറയുകയാണെങ്കിൽ അവിടെ വളരെ ചെറിയ പഞ്ചായത്തുകളും വളരെവലിയ ജില്ലകളുമാണു് ഉള്ളതു്. അപ്പോഴും പഞ്ചായത്തു്, ഗ്രാമം എന്നൊക്കെ നമ്മുടെ സംസ്ഥാനത്തുള്ളതിൽ ഏറ്റവും വലിയ ജനസംഖ്യ രണ്ടായിരം ഒക്കെയാണു്. ഏറ്റവുമധികം വരുമാനം മൂവായിരം ഉറുപ്പികയാണു്. നേരെമറിച്ചു് ജില്ലകൾ നമ്മുടെ സംസ്ഥാനത്തോളംതന്നെ വരുന്നവയാണു് മറ്റുസംസ്ഥാനങ്ങളിൽ അവയും ധാരാളമാണു്. കേരളത്തിൽ 9 ജില്ല ഉണ്ടായിരുന്നതു് ഇപ്പോൾ 10 ആയി. ഇനി പതിനൊന്നാകും. പിന്നെയും അതു പെരുകിപ്പെരുകി അങ്ങനെപോകും. അങ്ങനെയുള്ള ചെറിയ ചെറിയ ജില്ലകളും വലിയ പഞ്ചായത്തുകളുമുള്ള ഈ ഭരണക്രമത്തിൽ നമുക്കു് തീർച്ചയായിട്ടും ഭരണപരമായ അധികാരങ്ങളും ടാക്സേഷൻ അധികാരങ്ങളും ഉള്ള ഒരു ഭരണതലം വേണമെന്നുള്ളതിനോടു് വിവേകശാലികളായ ആരും വിയോജിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ടി. എ. മജീദു് : അപ്പോൾ നാം വിഭാവനംചെയ്തിരിക്കുന്ന താലൂക്കു സമിതി എന്നുള്ളതു് വെറുമൊരു "അജഗളസ്തനം" ആയി മാറുകയില്ലേ?

ശ്രീ. എൻ ഐ ദേവസ്സിക്കുട്ടി : അർത്ഥം മനസ്സിലായില്ല.

ശ്രീ. ടി. എ. മജീദു് : അനായയു് ആവശ്യമില്ലാത്ത ഘടകമായിത്തീരുകയില്ലേ എന്നു്.

ശ്രീ. എം. കെ. എ. ഹമീദു് : മിക്കവാറും സംസ്ഥാനങ്ങളിൽ മൂന്നു തലത്തിലുള്ള ഭരണക്രമമാണെങ്കിലും എംഫസിസു് എവിടെയാണെന്നുള്ളതാണു് പ്രശ്നം. ഇവിടെ ജില്ലയ്ക്കാണു് കൂടുതൽ അധികാരം കൊടുത്തിട്ടുള്ളതു്". മറ്റു സംസ്ഥാനങ്ങളിൽ താലൂക്കു് സമിതിക്കാണു് കൂടുതൽ അധികാരം കൊടുത്തിട്ടുള്ളതു്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : മഹാരാഷ്ട്രയിൽ അങ്ങനെയല്ല.

ശ്രീ. എം. കെ. എ. ഹമീദു് : മഹാരാഷ്ട്രയിൽ അങ്ങനെയല്ല. ഗുജറാത്തിലും ഒരു പരിധിവരെ അങ്ങനെയല്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : ശരിയായിരിക്കാം. ജില്ലക്കും പഞ്ചായത്തുകൾക്കും ഇടക്കു് നിയമപ്രകാരം ഒരു ഭരണതലം സൃഷ്ടിക്കുകയാണെങ്കിൽ പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ടു്. ഒന്നാമത്തേതു് തിരഞ്ഞെടുപ്പിന്റെ പ്രശ്നം. അതു പിന്നെ രാഷ്ട്രീയക്കാർക്കു് ഒരു തമാശയായിട്ടെടുക്കാനേ ഉള്ളൂ. അതിനുവരുന്ന പണച്ചെലവു് എത്രയായാലും വേണ്ടില്ല. പക്ഷേ ബ്ലോക്കു് എന്നുള്ള രണ്ടാമത്തെ തലത്തിൽ അധികാരങ്ങൾ കൊടുക്കുന്ന പ്രശ്നം വരുമ്പോൾ ഈ അധികാരങ്ങൾ ഏതു തലത്തിൽ കൊടുക്കണമെന്ന ഒരു പ്രശ്നം ഉത്ഭവിക്കുന്നുണ്ടു്. ജില്ലയുടെ അധികാരമെടുത്തു് താലൂക്കിനു കൊടുക്കണമോ അല്ലെങ്കിൽ പഞ്ചായത്തുകൾക്കു നിലവിലുള്ള അധികാരങ്ങൾ ബ്ലോക്കു് സമിതികൾക്കു കൊടുക്കണമോ എന്നുള്ള പ്രശ്നം വരും. അതും സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ നമുക്കു മനസ്സിലാകും മിക്ക അധികാരങ്ങളും പഞ്ചായത്തുകൾക്കു പരിമിതമായ കഴിവുകൾ മാത്രം ഉള്ളതുകൊണ്ടു് അവ ചെയ്യാൻ സാധിക്കാത്ത മിക്കവാറും പ്രവർത്തനങ്ങളും ചുമതലകളുമൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

യാണ് ജില്ലക്ക കൊടുത്തിട്ടുള്ളതെന്ന്. അങ്ങനെ രണ്ടാമത്തെ തലത്തിൽ അധികാരങ്ങളും പ്രവത്തനങ്ങളും ചുമതലകളും കൊടുക്കേണ്ട ഘട്ടം വരുമ്പോഴ ഇന്ന നമ്മുടെ ഭരണത്തിന്റെ അടിസ്ഥാന ഘടകമായി നാം പാടിപ്പുകഴ്ത്തുന്ന പഞ്ചായത്തുകളുടെ അധികാരങ്ങളും മറ്റുമാണ് കൊടുക്കേണ്ടതായി വരിക. ആ സാഹചര്യംവച്ചുനോക്കുകയാണെങ്കിലും തീർച്ചയായും അതു നമുക്ക സ്വീകാര്യമല്ലെന്നാണ എനിക്ക പറയാനുള്ളത്. നമുക്കറിയാം ജില്ലാസമിതി ചെയ്യുന്നതും സംസ്ഥാന ഗവണ്മെൻറ് ചെയ്യുന്നതുമായ പ്രവത്തനങ്ങളെക്കാൾ ഉപകാരപ്രദമായിരിക്കുക പഞ്ചായത്തുകൾ ചെയ്യുന്ന പ്രവത്തനങ്ങളായിരിക്കുമെന്ന്. മരത്തിന്റെ കടയ്ക്കൽ വെള്ളമൊഴിച്ചാലുണ്ടാകുന്ന ഫലംപോലെ പഞ്ചായത്തുകൾ വികസനപരമായ പ്രവത്തനങ്ങൾ ചെയ്യുകയാണെങ്കിൽ അതിന്റെ നന്മ നേരിട്ട ജനങ്ങളിലേക്ക പകരും. അതാണ് കൂടുതൽ പ്രയോജനം. അങ്ങനെ നോക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ഹമീദ് പറഞ്ഞ അഭിപ്രായം സ്വീകാര്യമായിരിക്കുകയില്ലെന്നാണ എന്റെ അഭിപ്രായം. ഇവിടെ ഈ ചർച്ചാവേളയിൽ .....

<u>ശ്രീ. എം കെ. എ. ഹമീദ്</u>: ഇന്നിപ്പോൾ ബ്ലോക്ക ലെവലിൽ ബ്ലോക്ക് ഡെവലപ്പുമെൻറ് ആഫീസറുടെ നേതൃത്വത്തിൽ പല പ്രവത്തനങ്ങളും നടക്കുന്നുണ്ട്. ബ്ലോക്ക് അഡൈ്വസറി കമ്മിറ്റിയെന്നുള്ള നിലയിൽ ജനാധിപത്യവൽക്കരണം ഏർപ്പെടുത്തിയാൽ അതു നന്നായിരിക്കുകയില്ലേ?

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി</u>: ഇവിടെ താലൂക്ക് സമിതികളിൽ ജനാധിപത്യവൽക്കരണം ഇല്ലെന്ന പറയാൻ ഒക്കുകയില്ല. കാരണം ജനങ്ങളിൽനിന്ന തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പഞ്ചായത്തുപ്രതിനിധികളാണ് ഇപ്പോൾ നാം രൂപീകരിക്കുന്ന താലൂക്ക സമിതിയിൽ അംഗങ്ങളായിവരുന്നത്. താലൂക്കും ബ്ലോക്കും കൂടി ഒന്നായി ചേർക്കുമ്പോൾ വികസനപ്രവത്തനങ്ങളും ഭരണപരമായ പ്രവത്തനങ്ങളുമൊക്കെയുള്ള.....

<u>ശ്രീ. എം. കെ. എ. ഹമീദ്</u>: വെറും ഉപദേശം കൊടുക്കുന്നതിനപ്പുറം തീരുമാനമെടുക്കാനുള്ള അധികാരം കൊടുക്കുമ്പോൾ വെറും ഉപദേശം കൊടുക്കുക എന്നുള്ളതു മാത്രമല്ല ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശം കൂടി കേട്ടിട്ട് തീരുമാനമെടുക്കാനുള്ള അധികാരം കൊടുത്തുകൂടേ?

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി</u>: താലൂക്കും ബ്ലോക്കും സംയോജിപ്പിച്ച് ഒരു ഭരണതലം വേണമെന്നാണല്ലോ അംഗീകരിച്ചിട്ടുള്ളത്. അങ്ങനെ വരികയാണെങ്കിൽ ഉദ്യോഗസ്ഥനു തീരുമാനമെടുക്കാനുള്ള അധികാരം ഉണ്ടാകുകയില്ലെന്നുള്ളതു എനിക്ക മനസ്സിലാകുന്നില്ല. എങ്ങനെ അധികാരം ഉണ്ടാകും? ജില്ലാ കൗൺസിലിന്റെ മേൽനോട്ടത്തിലൊക്കെ നിർവ്വഹണാധികാരം ഉണ്ടായിരിക്കും. അതുകൊണ്ടാണല്ലോ താലൂക്ക ഉപദേശകസമിതി വേണമെന്ന ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ളത്.

<u>ശ്രീ. എം. കെ. എ. ഹമീദ്</u>: എന്റെ ചോദ്യം ബഹുമാനപ്പെട്ട മെമ്പക്ക് മനസ്സിലായില്ലെന്ന തോന്നുന്നു. ഉപദേശം കൊടുക്കാതെ തീരുമാനമെടുക്കാനുള്ള അധികാരം കൊടുത്തുകൂടേ?

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി</u>: ഇവിടെ മറ്റു തരത്തിലുള്ള അധികാരം കൊടുക്കാനായി പുറപ്പെടുമ്പോൾ ഞാൻ നേരത്തെ പറഞ്ഞ എല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കേണ്ടതായി വരും. നികുതി പിരിക്കാനുള്ള അധികാരം ജില്ലാ സമിതിയെ ഏല്പിക്കുകയാണെങ്കിൽ ജനങ്ങളം ചോരിച്ച നികുതിഭാരം താങ്ങേണ്ടിവരും. പഞ്ചായത്തിനു നികുതി കൊടുക്കണം, കേന്ദ്ര ഗവണ്മെൻറിനു നികുതിയൊടുക്കണം, സ്റ്റേറ്റ് ഗവണ്മെൻറിനു നികുതികൊടുക്കണം ഇതിനൊക്കെപുറമെ വേറൊരു ഭരണതലം

LIBRARY ARCHIVES Kerala Legislative Assembly

വരികയാണെങ്കിൽ അവിടെയും നികുതികൊടുക്കണം. അതു ജനങ്ങളുടെമേൽ ഭാരം കെട്ടിവയ്ക്കലായിരിക്കും.

ശ്രീ. ടി. എ. മജീദ് : കേരളം പോലെ വളരെ ചെറിയ ജില്ലകളുള്ള സംസ്ഥാനത്തു് പഞ്ചായത്തിനും ജില്ലയ്ക്കും ഇടയ്ക്ക ഒരു ഭരണതലം ആവശ്യമില്ലെന്നുള്ള ഒരു ശക്തിയായ അഭിപ്രായം ഉണ്ടായതായി ബഹുമാനപ്പെട്ട മെമ്പക്കറിയാമോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : അറിയാം. പക്ഷെ അതിനെ എതിർക്കുന്ന വിഭാഗക്കാരുമുണ്ടു്. ബഹുമാനപ്പെട്ട ഹമീദു് അതിനെ അനുകൂലിക്കുകയാണു്. അതു പോലെ വിവിധ അഭിപ്രായഗതിക്കാരായ പല മെമ്പർമാരുടെയും അഭിപ്രായങ്ങളും വച്ചുകൊണ്ടു് ഒരു ഒത്തുതീർപ്പു് ഉണ്ടാക്കുന്നതിനുള്ള നിലയ്ക്കാണു് ഇങ്ങനെയുള്ള മൂന്നടയർ സിസ്റ്റം—മൂന്നു ടയർ സിസ്റ്റമെന്നു പറയാനൊക്കുകയില്ല രണ്ടു രണ്ടര ടയറേ ഉള്ളൂ—സെലക്ടു് കമ്മിറ്റി അംഗീകരിക്കാൻ കാരണം.

ഇനി ഈ ചർച്ചകളിൽ പൊന്തിവന്നിട്ടുള്ള ഒരു പ്രധാനകാര്യം മാർക്സിസ്റ്റു് മെമ്പറായ ശ്രീ. പി. സി. രാഘവൻ നായർ പറഞ്ഞിട്ടുള്ള കാര്യമാണു്. അധികാര വികേന്ദ്രീകരണം നടപ്പിലാക്കുകയാണെങ്കിൽ, ഇപ്പോഴത്തെ നിശ്ചയിച്ചിട്ടുള്ളതുപോലെയുള്ള ജില്ലാ കൗൺസിലിനോടനുബന്ധിച്ചുള്ള അധികാരങ്ങളുമൊക്കെ നടപ്പിലാക്കുകയാണെങ്കിൽ ഈ സംസ്ഥാനത്തിനു് താങ്ങാനാകാത്ത ചെലവുവരുമെന്നാണു് അദ്ദേഹത്തിനു പറയാനുള്ളതു്. എങ്ങനെയാണു് താങ്ങാനാകാത്ത ചെലവുവരുന്നതു എന്നു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വിശദീകരിച്ചുകണ്ടില്ല. അദ്ദേഹം പറയുന്നതു് രണ്ടു കൊല്ലത്തെ അനുഭവംവച്ചുനോക്കുകയാണെങ്കിൽ 2800 നിയമനങ്ങളും നടത്തേണ്ടതായി വന്നിട്ടുണ്ടെന്നാണു്. അങ്ങനെയാണെങ്കിൽ പഞ്ചായത്തുരാജും കൂടി വന്നാലുള്ള ഫലം എന്താണു് ? 2800 നിയമനങ്ങളും നമ്മുടെ സംസ്ഥാനത്തു് നടന്നിട്ടുണ്ടെന്നുള്ളതു് നമുക്കെല്ലാവർക്കുമറിയാം. മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ പിന്തുണക്കാർക്കും അവരുടെ ശിങ്കിടിക്കാർക്കുമായിട്ടുള്ള ആളുകൾക്കുമാണു ഈ നിയമനങ്ങളും നൽകിയിട്ടുള്ളതു്. അദ്ദേഹം പഞ്ചായത്തുരാജു് ബില്ലിൽ.....

ശ്രീ. എ. വി. കുഞ്ഞമ്പു: എല്ലാം സംസാരിക്കുന്ന അവസരത്തിൽ ഇക്കാര്യവും പറയണമല്ലോ. പോലീസു് വെരിഫിക്കേഷന്റെ ഫലമായി കമ്മ്യൂണിസ്റ്റുകാർ എന്നു തെളിഞ്ഞു എന്നതിന്റെ പേരിലൊക്കെ പുറംതള്ളപ്പെട്ടിട്ടുള്ളവരെയാണു് ഈ 2800 നിയമനങ്ങളിൽ എടുത്തിട്ടുള്ളതെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പക്കറിയാമോ?

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : അതു നിങ്ങളും വലിയ ആളുകളായതുകൊണ്ടു് പറയുന്നതല്ല; അടക്കി ഭരിക്കുന്നവരായതുകൊണ്ടു പറയുന്നതല്ല.

ഭരണച്ചെലവു വർദ്ധിക്കുമെന്നു പറയുന്നതു് അടിസ്ഥാനരഹിതമായ ആരോപണമാണു്. അതു നിലനിൽക്കത്തക്കതല്ല. നമുക്കറിയാം, ഉദ്യോഗസ്ഥന്മാരുടെ നിയമനക്കാര്യങ്ങളും എങ്ങനെ വേണമെന്നുള്ളതിനെക്കുറിച്ചു് ബില്ലിൽ വിശദമായ യാതൊരു വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടില്ല. സെലക്ടു് കമ്മിറ്റിയിൽ ഇതുസംബന്ധിച്ചു് ചർച്ച വന്നപ്പോഴും, ഉദ്യോഗസ്ഥന്മാരുടെ നിയമനക്കാര്യത്തെ സംബന്ധിച്ച വ്യവസ്ഥകളും ഉൾക്കൊള്ളിക്കണമെന്ന ആശയഗതി വന്നപ്പോഴും നൽകിയ നിർദ്ദേശം വച്ചുകൊണ്ടാണു് അതു് വിശദമായി പ്രതിപാദിക്കാതിരുന്നതു് എന്നു സെലക്ടു് കമ്മിറ്റിയംഗങ്ങൾക്കറിയാം. പുതിയ നിയമനങ്ങളല്ല ഉണ്ടാവുക. മൂന്നു തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാരെത്തന്നെ വ്യത്യസ്തമായ കേഡറുകൾ സൃഷ്ടിച്ചുകൊണ്ടു് അതാതു് സ്ഥലത്തെ ഉദ്യോഗസ്ഥന്മാരായി മാറ്റണമെന്നുള്ളതാണു് നിർദ്ദേശം. അതുകൊണ്ടു്, ചെലവു് വർദ്ധിക്കുമെന്നുള്ളതിനു് അടിസ്ഥാനമില്ല. ബിൽ പാസ്സായാലും ജില്ലാ കളക്ടർ നിലനിൽക്കും. ഒറിജിനൽ ബില്ലിൽ ജില്ലാ കളക്ടറെ ആണു് ജില്ലാ പരിഷത്തിന്റെ സെക്രട്ടറിയായി നിശ്ചയിച്ചിരുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

അതു് സെലക്ടു് കമ്മിറ്റി മാറ്റിക്കഴിഞ്ഞു. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം മാത്രമാണു് നടക്കുന്നതെന്നതിനാൽ ഇതിൽ വിശദമായ ചെയ്യുന്നതനുസരിച്ചുള്ള നിലയ്ക്കു് അധികച്ചെലവുകൾ ഉണ്ടാകുന്നില്ല.

ജില്ലാ കളക്ടർ എന്ന ഐ. എ. എസ്സു്. ഉദ്യോഗസ്ഥനെ വച്ചു് ഭരണം നടത്തുന്നതു് ബ്രഹ്മത്തായ ചുമതലകളോടുകൂടിയാണു്. ജില്ലാ ഭരണത്തിലുള്ള നിയമസമാധാനപാലനം, റവന്യൂഭരണം മുതലായ എല്ലാ ഭരണവിഭാഗങ്ങളുടെയും സംയോജകൻ എന്നുള്ള ചുമതല നടത്താനാണു് ഐ. എ. എസ്സു്. ഉദ്യോഗസ്ഥനെ നിയമിച്ചതു ഭരണം നടത്തുന്നതു്. നേരത്തെ അധികാര വികേന്ദ്രീകരണം നടത്തിയശേഷം കാര്യമായി അവശേഷിക്കുന്ന നിയമസമാധാനപാലനം മുതലായ ചില്ലറ കാര്യങ്ങളും, എണ്ണത്തിൽ വളരെ കുറവായ ചുമതലകളും, വഹിക്കാൻവേണ്ടി ഐ. എ. എസ്സു്. കേഡറിലുള്ള വലിയ ഉദ്യോഗസ്ഥനെ അദ്ദേഹത്തിന്റെ കീഴിൽ നൂറുകണക്കിനു് ഉദ്യോഗസ്ഥന്മാരേയും ജില്ലയിൽ നിലനിൽക്കേണ്ടിവരികയില്ലെന്നുള്ളതു് വ്യക്തമാണു്. അതു പ്രത്യേകം പറയേണ്ടിവരുന്നില്ല. നിയമസമാധാനം തുടങ്ങി ചില ചുമതലകളും വഹിക്കാൻവേണ്ട ഉദ്യോഗസ്ഥന്മാർ മാത്രമാണു ഉണ്ടാകുക. അതുകൊണ്ടു ആ സംശയത്തിനു അടിസ്ഥാനമില്ല എന്നാണു എനിക്കു പറയാനുള്ളതു്.

പഞ്ചായത്തു നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതിയെപ്പറ്റി ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. പല ഭേദഗതികളും നല്ല ഉദ്ദേശത്തോടുകൂടി വരുത്തിയിട്ടുള്ളതാണെങ്കിലും പലതും അപൂർണ്ണമാണെന്നുള്ളതു വളരെ വ്യക്തമാണു്. വില്ലേജിൽ രണ്ടു തലത്തിൽ ഭരണം നിലനിൽക്കുക എന്നുള്ളതു് ഒരു ദൃഷ്യമാണു്. അതേസമയം എല്ലാ വിഭാഗങ്ങളിലും പെട്ട മെമ്പർമാർ സ്വാഗതം ചെയ്യുന്ന ഒരു ഭേദഗതിയും വരുത്തിയിട്ടുണ്ടു്. പഞ്ചായത്തുതലത്തിൽ, പഞ്ചായത്തു പ്രസിഡണ്ടുമാർക്കു് എക്സിക്യൂട്ടീവു് അധികാരം നൽകിക്കൊണ്ടുള്ളതാണതു്. പഞ്ചായത്തുഭരണത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭേദഗതിയാണിതു്. നമുക്കറിയാം, ഇന്നു പഞ്ചായത്തു പ്രസിഡണ്ടുമാർക്കു് ഉള്ള അധികാരങ്ങളുടെ നില വളരെ അപഹാസ്യമാണു്. അധികാരങ്ങളും മുഴുവനും എക്സിക്യൂട്ടീവു് ആഫീസറിൽ മാത്രമാണു് നിക്ഷിപ്തമായിരിക്കുന്നതു്. മീറ്റിംഗു് വിളിച്ചുകൂട്ടുകയും അതിൽ അദ്ധ്യക്ഷത വഹിക്കുകയും എന്നുള്ളതു വിട്ടു് യാതൊരധികാരവുമില്ല. ഈ രീതി മാറ്റിയിട്ടു്, ഇപ്പോൾ ഗവണ്മെന്റിൽ മിനിസ്റ്റർക്കും ഗവണ്മെന്റു് കോൺട്രാക്ടുമുള്ള ബന്ധം പഞ്ചായത്തുതലത്തിലേക്കുകൂടി മാറ്റാനുള്ള ഭേദഗതിയാണിതു്. ആ നിലയ്ക്കു് വളരെ സ്വാഗതാർഹമായ ഒന്നാണു്. എങ്കിൽപ്പോലും, എക്സിക്യൂട്ടീവു് അധികാരമുള്ള ജനപ്രതിനിധിയാക്കി പ്രസിഡണ്ടിനെ മാറ്റിയശേഷവും, ഭേദഗതി ചെയ്യപ്പെട്ട പല വകുപ്പിലും ആകട്ടെ കാതലായ പല അധികാരങ്ങളും, സെക്രട്ടറി എന്ന പേരു മാറ്റപ്പെട്ട പഴയ എക്സിക്യൂട്ടീവു് ആഫീസർക്കു് നൽകിയിട്ടുള്ളതായി കാണാം. ഈ ദോഷം മാറ്റി, എക്സിക്യൂട്ടീവു് അധികാരങ്ങളും സാത്മകമാക്കിയാൽ ആ ഭേദഗതി സുവർണ്ണലിപികളിൽ എഴുതേണ്ട ഒന്നായിത്തീരും എന്നാണെന്റെ വിശ്വാസം. സർ, കൂടുതലായി ഒന്നും പറയാനില്ല. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണു്.

<u>ശ്രീ. കെ. എ. ശിവരാമഭാരതി</u> : സർ, ഈ ബിൽ എത്രയും എളുപ്പത്തിൽ പാസ്സാക്കി നടപ്പിൽ വരുത്തണമെന്നുള്ളതു് ബഹുലക്ഷങ്ങളുടെ ആവശ്യമാണെന്ന കാര്യം വളരെയധികമൊന്നും എടുത്തുപറയേണ്ടയാവശ്യമില്ല. ഇത്തരത്തിലുള്ള ഒരു ബില്ലുണ്ടാക്കുന്നതിനു തയ്യാറെടുത്ത ശ്രീ. അഹമ്മദു് കുരിക്കൾ ഇന്നു നമ്മുടെയിടയിൽ ഇല്ലാതെപോയതു് ഏറ്റവും ദുഃഖകരമാണു്. ഇത്തരത്തിലുള്ള ഒരു ഭരണസംവിധാനം നമ്മുടെയിടയിൽ ഉണ്ടാകണമെന്നു തീരുമാനിച്ചതു് കഴിഞ്ഞകാലങ്ങളിലുണ്ടായിട്ടുള്ള ഭരണത്തിന്റെ വൈകല്യങ്ങളെ ഓർത്തുകൊണ്ടാണെന്നുള്ളതു നമുക്കെല്ലാവർക്കുമറിയാം. ഭരണം ഇക്കഴിഞ്ഞ വളരെയേറെ കാലങ്ങളായി ഒരുപിടിയാളുകളുടെ കൈയിൽമാത്രം ഒതുങ്ങിനിന്നിരുന്ന ഒരു വ്യവസ്ഥിതിയാണു് ഇവിടെയുണ്ടായിരുന്നതു്. കേന്ദ്രീ

LIBRARY ARCHIVES Kerala Legislative Assembly

കരിച്ച രീതിയിലായാലും അല്ലാത്ത രീതിയിലായാലും ഭരണം ഒരുപിടി ആളുകളിൽ ഒതുങ്ങിനിൽക്കുക എന്നുള്ളതാണു് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ളതു്. ആ അടിസ്ഥാനത്തിൽ നോക്കുമ്പോഴും, ഇത്തരത്തിലുള്ള ഒരു വികേന്ദ്രീകരണം വരുമ്പോഴല്ലാതെ ഒരുപിടിയാളുകളിൽനിന്നു് ഭരിപക്ഷത്തിന്റെ കൈകളിലേക്കു കൈമാറുകയില്ല.

ഇവിടെ ഡിസ്ട്രിക്റ്റ് കൗൺസിൽ പ്രസിഡണ്ടിന്റെയും മറ്റും അധികാരങ്ങളുടെ കാര്യത്തെപ്പറ്റി സംസാരിച്ചുവന്നപ്പോഴും ചില മെമ്പറന്മാരിൽനിന്നു കേൾക്കാൻ കഴിഞ്ഞതു് അവക്കു ചില പ്രത്യേക ക്വാളിഫിക്കേഷനുകളും വേണമെന്ന കാര്യമാണു്. ഇതു് പഴയ ഒരു രീതിയിലേക്കു് സ്ഥിതിഗതികളെ വീണ്ടും കൊണ്ടുപോകുകയാണു് എന്നു തോന്നിപ്പോകുകയാണു്. അതേ അവസരത്തിൽ പല മെംബർമാരും അതിനോടു് എതിർപ്പുകളും പ്രകടിപ്പിക്കുകയുമുണ്ടായി. ഭരണത്തിൽ വേണ്ട മാറ്റം സംജാതമാകണമെങ്കിൽ സാധാരണ ജനങ്ങളിൽ അധികാരം കൊടുത്തുകൊണ്ടു് വികേന്ദ്രീകരിക്കുകയേ മാർഗ്ഗമുള്ളൂ. അങ്ങനെ വികേന്ദ്രീകരിക്കുന്ന അവസരത്തിൽ ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും കാര്യമായ ഊന്നൽ കൊടുത്തിരിക്കുകയാണു്. അതുസംബന്ധിച്ചു പറഞ്ഞാൽ, ഇത്ര വിപ്ലവാത്മകമായ ഒരു ബിൽ ഇതേവരെ ഈ നിയമസഭയിലോ മറേതെങ്കിലും നിയമസഭയിലോ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെന്നു പറയാൻ സാധിക്കുകയില്ല. വാസ്തവത്തിൽ, ഇത്രയധികം വിപ്ലവാത്മകമായ പരിപാടികളും ഉൾക്കൊള്ളുന്ന ഒരു ബിൽ ആദ്യമായി നമ്മുടെ നിയമസഭയ്ക്കാണു് പാസ്സാക്കിയെടുക്കാൻ കഴിയുന്നതു് എന്നുള്ളതു് വളരെ സന്തോഷകരമായ കാര്യമാണു്. ഈ ബില്ലിനെപ്പറ്റി നാം അഭിമാനിക്കേണ്ടതു് ആ വിധത്തിലാണു്. ഈ രാജ്യത്തെ ഭരണത്തിൽ ഈ ബിൽ കാര്യക്ഷമമായ വികേന്ദ്രീകരണം ഉണ്ടാകുകയാണു്. പഞ്ചായത്തുകൾക്കു് ഇന്നുള്ളതിൽ കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതിനുള്ള നടപടികളും ഉണ്ടാകുകയാണു്. എക്സിക്യൂട്ടീവു് ആഫീസർമാരുടെ അധികാരങ്ങളെക്കുറിച്ചു് ഞാൻ വിശദീകരിക്കേണ്ടയാവശ്യമില്ല ; എന്റെ ബഹുമാനപ്പെട്ട പല സ്നേഹിതന്മാരും അക്കാര്യം വളരെ വിശദമായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ചില അധികാരങ്ങളും കൈവശപ്പെടുത്തിയിട്ടുള്ളതു് എക്സിക്യൂട്ടീവു് ആഫീസർമാരാണു്. നാളെ ഈ അധികാരങ്ങളും തിരഞ്ഞെടുക്കപ്പെട്ട ആളുകളുടെ കൈകളിലേക്കു്, പഞ്ചായത്തു പ്രസിഡണ്ടുമാരുടെ കൈകളിലേക്കു്, വരികയാണു് അതു് ഒരു പെറിയ കാര്യമാണെന്നു് വിചാരിച്ചുകൂടാ. ജില്ലാതലത്തിലുള്ള അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ചിടത്തോളമാണെങ്കിൽ വാസ്തവത്തിൽ ജില്ലാ കളക്ടർ ജില്ലാ കൗൺസിലിന്റെ സെക്രട്ടറിയായിരിക്കണമെന്നതന്നെയാണു് വിവക്ഷിച്ചിരുന്നതു്. അതിൽ വളരെയേറെ ഉദ്ദേശവുമുണ്ടായിരുന്നു. ചർച്ചചെയ്തുവന്നപ്പോഴും ചില ബുദ്ധിമുട്ടുകളും കാണാൻ കഴിഞ്ഞു. കേന്ദ്ര ഗവണ്മെൻറിന്റെ ചില അധികാരങ്ങളും ജില്ലാ കളക്ടർതന്നെയാണു് നടപ്പിലാക്കാനിരിക്കുന്നതു്. അപ്പോഴും ആ ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളം, സെക്രട്ടറിയായിരിക്കുക എന്നുള്ളതു് ബുദ്ധിമുട്ടാണെന്ന കണ്ടതിന്റെ ഫലമായിട്ടാണു് ജോയിൻറു് സെക്രട്ടറിയുടെ പദവിയിലുള്ള ഒരാളെ മതി എന്നു് സെലക്റ്റുകമ്മിറ്റിക്കു സ്വീകരിക്കേണ്ടിവന്നതു് എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഏതായാലും ബില്ലിന്റെ അന്തഃശ്രുദ്ധി വിട്ടുപോകുന്നില്ല.

ബില്ലിന്റെ നാമധേയത്തെ സംബന്ധിച്ചിടത്തോളം എനിക്കു് വ്യക്തമായ എതിർപ്പുണ്ടു്. ജില്ലാപരിഷത്തു് എന്നതു് ഡിസ്ട്രിക്റ്റ് കൗൺസിലെന്നാക്കിയതിൽ മാത്രമല്ല, ബില്ലിന്റെ തന്നെ നാമധേയം മാറ്റിയതിലും വ്യക്തമായ എതിർപ്പുണ്ടു് എന്നു ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. എത്രയോ ആണ്ടുകളായി നിലനിൽക്കുന്ന ഭരണസംപ്രദായങ്ങളുടെ ഭാഗമായ അധികാരങ്ങളുടെ കാര്യത്തിൽ പണ്ടെങ്ങോ ഉള്ള ചില ആളുകളും സ്വീകരിച്ചിട്ടുള്ള ചിന്താഗതികളും തന്നെ നാം സ്വീകരിക്കണമെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷുകാർ ഭരിച്ചിരുന്ന കാലത്തു അവർ ഉപയോഗിച്ചിരുന്ന പേരുകൾതന്നെ നാം ഇനിയും ഉപയോഗിക്കുന്നതു് ഈ ബില്ലിന്റെ അന്തഃശുദ്ധിരായത്തന്നെ ചോദ്യം ചെയ്യുന്നതായി വരികയില്ലേ എന്നു ഞാൻ സംശയിക്കുകയാണു്. പേരിന്റെ കാര്യത്തിൽ സെലക്ട് കമ്മിറ്റിയുടെ ഭേദഗതി ഉണ്ടെങ്കിൽതന്നെ, ഇനിയുള്ള ചർച്ചാ സമയത്തു് ഗവണ്മെന്റു ഭാഗത്തുനിന്നു കാര്യമായി ചിന്തിച്ചിട്ടു് നേരത്തെ സ്വീകരിച്ചിരുന്ന പഞ്ചായത്തിരാജു് എന്ന പേരുതന്നെ സ്വീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണു്. അതുപോലെതന്നെ ജില്ലാ പരിഷത്തു് എന്നുള്ളതു ഡിസ്ട്രിക്ട് കൗൺസിൽ എന്നു മാറ്റിയതിന്റെയും ആവശ്യമുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. പേരുകൾ മാറ്റണമെന്നു നിർബ്ബന്ധംപിടിക്കേണ്ട കാര്യമില്ല. നമ്മുടെ ഏതെങ്കിലും ഭാഷയിലുള്ള പേരു സ്വീകരിക്കാം. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഭാഷ മലയാളമാണു്. അതേ അവസരത്തിൽ ഇൻഡ്യയൊട്ടുക്കുള്ള ഭാഷ ഹിന്ദിയാണു്. ആ ഭാഷകളിൽ ഏതെങ്കിലും ഒന്നു സ്വീകരിക്കുന്നതിൽ വിരോധമില്ല.

ചെയർമാൻ (ശ്രീ. ഇ. ചന്ദ്രശേഖരൻനായർ) : തട്ടേശ സ്വയംഭരണ ഗവണ്മെന്റു് എന്നാക്കിയാലോ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഏതായാലും ഇംഗ്ലീഷുഭാഷയിലുള്ള പേരുകൾ മാറ്റണമെന്നുള്ളതാണാവശ്യം. ഇന്നും ചിലരെ സംബന്ധിച്ചിടത്തോളം ഒരു ധാരണയുണ്ടു്, ഭരണപരമായ കാര്യങ്ങളും മറ്റും ഇംഗ്ലീഷിലായാലേ നന്നാവൂ, പേരുകളും മറ്റും ഇംഗ്ലീഷിൽതന്നെയായിരിക്കണം, ഇംഗ്ലീഷില്ലെങ്കിൽ ഒന്നും നടക്കുകയില്ല എന്നു്. ആ ചിന്താഗതിക്കു മാറ്റം വരണം. ഈ നിയമസഭയിലെ നിയമനിർമ്മാണ നടപടികൾതന്നെ പരിശോധിക്കാം. എത്ര നിയമങ്ങളാണു് ഇവിടെ മലയാളത്തിൽ അവതരിപ്പിച്ചിട്ടുള്ളതെന്നു ഞാൻ ചോദിക്കുകയാണു്. ഒരു ബില്ലു അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു ശരിയാണെങ്കിലും തുടർന്നു അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബില്ലുകൾ ഇംഗ്ലീഷിൽതന്നെ അവതരിപ്പിക്കുന്ന ഒരു സ്ഥിതിവിശേഷമാണു നിലനിൽക്കുന്നതു്. ഈമാതിരി കാര്യങ്ങൾ നിലനിൽക്കുന്നിടത്തോളം കാലം ഈ രാജ്യത്തെ ഭരണപരവും, നിർണ്ണായകവുമായ കാര്യങ്ങളും ഒരു പിടി ആളുകളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുംതന്നെ നടക്കണമെന്നു വന്നുകൂടുന്നതാണു്. അങ്ങനെ ഇംഗ്ലീഷിൽതന്നെ കാര്യങ്ങൾ നടത്താനുള്ള ഒരു പ്രവണതയാണു് ഇന്നു നിലനിൽക്കുന്നതു്. ബഹുമാനപ്പെട്ട എം. കെ. എ. ഹമീദു് ചൂണ്ടിക്കാണിക്കുകയുണ്ടായി, "എം. എൽ. എ. മാക്കു സഹായകമായ രീതിയിൽ നിയമസഭാസെക്രട്ടറിയേറ്റിൽനിന്നു് പഞ്ചായത്തുരാജു് ബില്ലിന്റെ ചർച്ചയ്ക്കു വെളിച്ചം നൽകുന്ന രീതിയിൽ ഒരു പശ്ചാത്തലം ഒരുക്കിത്തന്നതു അഭിനന്ദനാർഹമാണെങ്കിലും അതു മലയാളത്തിൽ ആയിരുന്നെങ്കിൽ കൂടുതൽ നന്നായിരുന്നേനേ എന്നു്". വളരെക്കാലമായി നമ്മിൽ വേരുന്നിയിരിക്കുന്ന ചിന്താഗതിയുടെ ഫലമായി ഇംഗ്ലീഷുഭാഷയെ ആശ്രയിക്കേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നതിനു ഒരു മാറ്റം വരാതെ നിവൃത്തിയില്ല.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ : 'ഡസ്ക്കു', ബുക്കു', ഷർട്ടു്' തുടങ്ങിയ ഇംഗ്ലീഷുവാക്കുകൾ മലയാളമായി നാം ഉപയോഗിക്കുന്നതുപോലെ 'കൗൺസിൽ' എന്ന വാക്കും സ്വീകരിക്കുന്നതിൽ എന്താണു തകരാറു്?

ശ്രീ. കെ. എ. ശിവരാമഭാരതി : 'ഡസ്ക്കും ബഞ്ചും' പോലെയുള്ള വാക്കുകളാണു് ഇതെന്നു ബഹുമാനപ്പെട്ട മെമ്പർ കണക്കാക്കുകയാണെങ്കിൽ വളരെയേറെ വ്യസനത്തോടുകൂടിയേ എനിക്കു ആ അഭിപ്രായം സ്വീകരിക്കാൻ നിവൃത്തിയുള്ളൂ. ഭാഷയെ സംബന്ധിച്ചിടത്തോളം, ഭരണപരമായി അടിസ്ഥാനപരമായ മാറ്റം വരുത്തുന്നതിനുപകരിക്കുമാറു് വളരെക്കാലമായി തുടർന്നുവരുന്ന സംപ്രദായത്തിനു

LIBRARY ARCHIVES Kerala Legislative Assembly

മാറ്റംവരുത്തണമെന്നാണു് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളതു്. എത്രയോ കാലം സംസ്കൃതം ഭരണഭാഷയായിരുന്നു. അതുപോലെതന്നെ മുഗൾചക്രവർത്തിമാരുടെ ഭരണകാലത്തു പേർഷ്യൻഭാഷയായിരുന്ന ഭരണഭാഷയായിരുന്നതു്. ഇംഗ്ലീഷുകാരുടെ ഭരണകാലത്തു ഇംഗ്ലീഷു ഭരണഭാഷയായി ഉപയോഗിച്ചിരുന്നെങ്കിലും ഇനിയും അതു തുടരുമെന്നുപറയുന്നതു ശരിയാണെന്ന അഭിപ്രായം എനിക്കില്ല. തീച്ചയായും ഈ സംപ്രദായം നിലനിൽക്കുന്നിടത്തോളംകാലം, സാമ്പത്തികമായും സാമൂഹികമായും വളരെയധികം അധഃപ്പതിച്ചിരിക്കുന്ന ഒരു ജനസമൂഹത്തിനു ഭരണാധികാരത്തിലോ അഭിവൃദ്ധികരങ്ങളായ മറ്റു മണ്ഡലങ്ങളിലോ കടന്നുചെല്ലാൻ സാധിക്കാതെ വരുമെന്നുള്ളതു ഒരു വസ്തുതയാണു്. ഭരണഭാഷ മലയാളമാക്കാതെ തീർച്ചയായും ഈ വിഭാഗങ്ങൾക്കു ഭരണമണ്ഡലത്തിൽ പങ്കുവഹിക്കുന്നതിനും, അവരുടെ അവശതകൾക്കു പരിഹാരം നേടുന്നതിനും സാധിക്കുകയില്ല അവക്കു ഈ രംഗത്തു കൂടുതൽ പങ്കെടുക്കാനുള്ള അവസരം നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടായിരിക്കേണ്ടതാവശ്യമാണു്.

അതുപോലെതന്നെ ജില്ലാപരിഷത്തിലേക്കുള്ള തിരഞ്ഞെടുപ്പിൽ പിന്നോക്കസമുദായങ്ങൾക്കു മതിയായ പ്രാതിനിധ്യം നൽകിയിട്ടില്ല. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പിന്നോക്കവിഭാഗങ്ങൾക്കും മതിയായ പ്രാതിനിധ്യം ലഭിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കേണ്ടതാണു്. ഈ രാജ്യത്തെ ഒരു വലിയവിഭാഗം ജനങ്ങൾ ഇന്നും അധഃപ്പതിച്ചുകിടക്കുകയാണു്. 80 ശതമാനം വരുന്ന ഒരു വിഭാഗം ആളുകൾ ഗ്രാമപ്രദേശങ്ങളിൽ സാമ്പത്തികമായും സാമൂഹികമായും ഏറ്റവും അധഃപ്പതിച്ച നിലയിൽ കഴിഞ്ഞുകൂടുന്നുണ്ടു്. അത്തരക്കാർക്കു ജീവിതാഭിവൃദ്ധിക്കുതകുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ അനുവദിക്കേണ്ടതാവശ്യമാണു്. അങ്ങനെയുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാതെ അവരെ ഉദ്ധരിക്കാൻ സാദ്ധ്യമല്ല. ഭരണരംഗത്തു അവർക്കു കൂടുതൽ പങ്കാളിത്തം ഉണ്ടാകാൻ തക്കവിധം 60 ശതമാനം പ്രാതിനിധ്യമെങ്കിലും അവർക്കു നൽകേണ്ടതാണു്. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും ന്യൂനപക്ഷ സമുദായങ്ങൾക്കും, പിന്നോക്കസമുദായങ്ങൾക്കും വേണ്ടത്ര പ്രാതിനിധ്യം നൽകുന്ന രീതിയിൽ വേണ്ട ഭേദഗതിയോടുകൂടി ഒരു സംവിധാനം ആവശ്യമാണെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. ഇ. അഹമ്മദു് : എത്ര ശതമാനം വേണമെന്നാണു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ?

ശ്രീ കെ. എ. ശിവരാമഭാരതി : 80 ശതമാനത്തോളംവരുന്ന ആ വിഭാഗത്തിനു് 60 ശതമാനം പ്രാതിനിധ്യം നൽകേണ്ടതാണു്.

ശ്രീ. ഇ. അഹമ്മദു് : 80 ശതമാനം എന്ന കണക്കു് ശരിയാണോ ?

ശ്രീ. കെ. എ. ശിവരാമഭാരതി : ഗവണ്മെൻറിന്റെ ആധികാരികമായ കണക്കാണു് ഞാൻ പറയുന്നതു്.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി : 80 ശതമാനമുണ്ടെങ്കിൽ 80 ശതമാനം പ്രാതിനിധ്യം ആവശ്യപ്പെടരുതോ ?

ശ്രീ. കെ. എ ശിവരാമഭാരതി: ശരിയായ പ്രാതിനിധ്യം കിട്ടുന്നില്ലെങ്കിൽ അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ സാധിച്ചെന്നുവരികയില്ല. മറ്റുള്ളവരുടെ കൂട്ടത്തിൽ ഒന്നോ രണ്ടോ പ്രതിനിധികൾ മാത്രമായാൽ സ്വന്തം സമൂഹത്തിന്റെ താൽപര്യങ്ങൾ നേടിയെടുക്കാൻ സാധിക്കാതെ എല്ലാം മറ്റുള്ളവർക്കു അടിയറവയ്ക്കേണ്ടതായിവരും. പത്തു മെമ്പറന്മാർ ഉള്ള ഒരു സമിതിയിൽ ഒരു ഹരിജൻ മെമ്പർ പോയാൽ, മറ്റു ഒൻപതുപേരുടെ ഇഷ്ടാനുസരണം തന്റെ വർഗ്ഗത്തിന്റെ താൽപര്യങ്ങൾ നിർവ്വഹിക്കപ്പെടാതെ ഒറ്റപ്പെട്ടുകഴിയാനെ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ഭൂരിപക്ഷതാൽപര്യങ്ങൾക്കു് അടിയറവയ്ക്കാൻ ഇടയാകാതെ ശരിയായ പ്രാതിനിധ്യം അവക്കു നൽകേണ്ടതാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : 12 മന്ത്രിമാരുടെ കൂട്ടത്തിൽ ഒരു ഹരിജൻ മന്ത്രിയേ ഉള്ളൂ എന്ന കാരണത്താൽ അവരുടെ കാര്യമൊന്നും നടക്കാതിരിക്കുകയാണോ?

ശ്രീ. കെ. എ. ശിവരാമഭാരതി : ആ കാര്യമല്ല ഞാൻ പറഞ്ഞതു്. പൊതുവെ ഈ അടിസ്ഥാനത്തിൽ ചിന്തിച്ചു വേണ്ട നടപടികളും സ്വീകരിക്കണമെന്നാണു് എനിക്കു അഭ്യർത്ഥിക്കാനുള്ളതു്.

പഞ്ചായത്തുരാജു് ബില്ലു് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ പുരോഗമനാത്മകമായ ഒന്നാണെന്നാണു് എന്റെ വിശ്വാസം. പഞ്ചായത്തിനും ജില്ലയ്ക്കും ഇടയ്ക്കു ഒരു ഭരണതലം കേരളത്തെ സംബന്ധിച്ചിടത്തോളം ആവശ്യമില്ലെന്ന അഭിപ്രായത്തിലാണു് നാം എത്തിച്ചേർന്നിട്ടുള്ളതു്. ശ്രീ. എൻ. ഐ. ദേവസ്സി കുട്ടി പറഞ്ഞതുപോലെ മറ്റു സംസ്ഥാനങ്ങളും കേരളവും ഗ്രാമങ്ങളുടെ സ്വഭാവത്തിൽ വളരെ വ്യത്യസ്തമായിട്ടുള്ളതാണു്. വിസ്തൃതിയിലായാലും ജനസംഖ്യയിലായാലും കേരളത്തിനു് രണ്ടു ഭരണ മണ്ഡലമേ ആവശ്യമുള്ളൂ എന്ന തീരുമാനമാണെടുത്തിട്ടുള്ളതു്. മറ്റു സംസ്ഥാനങ്ങളിൽ ഇരുന്നൂറോ മുന്നൂറോ വീടുകളും ഉള്ള ഒരു ഗ്രാമത്തിനു് ഒരു പഞ്ചായത്തു്, അവിടെ രണ്ടായിരം ആളുകളും ഉണ്ടായിരിക്കും. കേരളത്തിലാണെങ്കിൽ ജനസാന്ദ്രത വളരെ കൂടുതലാണു്. ആ സ്ഥിതിക്കു് പഞ്ചായത്തു കഴിഞ്ഞു് ജില്ലയ്ക്കു ഇടക്കു ഒരു തട്ടിന്റെ ആവശ്യമില്ല. ജില്ലാതലത്തിൽ ആവശ്യമുള്ള അധികാരങ്ങളും പകർന്നുകൊടുക്കുന്നതിലേക്കു പഞ്ചായത്തും ജില്ലാകൌൺസിലും കൂടാതെ ഇടയ്ക്കു ഒരു തട്ടിന്റെ ആവശ്യംതന്നെ കേരളത്തിൽ ഉണ്ടാകുന്നില്ല. മറ്റു സംസ്ഥാനങ്ങളിൽ മൂന്നു തട്ടുകളും ഇല്ലെങ്കിൽ ഒരു വിടവു അനുഭവപ്പെടും. വളരെ വിസ്തൃതിയുള്ള ഗ്രാമപ്രദേശങ്ങളും കാണും, ഏറ്റവും കുറഞ്ഞ വിസ്തൃതിയും ജനസംഖ്യയുമുള്ള ജില്ലയും കാണും. ആ നിലയ്ക്കു ഇടയ്ക്കു ഒരു ഭരണസംവിധാനം ആവശ്യമാണു്. നമ്മെ സംബന്ധിച്ചിടത്തോളം അതിന്റെ ആവശ്യമില്ല. അങ്ങനെ നോക്കുമ്പോൾ ഏറ്റവും സ്വാഗതാർഹമായ രീതിയിലാണു് നാം ഇങ്ങനെയൊരു ബില്ലിനു രൂപം നൽകിയിട്ടുള്ളതെന്നു കാണാൻ കഴിയും.

സ്റ്റാൻഡിംഗു് കമ്മിറ്റിയെയും മറ്റു കമ്മിറ്റികളെയും സംബന്ധിച്ചിടത്തോളം എടുത്തിട്ടുള്ള തീരുമാനങ്ങൾക്കു് മാറ്റം വരുത്തണമെന്ന അഭിപ്രായം എനിക്കില്ല. ആ കമ്മിറ്റികൾക്കു നൽകിയിട്ടുള്ള അധികാരങ്ങളും ആവശ്യമായ രീതിയിൽ നൽകിയിട്ടുണ്ടു്. ഈ ബില്ലിലെ സംവിധാനത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ നിലയിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്നു് എനിക്കഭിപ്രായമില്ല.

പഞ്ചായത്തുകളുടെ സാമ്പത്തിക ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഉപാധികളും, പഞ്ചായത്തുകൾക്കു കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗങ്ങളും ആവശ്യമായിരിക്കുകയാണു്. ഇന്നാണെങ്കിൽ ഏതു കാര്യത്തിനും ഗവണ്മെന്റിനെ ആശ്രയിക്കാതെ നിവൃത്തിയില്ല. ശരിയായ സാമ്പത്തികശേഷിയില്ലെങ്കിൽ ഒരു യഥാർത്ഥ പഞ്ചായത്തു രാജു് ഉണ്ടാകുകയില്ല.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ, മറ്റു സംസ്ഥാനത്തുള്ളവർ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ വ്യത്യസ്തമായ ഒരുസ്ഥിതിവിശേഷം ഉള്ളതു് നിയമസമാധാനത്തെ സംബന്ധിച്ച കാര്യമാണു്. നാം സ്വീകരിച്ചിട്ടുള്ള രീതി സംസ്ഥാനത്തു മറ്റൊരു സംസ്ഥാനം ഉണ്ടാക്കാൻ ഇടയാക്കുകയില്ലേ എന്ന സംശയമാണു് മഹാരാഷ്ട്രയിലും മറ്റും ചെന്നപ്പോൾ പ്രകടിപ്പിക്കപ്പെട്ട കണ്ടതു്. അതല്ല നമ്മുടെ ഉദ്ദേശം. ഈ സംസ്ഥാനത്തു് മറ്റൊരു സ്വയംഭരണഘടകം എന്ന നിലയിൽ ഒരു ഭരണസംവിധാനം ഉണ്ടാകണമെന്നതാണു് ഇത്രകാലം നാം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇങ്ങനെയൊരു നിയമനിർമ്മാണത്തിനുവേണ്ടി മുൻകൈയെടുത്ത ശ്രീ. അഹമ്മദ് കുരിക്കൾ ഈ ബിൽ പാസ്സാക്കി എടുക്കുന്ന അവസരത്തിൽ അദ്ദേഹം ഇല്ലാതെപോയല്ലൊ എന്ന അത്യഗാധമായ ഖേദമാണെനിക്കുള്ളത്. അദ്ദേഹത്തന്റെ അസാന്നിദ്ധ്യത്തിലാണെങ്കിലും അദ്ദേഹത്തിന്റെ അഭിലാഷത്തിനും സ്വപ്നത്തിനും അനുസരണമായി വള്ളിപുള്ളി വിസ്മൃത്തിനു വ്യത്യാസം വരാത്ത നിലയിൽ ഇതു പാസ്സാക്കിയെടുക്കുന്നതിനു ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും പിൻതുണ ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. ജെ. എ. ചാക്കോ : സർ, വളരെ വിപ്ലവകരമായ മാറ്റങ്ങളും വരുത്താൻ പര്യാപ്തമായ ഒരു ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ച എല്ലാ വിഭാഗത്തുമുള്ള വളരെ അധികം അംഗങ്ങളും ഉള്ള സെലക്ട് കമ്മിറ്റി അവഗാഢമായിപഠിച്ചു എന്നവകാശപ്പെടുന്നില്ല, എങ്കിലും അതിനുവേണ്ടി വളരെ പരിശ്രമിക്കുകയും അങ്ങേയറ്റം നീതി പുലർത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടു ഏതാണ്ടു ഒരു വർഷം തികയുവാൻ പോകുകയാണു്. ഇതു വളരെ നേരത്തെതന്നെ നിയമമായി മാറുമെന്നും നമ്മുടെ ഗ്രാമങ്ങളും ജില്ലാതലങ്ങളുമൊക്കെ ഈ നിയമപ്രകാരം ഭരണത്തിൽ വികേന്ദ്രീകരണം വരുത്തുമെന്നും എല്ലാ ആളുകളും വളരെ പ്രതീക്ഷയോടുകൂടി കഴിയുകയായിരുന്നു. ആ സന്ദർഭത്തിലാണു് നിർഭാഗ്യവശാൽ ഈ ബില്ലിന്റെ ഉപജ്ഞാതാവായ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അഹമ്മദ് കുരിക്കളെ നിര്യാതനാകുകയും ഈ വകുപ്പിന്റെ ചുമതലയെടുക്കുന്നതിനു മറ്റൊരു മന്ത്രി വരുന്നതുവരെയുള്ള കാലതാമസം നേരിടുകയും ചെയ്തതു്. അതിനു ശേഷവും അവിചാരിതമായ കാലതാമസം ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വന്നിട്ടുണ്ടെന്നുള്ളതു തീർച്ചയായിട്ടും ചൂണ്ടിക്കാണിക്കേണ്ട ഒരു വസ്തുതയാണു്. അധികാര വികേന്ദ്രീകരണം ഉണ്ടാക്കണമെന്ന വളരെക്കാലമായി എല്ലാ പക്ഷത്തുനിന്നുമുള്ള ആൾക്കാർ മുറവിളി ഇട്ടുവരികയാണു്. തീർച്ചയായിട്ടും അതിനു സഹായകരമായ ഒരു ബില്ലാണു് ഇന്നു നമ്മുടെ മുമ്പാകെ ചർച്ചക്കു ഇരിക്കുന്നതു്. ഈ ബിൽ വള്ളി പുള്ളി വിസ്മൃം വിടാതെ പാസ്സാക്കണമെന്ന ആക്രാ അഭിപ്രായം ഉണ്ടെന്നോ ഞാൻ കരുതുന്നില്ല. ഇതു മുഴുവനും പരിപൂർണ്ണമാണെന്നു പറയുവാനും ഞാൻ മുതിരുന്നില്ല. ഭേദഗതി ആവശ്യമുള്ളിടത്തു ഭേദഗതി വരുത്തുകയും ഏറ്റവും നല്ല ഒരു നിയമമാക്കി മാറ്റുകയും ചെയ്യേണ്ടതു തീർച്ചയായിട്ടും ആവശ്യമാണു്. പല സ്നേഹിതന്മാരും പല കാര്യങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഹമീദ് തെരഞ്ഞെടുപ്പിനെ സംബന്ധിച്ച ചില മാറ്റങ്ങളും ആവശ്യമാണെന്നു നിർദ്ദേശിക്കുകയുണ്ടായി. പ്രൊപ്പോർഷണൽ റെപ്രസെന്റേഷൻ അനുസരിച്ചുള്ള തെരഞ്ഞെടുപ്പു നടത്തുന്നതു ഉചിതമല്ലേ എന്നു അദ്ദേഹം ചോദിക്കുകയുണ്ടായി. ആ നിർദ്ദേശം അഖിലേന്ത്യാ തലത്തിൽ ഒരു പോളിസി എന്നുള്ള നിലയിൽ ജില്ലാതലത്തിൽ മാത്രമല്ല, സംസ്ഥാന ലവലിലും പാർലമെന്റു ലവലിലും പ്രൊപ്പോർഷണൽ റെപ്രസെന്റേഷൻ അനുസരിച്ചുള്ള തെരഞ്ഞെടുപ്പു നടത്തുന്നതു സ്വാഗതാർഹമായ ഒരു നിർദ്ദേശമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ഈ പഞ്ചായത്തു രാജിനെ സംബന്ധിച്ചു ചർച്ചചെയ്യുമ്പോഴും തീർച്ചയായിട്ടും നിയമസഭയ്ക്കു ഏതു രീതിയിലുള്ള തെരഞ്ഞെടുപ്പു സംവിധാനം ചെയ്തിട്ടുണ്ടോ അതേ രീതിയിലുള്ള തെരഞ്ഞെടുപ്പുസമ്പ്രദായം സംവിധാനംചെയ്തുകൊണ്ടുള്ള തെരഞ്ഞെടുപ്പു നടത്തുവാനേ പാടുള്ളൂ എന്ന കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. അപ്പോഴും ഇന്നു ഈ ബില്ലിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള തെരഞ്ഞെടുപ്പു സമ്പ്രദായത്തിൽകൂടിയുള്ള ഒരു ഭരണക്രമം ഉണ്ടാക്കാനല്ലാതെ ഇന്നത്തെ പാർലമെന്ററി സമ്പ്രദായവും ഡെമോക്രസിയും അനുസരിച്ചു നിവൃത്തിയില്ല എന്നുള്ള കാര്യം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണു്. അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റൊരു വസ്തുത ജില്ലാ കൗൺസിൽ സെക്രട്ടറിയുടെ പദവി കളക്ടർമാരുടേതായിരുന്നാൽ മതിയെന്നുള്ളതാണു്. ജോയിന്റു സെക്രട്ടറിയുടേതായിരിക്കണമെന്നില്ല എന്നാണു് അദ്ദേഹത്തിന്റെ അഭി

LIBRARY ARCHIVES Kerala Legislative Assembly

പ്രായം. ഈ കാര്യങ്ങളെ സംബന്ധിച്ച് സെലക്ററു കമ്മിറ്റി വളരെ ഗാഢമായി ചിന്തിക്കുകയും ജോയിൻറു സെക്രട്ടറിയുടെ പദവിയിലുള്ള ആളാണ് നല്ലതെന്നു അവസാനമായി തീരുമാനിക്കുകയുമാണുണ്ടായത്. മറ്റു കാതലായിട്ടുള്ള ചില നിർദ്ദേശങ്ങളും മുമ്പോട്ടു വച്ചിട്ടുള്ളതു അഡ്മിനിസ്ട്രേറീവ് പവ്വേഴ്സ്, വിവിധ ഡിപ്പാർട്ടുമെൻറുകളുടെ ചുമതല ജില്ലാതലത്തിൽ പകർന്നുകൊടുക്കുമ്പോൾ ആ കാര്യങ്ങൾ ചെയ്യുന്നതിനുള്ള മെഷിനറി സംസ്ഥാന ലവലിൽ ഉണ്ടായിരിക്കുകയും ജില്ലാ കൗൺസിലിനു അവരുടെമേലുള്ള അധികാരം ഇല്ലാതിരിക്കുകയും ചെയ്യുന്ന പരിതസ്ഥിതി ഉണ്ടാകുകയും കാര്യങ്ങൾ മുമ്പോട്ടു നടത്തിക്കൊണ്ടുവരുന്നതിനു ജില്ലാ കൗൺസിലിനു ബുദ്ധിമുട്ടുണ്ടാകുകയും ചെയ്യും എന്നുള്ള സന്ദേഹം പല മെമ്പറന്മാരും ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയുണ്ടാകുമെന്നു എനിക്കു വിചാരമില്ല കാരണം ഈ ബില്ലിൽ വിവരിച്ചിട്ടുള്ള മാതിരിയുള്ള വികേന്ദ്രീകരണംതന്നെ ഏതെല്ലാം വകുപ്പുകളിൽ ഉപയോഗിക്കുവാൻ കഴിയും? തീർച്ചയായിട്ടും ന്യായമായിട്ടും ചില കാര്യങ്ങൾ ഗവണ്മെൻറുമായി ബന്ധപ്പെട്ടു നടത്തേണ്ടിവരും. ചില കാര്യങ്ങളിൽ സംസ്ഥാന ഗവണ്മെൻറിനു ചില മേൽനോട്ടങ്ങളും അതിലേക്ക് ചില ഉത്തരവുകളും പാസ്സാക്കേണ്ടിവരുമെന്നുള്ള കാര്യം ഞാൻ മറച്ചുവയ്ക്കുന്നില്ല. ഏതൊക്കെയാണെന്നു അതിൻെറ വിശദാംശങ്ങളിലേക്കു പോകേണ്ട കാര്യങ്ങളാണ്. ഇങ്ങനെയുള്ള ഒരു ബില്ലിൽ ആ വക കാര്യങ്ങൾ സവിസ്തരമായി പ്രതിപാദിക്കേണ്ട കാര്യമുണ്ടെന്നു ഞാൻ കരുതുന്നില്ല. ഇതുപോലെയുള്ള ഒരു നിയമനിർമ്മാണത്തിൽ തീർച്ചയായിട്ടും ഇങ്ങനെയുള്ള സ്തൂലമായിട്ടുള്ള കാര്യങ്ങൾ മാത്രം പ്രതിപാദിച്ചാൽ മതി. ബാക്കിയുള്ള കാര്യങ്ങൾ റൂൾസ് കൊണ്ടുവരുമ്പോൾ ആലോചിച്ചാൽ മതിയെന്നാണ് എൻെറ വിനീതമായ അഭിപ്രായം.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ജനറലായിട്ട ഇത്തരം ഒരു വകുപ്പു ഈ ബില്ലിൽ ഉൾക്കൊള്ളിക്കാതെ റൂൾസിൽ വ്യവസ്ഥ ചെയ്താലും അതിനു നിയമപ്രാബല്യം ഉണ്ടാകുമോ ?

ശ്രീ. ജെ. എ. ചാക്കോ : ഒരു പ്രത്യേക വകുപ്പു ഒരു മന്ത്രിക്കു കൊടുത്തുകഴിഞ്ഞാൽ അതിൻെറ പ്രവർത്തനം ആ ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനം അതിലെ ഉദ്യോഗസ്ഥന്മാരാണു ചെയ്യുന്നതെങ്കിലും അതിനുള്ള അധികാരങ്ങളും അവകാശങ്ങളും മന്ത്രിക്കുണ്ടെന്നു പ്രത്യേകമായിട്ട എടുത്തു പറഞ്ഞില്ലെങ്കിൽതന്നെയും ആ വകുപ്പിൻെറ അധികാരങ്ങൾ മന്ത്രിയിൽ നിക്ഷിപ്തമായിരിക്കുന്നതുപോലെതന്നെ ഓരോ വകുപ്പിൻെറയും ചുമതല ജില്ലാ കൗൺസിലിൽ നിക്ഷിപ്തമായിരിയ്ക്കും. സംസ്ഥാന ഗവണ്മെൻറിനു ഓർഡർമൂലം ട്രാൻസ്ഫർ ചെയ്യാനോ അല്ലെങ്കിൽ മറ്റു കാര്യങ്ങൾ നടത്താനോ അവകാശമുണ്ടായിരിക്കുന്നതുപോലെ ജില്ലാ കൗൺസിലുകൾക്കും ഓഡറു മൂലം ട്രാൻസ്ഫർ ചെയ്യാനും അതുപോലെയുള്ള കാര്യങ്ങൾക്കും അധികാരം ഉണ്ടായിരിക്കും എന്നാണു ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ : ഒരു മന്ത്രിയെ സംബന്ധിച്ചിടത്തോളം ആ മന്ത്രിയുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്മാർ സ്റ്റേറു ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരാണു്. നേരേമറിച്ചു് ജില്ലാ കൗൺസിലിലെ ഉദ്യോഗസ്ഥന്മാർ അല്ലാതിരിക്കുന്ന കാലത്തോളം ജില്ലാ കൗൺസിലിനു ആ ഉദ്യോഗസ്ഥന്മാരുടേ മേൽ നിയന്ത്രണം ഉണ്ടാകണമെങ്കിൽ ബില്ലിൽ അങ്ങനെയൊരു വകുപ്പുകൂടി വ്യക്തമായിട്ട ചൂണ്ടിക്കാണിക്കേണ്ടതല്ലേ ?

ശ്രീ. ജെ. എ. ചാക്കോ : സംസ്ഥാന ഗവണ്മെൻറിനു ചില അധികാരങ്ങൾ നിക്ഷിപ്തമായിട്ടുള്ളതുപോലെ ജില്ലാ കൗൺസിലിനും ചില അധികാരങ്ങൾ നിക്ഷിപ്തമായിട്ടുണ്ടു്. ഈ നിയമം നടപ്പിലായതിനുശേഷം ഓരോ ജില്ലയിലും ജില്ലാ കൗൺസിലിലും ആവശ്യമായ ഉദ്യോഗസ്ഥന്മാരെ ഗവണ്മെൻറു അലോട്ടുചെയ്തുകൊടുക്കുന്നതായിരിക്കും. അതുകൂടാതെ ജില്ലാ കൗൺസിലിൻെറ കീഴിൽ ഇത്ര ഉദ്യോ

LIBRARY ARCHIVES Kerala Legislative Assembly

ഗസ്ഥന്മാർ ഉണ്ടായിരിക്കും, പഞ്ചായത്തിന്റെ കീഴിൽ ഇത്ര ഉദ്യോഗസ്ഥന്മാർ ഉണ്ടാ യിരിക്കുമെന്നു പറഞ്ഞിട്ടു കാര്യമില്ല. അഖിലേന്ത്യാ തലത്തിലുള്ള പാറേറൺ അനുസ രിച്ചുള്ള ഒരു ബില്ലല്ല ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു ശ്രീ. പി.സി.രാഘവൻ നായർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. അഖിലേന്ത്യാ പാറേറൺ അനുസരിച്ചുള്ള ഒരു ബില്ലല്ല തീർച്ചയായിട്ടും സെലക്ററു കമ്മിറ്റിയുടെ വിഭാവനയിൽ ഇരുന്നതു്. അഖിലേന്ത്യാ പാറേറൺ എന്ന രീതിയിലുള്ള ഒരു ബില്ലാ യിട്ടു സെലക്ടുകമ്മിറ്റി സങ്കല്പിച്ച ഒരു സംസ്ഥാനത്തും കാണാൻ ഇടയായിരുന്നില്ല. അപ്പോഴാ അഖിലേന്ത്യാ പാറേറൺ എന്നതിനേക്കാളും ഉപരിയായി അധികാരം ജന ങ്ങളിലേക്കു വികേന്ദ്രീകരിക്കുകയും ഭരണതലത്തിൽ തടസ്സം ഉണ്ടാകാതെ ജനങ്ങളുടെ കാര്യം വളരെ എളുപ്പത്തിൽ, ബുദ്ധിമുട്ടുകൂടാതെ ഇന്നു നാം അനുഭവിക്കുന്ന റെഡ് ടേപ്പിസം മാതിരിയുള്ള തടസ്സങ്ങളും ഇല്ലാതെ ഏറ്റവും എളുപ്പത്തിൽ കാര്യങ്ങളും നടത്താനുള്ള സംവിധാനം ഉണ്ടാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണു് ഈ ബിൽ ഇന്നു നിയമസഭയിൽ സെലക്ററു കമ്മിറ്റി റിപ്പോർട്ടു ചെയ്തു അവ. തരിപ്പിച്ചിരിക്കുന്നതു്. രണ്ടു തരത്തിലുള്ള പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ചുകൊ ണ്ടാണു് സെലക്ററുകമ്മിറ്റിയുടെ മുമ്പാകെ ചിന്തകൾ വന്നിരുന്നതു്. ബ്ലോക്കു ലവ ലിൽ അല്ലെങ്കിൽ താലൂക്കു ലവലിൽ അഡൈ്വസറികമ്മിറ്റി രൂപീകരിക്കുക. അതിനു സെലക്ടുകമ്മിറ്റിയെ പ്രേരിപ്പിച്ച വസ്തുത രണ്ടോ മൂന്നോ പഞ്ചായത്തുകളെ പൊതുവായി ഘടിപ്പിക്കുന്ന റോഡുകളും കാണും. ഇതിന്റെ പണിയെ സംബ ന്ധിച്ച കാര്യങ്ങളും അല്ലെങ്കിൽ രണ്ടുമൂന്നു പഞ്ചായത്തു ഏരിയായിൽ വരുന്ന ഇറിഗേ ഷൻ പ്രവർത്തനങ്ങളും ഇവതന്നെ ഘടിപ്പിക്കുന്നതിനു ബാധകമായ പൊതുവായ ഒരു ഘടന എന്ന രീതിയിലാണു് ഈ സമിതി രൂപീകരിച്ചിട്ടുള്ളതു്. അല്ലാതെ നികുതി പിരിക്കുന്നതിനോ നികുതി ചുമത്തുന്നതിനോ അധികാരപ്പെടുത്തിയിട്ടില്ല. യഥാർത്ഥ ത്തിൽ ഈ ബില്ലിൽ ടുടയർ സിസ്റ്റമാണു് കാണിച്ചിട്ടുള്ളതെന്നു വ്യക്തമായിട്ടു മനസ്സിലാക്കുവാൻ കഴിയും ഇങ്ങനെയുള്ള പ്രവർത്തനംകൊണ്ടു് ഒരു താലൂ ക്കിൽനിന്നോ കളക്ടറേറിൽനിന്നോ സാധിക്കേണ്ട പല കാര്യങ്ങളും പഞ്ചായത്തി നെകൊണ്ടു സാധിപ്പാനുള്ളതു തീർച്ചയായിട്ടും അഭിലഷണീയമായ കാര്യമാണു്. എന്റെ സ്നേഹിതൻ ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ചപോലെ യഥാർത്ഥത്തിൽ പഞ്ചായത്തിനു ശരിയായ അധികാര വികേന്ദ്രീകരണം ഈ ബിൽകൊണ്ടു് ഉണ്ടാ കുമോ എന്നുള്ള സംശയം ഉണ്ടു്. അതിനെപ്പറ്റി കുറെക്കൂടി ഗാഢമായി സഭ ആലോ ചിക്കുകയും അതിനു സഹായകരമായ ഭേദഗതികളും അംഗീകരിക്കുകയും ചെയ്യുകിൽ മാത്രമേ നാം പ്രതീക്ഷിക്കുന്ന തരത്തിലുള്ള വികേന്ദ്രീകരണവും അധികാരവും പഞ്ചായത്തിൽ നിക്ഷിപ്തമാകുകയുള്ളൂ. അതുകൊണ്ടു് തീർച്ച യായിട്ടും ഏതു തരത്തിലുള്ള വികേന്ദ്രീകരണവും ഏതു തരത്തിലുള്ള ഭരണവുമാണോ നാം ആഗ്രഹിച്ചതു്, ആ സങ്കൽപ്പം പൂർത്തീകരിക്കുന്നതിനും, വളരെ നല്ല നിലയി ലുള്ള ഒരു ഭരണക്രമം ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്കു മാതൃക എന്നുള്ള നില യിൽ സംഭാവന ചെയ്യുന്നതിനും ഉതകുന്ന നിലയിൽ ഈ നിയമം നാം പാസാക്കി യെടുക്കണം.

Mr. Chairman : Mr. Chacko, you can continue your speech tomorrow. We will now adjourn and meet again tomorrow at 8 a. m.

The Assembly ajdourned at 1 p.m. to meet again at 8 a.m. on Thursday, the 7th August 1969.

LIBRARY ARCHIVES Kerala Legislative Assembly